
# എ. തങ്ങൾകുഞ്ഞ് മുസലിയാർ



19459

പ്രൊഫ. പി. മീരാക്കുട്ടി

എ. തങ്ങൾകുഞ്ഞുമുസലിയാർ

19459

# പ്രൊഫ. പി. മീരാക്കുട്ടി

എറണാകുളം ജില്ലയിലെ കോതമംഗലത്തിനടുത്തുള്ള തങ്കളത്തു 1930 ഫെബ്രുവരി 28 ന് ജനിച്ചു. പിതാവ് : മമ്മി, മാതാവ് : കയ്യാമ്മ.

മാതിരപ്പള്ളി ഗവ. പ്രൈമറി, തൃക്കാരിയൂർ എൻ.എസ്.എസ്. മിഡിൽ, മൂവാറ്റുപുഴ എൻ.എസ്.എസ്. മലയാളം ഹൈ, കോതമംഗലം മാർബേസിൽ ഇംഗ്ലീഷ് ഹൈ എന്നീ സ്ക്കൂളുകളിൽ പഠിച്ചു. 1951 –ൽ മാർബേസിലിൽനിന്ന് ഒന്നാം ക്ലാസ്സോടെ ഇ.എസ്.എൽ.സി. ജയിച്ച ഏകവിദ്യാർത്ഥി. സാഹിത്യവിശാരദ്, ബി.എ., എം.എ., രാഷ്ട്രഭാഷാ വിശാരദ് എന്നീ പരീക്ഷകൾ പാസ്സായി. തലശ്ശേരി ഗവ. ട്രെയിനിംഗ് കോളേജിൽനിന്ന് ബി.എഡ് ബിരുദം നേടി.

പെരുമ്പാവൂർ ആശ്രമം ഹൈസ്ക്കൂളിൽ 1951 –ൽ സീനിയർ മലയാളം അദ്ധ്യാപകനായി. കോതമംഗലം മാർബേസിൽ, കുറുപ്പംപടി എം.ജി.എം. എന്നീ ഹൈസ്ക്കൂളുകളിലും, കൊല്ലം ടി.കെ.എം. ആർട്ട്സ് കോളേജിലും അദ്ധ്യാപക വൃത്തി അനുഷ്ഠിച്ച് 60–ാം വയസ്സിൽ 1990–ൽ വിരമിച്ചു. കാലടി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ മലയാള വിഭാഗത്തിൽ ജോലി ചെയ്തു.

വള്ളത്തോൾ ദിനം, ആശാൻ ജന്മശദാബ്ദി, എസ്.ബി.ഐ–ഉപന്യാസ പുരസ്ക്കാരങ്ങൾ ലഭിച്ചു.

ഭാര്യ: കെ. സുലൈഖാബീവി (റിട്ട. ഹെഡ്മിസ്ട്രസ്) മക്കൾ ഡോക്ടർമാരായ കെ. ഷൈനി, എഫ്. റെജൂല, എ. ലജ്നി, എം. റെഷറെജ് (കസ്റ്റംസ്). ജാമാതാക്കൾ : ഡോക്ടർമാരായ പി.കെ. അലി, എ.റബി, ഷെഫീക് റിയാസ്, ജാഹ : സി.യു. മുംതാസ്.

*വിലാസം*

മരോട്ടിക്കൽ വീട്
തൃക്കാക്കര വടക്ക്
കൊച്ചിൻ യൂണിവേഴ്സിറ്റി പി.ഒ.– 682022

# എ. തങ്ങൾകുഞ്ഞുമുസലിയാർ

(ലഘു ജീവചരിത്രം)

ടി. കെ. എം. ആർട്സ് കോളേജ്
ലൈബ്രറിക്ക്
സംഭാവന

## പ്രൊഫ. പി. മീരാക്കുട്ടി

എസ്.റ്റി. റെഡ്യാർ ഇ & സി ട്രസ്റ്റ് പ്രസിദ്ധീകരണം

1998

വില 25.00 രൂപ

(Malayalam)
A. THANGALKUNJU MUSLIAR
Short Biography

Prof. P. MEERAKUTTY

Rights Reserved
First Published December 1998
Cover Design : Avanakulam

Typesetting & Printing
AVANAKULAM OFFSET , Karthigappally, ☏ 415956

Publisher & Distributor
S.T.REDDIAR E & C TRUST, KOLLAM

STR (d) 1032 : 1000

Administrator : K. Sreenivasan

Advisory Board :

Mahakavi Dr. M.P. Appan, Prof. Thirunalloor Karunakaran, Muttathu Sudhakaran(Rtd. Dist. Judge), Nooranadu Haneef, Dr. Balakrishna Warriyar, Dr. Gopala Panicker, Dr. Jansi James, Dr. Shornur Karthikeyan.

Editorial Board :

Adv. D. Asokan,P. Gopinathan Nair, A.Mohandas, B. Muthukrishnan, Girija Muthukrishnan.

T.K.M. COLLEGE ... SCIENCE LIBRARY KOLLAM-5

# മുഖമൊഴി

കേരളത്തിൽ ജൂനിയർ കോളേജുകൾ ആരംഭിച്ച കാലത്തായിരുന്നു ഞാൻ മലയാളം ബിരുദാനന്തര ബിരുദം നേടിയത്. സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലുമുള്ള കോളേജുകളിൽ ഞാൻ ലക്ചറർ ജോലിക്ക് അപേക്ഷിച്ചു. ഇന്റർവ്യൂ നടന്നിടത്തൊക്കെ എന്റെ മടിശ്ശീലയുടെ ഭാരമായിരുന്നു. ആരാഞ്ഞത്. എനിക്കാകട്ടെ മടിശ്ശീല തന്നെ ഉണ്ടായിരുന്നില്ല. ടി.കെ.എം. ആർട്ട്സ് കോളേജിൽനിന്ന് ഇന്റർവ്യൂവിന് അറിയിപ്പുവന്നു ഞാൻ പോകാൻ മടിച്ചു. ഞാൻ ജോലിചെയ്തിരുന്ന കുറുപ്പമ്പടി എം.ജി.എം. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ റവ. പി.എ. പൗലോസ് എപ്പിസ്കോപ്പയുടേയും, കോതമംഗലം എം.എ. കോളേജിലെ പ്രൊഫ. പി.കെ.ബി.നായരുടേയും ഉപദേശ നിർദ്ദേശങ്ങൾക്കു വഴങ്ങി ഞാൻ ഇന്റർവ്യൂവിന് ഹാജരായി. തൽക്കാലം വേക്കൻസി ഇല്ലെന്നും അതുണ്ടാകുമ്പോൾ അറിയിക്കാമെന്നും പറഞ്ഞ് എന്നെ തിരിച്ചയച്ചു. രണ്ടു മാസം കഴിഞ്ഞപ്പോൾ വേക്കൻസി ഉണ്ടെന്നും ജോലിയിൽ പ്രവേശിക്കാൻ താൽപ്പര്യമുണ്ടെങ്കിൽ അറിയിക്കണമെന്നും പ്രിൻസിപ്പാൾ ആവശ്യപ്പെട്ടു. ഞാൻ അനുകൂലമായി പ്രതികരിച്ചു. നിയമനഉത്തരവും വന്നു. നിയമനത്തിന് കോഴ കൊടുക്കേണ്ടിവന്നില്ല. ഈ നിയമനം എന്റെ ജീവിതത്തിലെ കനകകാലത്തിന്റെ കവാടം തുറന്നു.ദുർവ്വഹമായ കൃതജ്ഞതാ ഭാരമാണ് ഈ ജിവചരിത്രരചനയ്ക്ക് പ്രചോദനം. ആദ്യമെഴുതിയത് വലുതായിരുന്നു. ഏഴുവർഷത്തിനു ശേഷം വീണ്ടും എഴുതിയതാണീലഘുകൃതി. വിവരങ്ങൾ നൽകി സഹായിച്ചവർക്കും. പ്രസാധകർക്കും ഹൃദയംനിറഞ്ഞ നന്ദി.

**പി. മീരാക്കുട്ടി**
മരോട്ടിക്കൽവീട്.

1–12–98,
തൃക്കാക്കര വടക്ക്
പിൻ – 682 022



എസ്.എൻ.ഡി.പി. യോഗത്തിന്റേയും ശ്രീനാരായണട്രസ്റ്റിന്റേയും ബോർഡംഗങ്ങൾ

# ഉള്ളടക്കം


1. പറുദീസയിലേക്ക്
2. ബഹുഭാര്യത്വം
   ഇരുപത്തിരണ്ട് മക്കൾ
3. വിപ്ലവത്തിന്റെ വിധാതാവ്
4. സമരങ്ങൾ സമരങ്ങൾ
5. പത്രപ്രവർത്തനം
6. സാഹിത്യസപര്യ
7. സംഘടനകളുടെ സാരഥി
8. ശാസ്ത്രസാങ്കേതിക സരണികളിൽ
9. വിജ്ഞാനത്തിന്റെ വിളക്കുമാടങ്ങൾ
10. സ്വഭാവത്തിന്റെ സൂചനകൾ
11. ഈ വാദഗതി അതിവിദഗ്ദ്ധം തന്നെ

# പ്രൊഫ. പി. മീരാക്കുട്ടിയുടെ കൃതികൾ

**നിരൂപണ പഠനങ്ങൾ**

അകലക്കാഴ്ചകൾ
അത്യന്താധുനിക നിരൂപണം
ഇസങ്ങൾ സാഹിത്യത്തിൽ
അമൃതലേഖ
ഇടശ്ശേരി, നവഭാവുകത്വത്തിന്റെ കവി
ആശാൻ, കേരളകാളിദാസൻ
ആശാൻ കവിത, രോധവും പ്രതിരോധവും
ആശാൻതൊട്ട് ഇടശ്ശേരിവരെ
ബഷീർ, കാലത്തിന്റെ കനൽ
ബഷീറിന്റെ പൂവമ്പഴം – പഠനം
ലീല – പഠനം
ചണ്ഡാലഭിക്ഷുകി – പഠനം

**ഗവേഷണം**

വിലാസിനിയുടെ ദീപകശൈലി

**സാഹിത്യചരിത്രം**

അങ്കുരങ്ങൾ } പ്രസ്ഥാനങ്ങളിലൂടെ
ഇതളുകൾ } പ്രസ്ഥാനങ്ങളിലൂടെ
കാലബോധത്തിന്റെ കനികൾ

**ജീവചരിത്രം**

എ. തങ്ങൾകുഞ്ഞുമുസലിയാർ

**വ്യാകരണം**

കേരളപാണിനീയം ചില അനുബന്ധ ചിന്തകൾ

**കേരള ചരിത്രം**

ശബരിമല ശ്രീഅയ്യപ്പനും കുഞ്ചനും

**വിവർത്തനം**

രാമായണചമ്പു–സുന്ദരകാണ്ഡം
ജലാലുദ്ദീൻ റൂമിയുടെ കഥകൾ
നെല്ലിന്റെ കഥ

# പറുദീസയിലേക്ക്

തങ്ങൾകുഞ്ഞുമുസലിയാർ കൊല്ലം നഗരത്തിനടുത്ത് കിളികൊല്ലൂർ ഗ്രാമത്തിൽ 1897 ജനുവരി 12 നു ജനിച്ചു. കോട്ടക്കുഴി എന്നായിരുന്നു വീട്ടുപേര്. അഹമ്മദുകുഞ്ഞു മുസലിയാർ – ബീവികുഞ്ഞു ദമ്പതിമാരുടെ സീമന്ത സന്താനമായിരുന്നു. കൊച്ചുകുഞ്ഞ് എന്നു വിളിച്ചുപോന്ന സെയ്നുലാബ്ബുദീൻ അനുജനും അയിഷാക്കുട്ടി സഹോദരിയും. പിതാമഹൻ ഷിഹാബുദീൻ മുസലിയാരും അദ്ദേഹത്തിന്റെ പിതാവു ഖാസിംകുട്ടി മുസാ മുസലിയാരും ആയിരുന്നു. കരുനാഗപ്പള്ളി ഷെയ്ഖിന്റെ പുത്രനായിരുന്നു ഖാസിംകുട്ടി മൂസ. കണ്ണൂരിലെയും കരുനാഗപ്പള്ളിയിലെയും ഷെയ്ഖുമാരുടെ വംശം മാലിക്ക് ഇബിനു ദീനാരുടെ വംശപരമ്പരയിൽപ്പെട്ടവരായിരുന്നു. ഈ വംശത്തിന്റെ ചരിത്രം മക്കയിൽപ്പോയ ചേരമാൻ പെരുമാളുമായി ബന്ധപ്പെട്ടതാണ്.

കിളികൊല്ലൂർ വലിയ പള്ളിയിലെ മദ്രസയിൽ പ്രാഥമിക മതവിദ്യാഭ്യാസം നടത്തി. അതിനുശേഷം കാവനാട്ടാശാന്റെ കളരിയിൽ മാതൃഭാഷാ പഠനത്തിനു ആരംഭം കുറിച്ചു. അവിടെ കാവ്യപഠനമാരംഭിച്ചയുടനെ ഇലിപ്പക്കുളം കൊട്ടിലപ്പാട്ടു മദറസയിൽ മതപരമായ പഠനത്തിന് അയയ്ക്കപ്പെട്ടു. അതിനാൽ കാവ്യപഠനം തുടരാനായില്ല. മദറസയിലെ റംസാൻ ഒഴിവിനു വീട്ടിൽ തിരിച്ചെത്തിയ തങ്ങൾകുഞ്ഞിനെ പ്രൈമറിസ്ക്കൂളിൽ മൂന്നാം ക്ലാസ്സിൽ ചേർക്കാനിടയായി. കളരി വിദ്യാഭ്യാസം നേടിയിരുന്നതിനാലായിരുന്നു ഈ ആനുകൂല്യം ലഭിച്ചത്. പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കിയോ എന്നു നിശ്ചയമില്ല. അതു പൂർത്തിയാക്കിയെന്ന് പറയുന്നവരുമില്ലാതില്ല. പഠിത്തത്തിൽ തങ്ങൾകുഞ്ഞു മിടുമിടുക്കനായിരുന്നു, കുസൃതിയിലും. വിദ്യാലയപരിസരത്തെ കമുകിൽ പന്തയം വച്ചുകയറി അടയ്ക്കാ പറിച്ചതിനെത്തുടർന്നു ശിക്ഷണ നടപടി പേടിച്ചു പഠിത്തം അവസാനിപ്പിച്ചത്രെ. അതല്ല, പിതാവ് രോഗബാധിതനായതിനാൽ പിതാവിന്റെ കച്ചവടം നടത്താനായിരുന്നത്രെ വിദ്യാലയം വിട്ടത്.

നാടൻപന്തുകളിയും ചൂണ്ടയിടലുമായിരുന്നു ബാല്യകാലവിനോദങ്ങൾ. മലയാളരാജ്യം ചിത്രവാരികയ്ക്കു നൽകിയ അഭിമുഖ സംഭാഷണത്തിൽ അദ്ദേഹം പറഞ്ഞു:"നാടൻ പന്തുകളിയായി

രുന്നു എനിക്ക് ഏറ്റവും ഇഷ്ടം. അന്ന് ആ കളിയിൽ എന്നെ തോൽപ്പിക്കാൻ ആരുമുണ്ടായിരുന്നില്ല. ഞാനടിച്ചു വിടുന്ന പന്ത് അങ്ങു മാനത്തോളം പൊങ്ങുമായിരുന്നു."

പിതാവിന്റെ കച്ചവടം പൊളിഞ്ഞു. തങ്ങൾകുഞ്ഞിനു കൗമാരകാലം കടക്കുന്നതിനുമുമ്പുതന്നെ കച്ചവടക്കാരനാകേണ്ടി വന്നു. നർമ്മ രസികനായ അദ്ദേഹം അന്തരകാലത്തു കളിയും കാര്യവും കലർത്തി പറയുമായിരുന്നു, ഒരു ചുമട്ടു മുതലാളിയായി രുന്നെന്ന് . തലയിൽ മടക്കിയ ചാക്കും വച്ചുകൊണ്ടു വീടുതോറും കയറിയിറങ്ങി കശുവണ്ടിയോ, കാപ്പിക്കുരുവോ, കുരുമുളകോ, അട യ്ക്കായോ, പുളിയരിയോ മറ്റോ കിട്ടുന്നതെന്തും വിലയ്ക്കുവാങ്ങി ചുമന്നുകൊണ്ടുപോയി വിറ്റു നടന്നത് ഓർമ്മിച്ചായിരുന്നു അങ്ങനെ പറഞ്ഞിരുന്നത്. തെങ്ങിലോ , കമുകിലോ കയറി വിളവെടുത്തു വാങ്ങിയ വിദഗ്ദ്ധനുമായിരുന്നു. കൊല്ലത്തിനടുത്തു മൈലക്കാട്ട് കമുകിൻ തോട്ടത്തിൽ വിളവെടുത്തു കൊണ്ടിരുന്നപ്പോൾ തങ്ങൾകുഞ്ഞ് ഒരപകടത്തിൽനിന്ന് അത്ഭുതകരമായി രക്ഷ പ്രാപി ച്ചു. ഒരു കമുകിൽനിന്നും കുലയടർത്തിക്കഴിഞ്ഞാൽ താഴെയിറ ങ്ങാതെ തന്നെ ആ കമുകിളക്കിയാട്ടി അടുത്തതിലേയ്ക്ക് പകർന്നു കയറുകയായിരുന്നു പതിവ്. അന്നത്തെ ആട്ടത്തിനിടയിൽ കമു കൊടിഞ്ഞു. താഴേയ്ക്ക് പോന്ന തങ്ങൾകുഞ്ഞ് അടുത്ത കമുകി ലേയ്ക്ക് ചാടിപ്പിടിച്ച ആയത്തിൽ അതും ആടി ഉലഞ്ഞൊടിഞ്ഞു വീണെങ്കിലും ചതവും മുറിവും മാത്രമേറ്റു രക്ഷപ്പെടുകയായിരു ന്നത്രെ. ഈ മനസ്സൈഥര്യം അദ്ദേഹം ജീവിത കാലമത്രയും പ്രകടിപ്പിച്ചു പോന്നു.

മൂന്നുനാലു വർഷത്തെ കാൽനടക്കച്ചവടത്തിനു ശേഷം തങ്ങൾകുഞ്ഞു 'ചവിട്ടു മുതലാളി' യായി വളർന്നു. സൈക്കിൾ വാടകയ്ക്കെടുത്ത് ആ കച്ചവടം തുടർന്നു. അന്നേ കുടുംബഭാരം പേറേണ്ടിയിരുന്നതിനാൽ സമ്പാദിക്കാൻ സാധിച്ചില്ല. ആ കാലത്തു മലയാളികളുടെ ഒരാശാകേന്ദ്രമായിരുന്നു സിങ്കപ്പൂർ. വർക്കലയിലെ ഒരു ഇടനിലക്കാരന്റെ സഹായത്തോടെ തങ്ങൾകുഞ്ഞ് അങ്ങോട്ടു കപ്പൽ കയറി. അവിടെ ഒന്നരവർഷത്തോളം പലപണികളിലും ഏർപ്പെട്ടു. തൊഴിലിലുള്ള ആത്മാർത്ഥതയും അദ്ധ്വാനശീലവും തൊഴിലുടമകളുടെ പ്രീതി പാത്രമാക്കി. അവസരം കിട്ടയപ്പോ ഴൊക്കെ ഓവർടൈം ജോലി ചെയ്തു. അദ്ദേഹത്തിന് ചെറിയൊരു സമ്പാദ്യം സ്വരൂപിക്കാൻ സാധിച്ചു. അതുമായി നാട്ടിൽ തിരിച്ചെ ത്തി.

അക്കാലത്ത് മുസ്ലീം പെൺകുട്ടികളുടെ കല്യാണം കൗമാരപ്രായത്തിൽത്തന്നെ നടത്തിപ്പോന്നിരുന്നല്ലോ. അതുകൊണ്ടു സഹോദരിയുടെ വിവാഹം നടത്തുകയായിരുന്നു അദ്ദേഹം ചെയ്തത്. പുനലൂരിൽ കച്ചവടക്കാരൻ വാവാക്കുഞ്ഞായിരുന്നു വരൻ. സഹോദരി ഒരു നാണം കുണുങ്ങിയായിരുന്നു. കൗമാരകാലത്തെ കല്യാണം അവളെയൊരു മൗനരോഗിയാക്കി കളഞ്ഞത്രെ. തന്മൂലം അധികം താമസിയാതെ അവൾ വിവാഹമോചിതയായി. കിളികൊല്ലൂർ നീലകണ്ഠൻ വൈദ്യന്റെ ചികിത്സയിൽ സഹോദരിയുടെ രോഗം മാറി. 1930 – ൽ അവളുടെ പുനർ വിവാഹം നടന്നു. കരുനാഗപ്പള്ളി മണ്ണാലഴികത്തു പടവടക്ക് എം. അലിക്കുഞ്ഞ് ആയിരുന്നു വരൻ. അദ്ദേഹം ഗവ. സ്ക്കൂളിൽ അറബി അദ്ധ്യാപകനായിരുന്നു. ആദ്യ വിവാഹ വിവരങ്ങളെല്ലാം വിശദമായി അറിയിച്ചതിനുശേഷം മാത്രമായിരുന്നു മുസലിയാർ ആ വിവാഹം നടത്തിയത്. അന്നു മുസലിയാർ മുൻഷിസാറിനോടു പറഞ്ഞു, "നീയൊരു മുസലിയാരാണ്. മുസലിയാർ പദത്തിന്റെ അർത്ഥം ഗുരുവെന്നാകയാൽ ഞാനൊരു വെറും ഗുരുവും, നീയൊരു അസ്സൽ ഗുരുവും."

അദ്ധ്യാപക വൃത്തി ഉപേക്ഷിക്കാൻ സ്യാലൻ ആഗ്രഹം പ്രകടിപ്പിച്ചു. ഒൻപതു വർഷം അദ്ദേഹം അതിനു സമ്മതിച്ചില്ല. പിന്നീട് വിജ്ഞാനപോഷിണി പ്രസ്സിന്റെ മാനേജരും തോട്ടണ്ടി സംഭരണത്തിന്റെ വടക്കൻ മേഖലയിലെ പ്രധാന പ്രതിനിധിയും മറ്റുമായി അദ്ദേഹത്തോടൊപ്പം ജോലി ചെയ്തു. അദ്ദേഹത്തിന്റെ വിശ്വസ്തനായ ഒരു സഹായിയായി വർത്തിച്ചിരുന്നു മുൻഷി സാർ.

മുസലിയാരുടെ മാതാവു മരിച്ചു. പിതാവിന്റെ വാർദ്ധക്യകാല പരിചരണത്തിനു പുനർവിവാഹം നടത്തി. മറ്റൊരേർപ്പാടും സുഖകരവും സുരക്ഷിതവുമായിരിക്കില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ ഉറച്ച അഭിപ്രായം. പിതാവ് അതു വേണ്ടെന്നു ശഠിച്ചു. മുസലിയാർ വഴങ്ങിയില്ല. ഫാത്തിമാബീബി (ആശ്രാമം) ആയിരുന്നു വധു. മൂന്നു മക്കൾ. എ. നജുമുദ്ദീൻ മുസലിയാർ, എ. ആസ്യാ ബീഗം, എ. സിയാവുദ്ദീൻ മുസലിയാർ – പിറന്നു. ഇവർക്കും മുസലിയാർ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തി. സ്വന്തം സഹോദരരായിത്തന്നെ.

1931–ൽ ആയിരുന്നു അദ്ദേഹം ആദ്യഫാക്ടറി സ്ഥാപിച്ചത്. ഏതാണ്ട് കാൽ നൂറ്റാണ്ടുകാലം കശുവണ്ടിയുടെ ലോകകമ്പോളം തന്നെ ചെറുവിരൽത്തുമ്പിലെത്തിച്ച വ്യവസായ മർമ്മ

ജ്ഞനായി അദ്ദേഹം വളർന്നു. കഠിനാദ്ധ്വാനവും വിശ്വസ്തതയുമായിരുന്നു പ്രധാന കൈമുതലുകൾ. സ്വയം തുഴഞ്ഞു കയറി ഉയരങ്ങളിലെത്തിപ്പിടിക്കുകയായിരുന്നു അദ്ദേഹം ചെയ്തത്. ആരെയും അമ്പരപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്ത ഒരസാധാരണ പ്രതിഭാസമായിത്തീർന്നു അദ്ദേഹം. അണ്ടിപ്പരിപ്പിന്റെ കയറ്റുമതിയിലൂടെ കോടിക്കണക്കിനുരൂപയുടെ വിദേശനാണ്യം നേടിക്കൊടുത്തുകൊണ്ടിരുന്ന വ്യവസായികളിൽ പ്രഥമവും പ്രധാനവുമായ സ്ഥാനം മുസലിയാർക്കായിരുന്നു. ടാറ്റാ, ബിർളാ, ഗോയങ്കെ എന്നിവരുടെ നിരയിൽത്തന്നെയായിത്തീർന്നു തങ്ങൾ കുഞ്ഞു മുസലിയാരുടെ സ്ഥാനം. അദ്ദേഹം സംതൃപ്തനായിട്ടു പറഞ്ഞു: "പടച്ചോൻ സഹായിച്ച് ഇന്നെനിക്ക് എല്ലാ സൗഭാഗ്യങ്ങളുമുണ്ട്." (മലയാളരാജ്യം ചിത്രവാരിക – 1141).

സംഭവ സമ്പന്നവും സൗഭാഗ്യ സമ്പുഷ്ടവുമായിരുന്നു ആ ധന്യ ജീവിതം. അനങ്ങാൻപോലും അന്യസഹായം ആവശ്യമായിരുന്ന അനാരോഗ്യത്തിലും അന്ത്യ നിമിഷം വരെ അതു കർമ്മനിരതമായിരുന്നു. തലയും താടിയും വടിച്ചു കുളിച്ച് ശുഭ്രവസ്ത്രം ധരിച്ച് ആഹാരവും ഔഷധവും കഴിച്ചു കിടന്ന അദ്ദേഹം 1966 ഫെബ്രുവരി 19നു സുഖസുഷ്പ്തിയിലെന്നപോലെയായിരുന്നു അന്തരിച്ചത്. പിന്നീടായിരുന്നു രണ്ടു പത്നിമാരുടെയും മരണം.

19459

# ബഹുഭാര്യാത്വം

**– ഇരുപത്തിരണ്ട് മക്കൾ**

തങ്ങൾകുഞ്ഞു മുസലിയാർ ആദ്യത്തെ കശുവണ്ടി ഫാക്ടറി സ്ഥാപിക്കാനുള്ള സജ്ജീകരണങ്ങൾ സമാരംഭിച്ചു. ചട്ടി വറപ്പു സജീവവും സഫലവുമായിരുന്നു. സമീപപ്രദേശങ്ങളിൽ സഞ്ചരിച്ചു തോട്ടണ്ടി നേരിട്ടു സംഭരിക്കുകയും അതതു പ്രദേശത്തെ ഏതെങ്കിലും ഒരു വീട്ടിൽ സൂക്ഷിച്ച് ആഴ്ചതോറും കാളവണ്ടിയിൽ സ്വന്തം വീട്ടിൽ എത്തിക്കുകയും ചെയ്തു പോന്നു. ഹരിപ്പാടും സമീപപ്രദേശങ്ങളിലുംനിന്നു വാങ്ങിയ തോട്ടണ്ടി കറ്റാനത്തു ശാസ്താന്റെ തെക്കടത്തു വീട്ടിലായിരുന്നു സൂക്ഷിക്കാറുണ്ടായിരുന്നത്. കുടുംബനാഥനായ അബ്ദുറഹിമാൻ സാഹിബിന്റെ മകൾ ഖദീജയെ വിവാഹം ചെയ്തു. ഈ വിവാഹത്തെക്കുറിച്ചു മുസലിയാർ ഒരഭിമുഖ സംഭാഷണത്തിൽ പറഞ്ഞിട്ടുണ്ട് –

"ഒരു ദിവസം അവിചാരിതമായൊരു സന്ദർഭത്തിൽ ഞാനൊരു മുസ്ലീം പെൺകുട്ടിയെ കണ്ടുമുട്ടി. എനിക്കു വളരെ ഇഷ്ടമായി. ഞാൻ കെട്ടട്ടേയെന്ന് ചോദിച്ചു. അവർ സമ്മതിച്ചു. അവർ കെട്ടി. എനിക്കേറ്റവും ഇഷ്ടമായ കല്ല്യാണമായിരുന്നു അത്." (മലയാളരാജ്യം ചിത്രവാരിക : 1141)

ഈ ദാമ്പത്യ ജീവിതം തികച്ചും സംതൃപ്തമായിരുന്നു. മുസലിയാരുടെ തൊഴിലിൽ ഖദീജാകുഞ്ഞ് സജീവമായി സഹായിച്ചു. അദ്ദേഹം തോണ്ടട്ടി വാങ്ങാനും അണ്ടിപ്പരിപ്പു വിൽക്കാനും മറ്റും വെളിയിൽപ്പോയാൽ അണ്ടിവറപ്പ് തുടങ്ങി എല്ലാ കാര്യങ്ങളിലും സമർത്ഥമായി മേൽനോട്ടം വഹിച്ചിരുന്നു. ആദ്യഫാക്ടറിയുടെ സ്ഥാപനവും പ്രവർത്തനവും വളരെ വേഗം ആരംഭിച്ചു. അതിൽ അപ്രതീക്ഷിതമായ വിജയം കൈവന്നു. തുടർന്നു ഓരോ വർഷവും ഓരോ പുതിയ കശുവണ്ടി ഫാക്ടറി സ്ഥാപിക്കാൻ സാധിച്ചു. അണ്ടിപ്പരിപ്പു കയറ്റുമതി ചെയ്യാനുള്ള ലൈസൻസും ലഭിച്ചു.

സുഹ്റാബീവി, ഹാജിറാബീവി, ഷഹാൽ ഹസ്സൻ എന്നീ മൂന്നു മക്കൾ പിറന്നു. മൂന്നാമത്തെ പ്രസവത്തോടെ ഖദീജാക്കു

ഞ്ഞ് അന്തരിച്ചുപോയി. അതു മുസലിയാർക്ക് വല്ലാത്ത ആഘാതമായിത്തീർന്നു. സമനിലപോലും തെറ്റി. ചികിത്സപോലും വേണ്ടിവന്നു. വൈകാതെ തന്നെ ഇദ്ദേഹം ഉന്മേഷവീര്യങ്ങൾ വീണ്ടെടുത്തു. വ്യവസായത്തിലൂടെ വീണ്ടും നേട്ടങ്ങൾ കൊയ്തുകൂട്ടി.

ഏതാണ്ട് ഒരാണ്ടു പിന്നിട്ടു. കൊല്ലം നഗരത്തിലെ മാളിക വീട്ടിൽ അബുബേക്കർ കുഞ്ഞിന്റെ മകൾ നഫീസാബീവിയെ (എ.എ.റഹിമിന്റെ സഹോദരി) വിവാഹം ചെയ്തു. താലികെട്ടു കഴിഞ്ഞെത്തിയ മുസലിയാർ മ്ലാനവദനനായിരുന്നു. ഉറ്റ സുഹൃത്തായ കളിയിക്കൽ ആശാനും മറ്റു ചിലരും കാരണം ആരാഞ്ഞു. അദ്ദേഹം മൗനമവലംബിച്ചു. ആദ്യരാത്രി അദ്ദേഹത്തെ ഉറക്കം അനുഗ്രഹിച്ചു. കൗമാരപ്രായം കഴിയാത്തവളാണ് വധു എന്ന് ഉറപ്പായതായിരുന്നു കാരണം. നഫീസാബീവിക്ക് അന്ന് പതിനഞ്ചു വയസ്സു മാത്രമായിരുന്നു പ്രായം. മുസലിയാർക്കാകട്ടെ അതിന്റെ ഇരട്ടിയിലധികവും. പ്രൗഢയായ ഒരു സഹധർമ്മിണിയെയും മൂന്നു മക്കൾക്കും ഒരു പോറ്റമ്മയെയും ആയിരുന്നു അദ്ദേഹം പ്രതീക്ഷിച്ചത്. അടുത്ത ദിവസം തന്നെ കളീയ്ക്കൽ ആശാനെയും മറ്റൊരു സ്നേഹിതനായ പുന്തലവിള ഇ. കെ. മാധവൻ നായരെയും വിളിച്ചു വരുത്തി. ഭാര്യയെ മാളിക വീട്ടിലേയ്ക്കയയ്ക്കുകയാണെന്ന് അദ്ദേഹം അവരെ അറിയിച്ചു. അവർ വധുവിനെ ഉടനെ തിരിച്ചയയ്ക്കരുതെന്നു ഉപദേശിച്ചു. ആ ഉപദേശം അദ്ദേഹം സ്വീകരിച്ചില്ല.

തന്റേടവും തടിയും ഇരുപതിൽകൂടുതൽ പ്രായവുമുള്ള ഒരുവളെ തേടിപ്പിടിക്കാൻ മുസലിയാർ ശ്രമം ആരംഭിച്ചു. ആറ്റിങ്ങലിനടുത്ത് ആലംകോട്ടു പാലങ്കോണം വീട്ടിൽ അബ്ദുൽ റഹിമാന്റെ മകൾ അയിഷാ ബീവിയെ ഇടനിലക്കാരൻ മുഖേന വിവാഹം ചെയ്തു.

മാളിക വീട്ടുകാർ നഫീസാ ബീവിയുടെ വിവാഹമോചനം ആവശ്യപ്പെട്ടു. അവൾ ഭർത്താവുള്ള 'വിധവ'യായിത്തന്നെ ജീവിക്കണ്ടോ എന്നു ശാഠ്യം പിടിച്ചു. അദ്ദേഹം പത്നിയെ സ്വഭവനത്തിലേയ്ക്കാനയിച്ചു.

ബഹുഭാര്യാത്വം അദ്ദേഹത്തിന് ഒരു ദുരന്തമായിരുന്നില്ല. അതിനെക്കുറിച്ച് ആരാഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു–"രണ്ടച്ചിയുള്ളവർവെന്തറ്റുപോകും എന്ന പഴമൊഴിയെ ആസ്പദമാക്കിയല്ലേ ചോദിച്ചത്? പറയാം. ഭാര്യമാർക്കു

സാമ്പത്തിക ശേഷി ഉണ്ടായിരിക്കുകയും ഭർത്താവ് അവരുടെ ആശ്രിതനായിരിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾക്കധോ ഗതിയായിരിക്കും. പക്ഷേ, എന്റെ അനുഭവം മറിച്ചായിരുന്നു. ഞാൻ സാമ്പത്തികമായി സമ്പന്ന നിലയിലായിരുന്നതുകൊണ്ട് ആ പ്രയാസം എനിക്ക് അനുഭവിക്കേണ്ടി വന്നിട്ടില്ല."

അദ്ദേഹത്തിന്റെ വിവാഹവീക്ഷണവും മറ്റൊന്നായിരുന്നില്ല. "സാമ്പത്തിക മേന്മയുള്ള പുരുഷൻ എപ്പോഴും സാമ്പത്തിക മേന്മയില്ലാത്ത സ്ത്രീയെയും സാമ്പത്തികമായി ഉയർച്ചയുള്ള കുടുംബത്തിലെ സ്ത്രീ സാമ്പത്തികത്തകർച്ച വന്ന പുരുഷനെയും കല്ല്യാണം കഴിക്കണം. ഒരു വിധത്തിൽ സോഷ്യലിസമാണിത്. കാരണം ഇങ്ങനെയുള്ള ബന്ധങ്ങൾകൊണ്ടു രണ്ടു കുടുംബങ്ങളും ഗുണപ്പെടുന്നു. ഒരു നല്ല സാമ്പത്തികശേഷിയുള്ള തലമുറയുണ്ടാകുന്നു."

ഭാര്യമാർ യഥാക്രമം കറ്റാനംകാരി, കൊല്ലംകാരി, ആലങ്കോട്ടുകാരി എന്നിങ്ങനെ അറിയപ്പെട്ടിരുന്നു.

ഖദീജാക്കുഞ്ഞിൽ

| മക്കൾ | മരുമക്കൾ |
| --- | --- |
| 1. സുഹ്റാബീവി | അഡ്വ. എസ്. എം. താഹാ ഹാജി. |
| 2. ഹാജിറുമ്മ | അഡ്വ. പി. എം. മുഹമ്മദ് ഹാജി. |
| 3. ഷനാൽ ഹസ്സൻ | നജ്മ, അമേരിക്ക. |

നഫീസാ ഉമ്മയിൽ

| | |
| --- | --- |
| 1. ഷാരിഫാബീവി | എം. കെ. എ. ഹമീദ്. |
| 2. സെൽമാ ബീവി | കായിക്കര നിസാമുദ്ദീൻ. |
| 3. സാലിഹ ബീവി | ചിറ്റാനിക്കര ഷാജഹാൻ. |
| 4. അക്ബർ ഹൈദർ | അനീന. |
| 5. ജമാലുദ്ദീൻ | റംല. |
| 6. റഹിയാൻ ബീവി | ഇബ്രാഹിംകുട്ടി. |
| 7. ബദറുദ്ദീൻ | റഷീദ. |
| 8. സുബൈദാബീവി | ഇസ്മായിൽ. |

അയിഷാ ബീവിയിൽ

| | |
| --- | --- |
| 1. കമാലുദ്ദീൻ | ജമീല. |
| 2. അസുമാബീവി | കാദർകുട്ടി. |

3. ജലാലുദ്ദീൻ

4. ആത്തുക്കാബീവി

ഞ്ഞു.

5. അബ്ദുറഹ്മാൻ

ഞ്ഞു.

6. ഉസ്മാൻ

7. അബ്ദുൽകരീം

8. മൈമൂൻ

9. ഉമ്മൈബാൻ

10. മറിയം ബീവി

11. സഫിയ

നജ്ജുമ.

ചെറുപ്പത്തിലേ മരണമട

ചെറുപ്പത്തിലേ മരണമട

ഫാത്തിമാബീവി.

ഷെമീം.

ഡോ. അഹമ്മദുകുട്ടി.

പി. കെ. ഹാരിസ്.

ഡോ. ഇഖ്ബാൽ.

ഡോ. അഷ്റഫലി.

19459

# വിപ്ലവത്തിന്റെ വിധാതാവ്

തിരുവിതാംകൂർ സംസ്ഥാനത്തെ മൂന്നു ഡിവിഷനുകളായി വിഭജിച്ചിരുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നിങ്ങനെ. അവയിൽ ഏറ്റവും പിന്നോക്കാവസ്ഥയിലായിരുന്നു കൊല്ലം ഡിവിഷൻ. കൃഷിയും മീൻപിടുത്തവുമായിരുന്നു മുഖ്യ തൊഴിലുകൾ. ചെറുകിട കൃഷി വളരെ വിരളമായിരുന്നു. ഭൂവുടമകളുടെ നിയന്ത്രണത്തിലായിരുന്നു കൃഷി. ജന്മി – കുടിയാൻ ബന്ധം സുദൃഢമായിരുന്നു. അതുകൊണ്ട് കാർഷികത്തൊഴിലാളികൾ അടിമകളെപ്പോലെ ജീവിച്ചുപോന്നു. തോട്ടം വിളകളുടെ മേഖലകളിൽപ്പോലും സ്ഥിതി മെച്ചമായിരുന്നില്ല. മത്സ്യക്കച്ചവടക്കാരുടെ കാരുണ്യപാത്രങ്ങളായിരുന്നു മീൻപിടുത്തക്കാർ. പരമ്പരാഗതമായ ആചാര വിശ്വാസങ്ങളുടെ ബന്ധനങ്ങളുടെ ഭാരവും പേറി ജീവിച്ചുപോന്ന ഒരു ജനവിഭാഗത്തിന്റെ തട്ടകമായിരുന്നു ഇരുപതാം നൂറ്റാണ്ട് ആദ്യം മദ്ധ്യതിരുവിതാംകൂർ.

സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിന്നിരുന്ന ഈ ഡിവിഷനിൽ മാറ്റത്തിന്റെ വിത്തു പാകിയതു ഡബ്ലിയു. സി. ആൺഡേഴ്സൺ എന്ന കമ്പനിക്കാരായിരുന്നു. പിയേഴ്സ് ലെസ്ലി എന്ന ബ്രിട്ടീഷ് കമ്പനിയുടെ ഒരു അനുബന്ധ സ്ഥാപനമായിരുന്നു ഇത്. വൈകാതെ തന്നെ വന്നു റോസ് വിക്ടോറിയ എന്ന കമ്പനിയും. രണ്ടും സിലോണിൽ നിന്നായിരുന്നു എത്തിയത്. കൊല്ലത്തു ആശ്രാമത്തും കുണ്ടറയിലുമായിരുന്നു ഇവയുടെ ആസ്ഥാനങ്ങൾ. ഫാക്ടറിയുടെ നടത്തിപ്പുമായി തമിഴ്നാട്ടിൽ നിന്നെത്തിയ പി. വി. സ്വാമിനാഥൻ ഇന്ത്യാനട്ട് കമ്പനിയും സ്ഥാപിച്ചതോടെ ഒരു തൊഴിൽ മേഖല തുറന്നു.

ഈ സന്ദർഭത്തിലായിരുന്നു ചെറിയൊരു സാമ്പാദ്യവുമായി തങ്ങൾ കുഞ്ഞു മുസലിയാർ തിരിച്ചെത്തിയത്. ഏക സഹോദരിയുടെ വിവാഹത്തിനുവേണ്ടി സമ്പാദ്യത്തിൽ ഒരു ഭാഗം ചിലവാക്കി കഴിഞ്ഞപ്പോൾ സ്വയമൊരു നല്ല തൊഴിൽ തുടങ്ങാൻ വേണ്ടത്ര തുകയില്ലല്ലോ എന്ന വിമ്മിട്ടപ്പെട്ട ഘട്ടത്തിലായിരുന്നു. കശുവണ്ടിപ്പരിപ്പു കച്ചവടത്തിലേയ്ക്ക് അദ്ദേഹം കടന്നു വരാനിടയായത്. ഇന്ത്യാനട്ട് കമ്പനി വ്യക്തികളിൽനിന്ന് അണ്ടിപ്പരിപ്പ് സംഭരിച്ചു തുടങ്ങിയ സന്ദർഭമായിരുന്നു അത്. വീടുകളിൽ വലിയ

ചീനച്ചട്ടികളുപയോഗിച്ചു തോട്ടണ്ടി വറത്തു പരിപ്പെടുത്തു കമ്പനിയിലെത്തിക്കുന്ന സമ്പ്രദായത്തിനു വേണ്ടത്ര സ്വാഗതം ലഭിച്ചിരുന്നില്ല. ആദ്യമാദ്യം ആളുകൾ ഇതിനെ മീൻകച്ചവടമെന്നു പരിഹസിച്ചിരുന്നു. തോട്ടണ്ടി വറക്കുമ്പോഴത്തെ ദുർഗന്ധമായിരുന്നു ഈ പരിഹാസത്തിനു ഹേതു. വലിയ മുതൽ മുടക്ക് ആവശ്യമില്ലാതിരുന്നതിനാൽ മുസലിയാർ അണ്ടിപ്പരിപ്പു കച്ചവടം നടത്താൻ തീരുമാനിച്ചു. അദ്ദേഹം ഇന്ത്യാനട്ട് കമ്പനിയിലെത്തി പി. വി. സ്വാമിനാഥനെ കണ്ടു. സ്വാമിനാഥൻ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, സർവ്വ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയുമുണ്ടായി. മദ്ധ്യതിരുവിതാംകൂറിലെ വ്യവസായ വിപ്ലവ ചരിത്രത്തിന്റെ നാന്ദിയായിരുന്നു ഈ കൂടിക്കാഴ്ച!

1926–ൽ തങ്ങൾകുഞ്ഞു മുസലിയാർ ഒരു സൈക്കിൾ വാങ്ങുകയായിരുന്നു ആദ്യം ചെയ്തത്. ഉൾ നാടുകളിലെ കശുമാവു കർഷകരുടെ വീടുകളിൽനിന്നും തോട്ടണ്ടി സംഭരിക്കുകയായിരുന്നു ലക്ഷ്യം. സ്വാമിനാഥൻ ഇറക്കുമതി ചെയ്ത തോട്ടണ്ടി നല്കുകയും ചെയ്തു. തൊഴിലാളികളെ തേടിപ്പിടിച്ചു. തൊഴിലാളികളെല്ലാവരും കുറവരും, പറയരും, പുലയരുമൊക്കെയായിരുന്നു. കിളികൊല്ലൂരിലെ വീട്ടിൽ ഷെഡ്ഡ് കെട്ടി അദ്ദേഹം ചട്ടി വറപ്പു തുടങ്ങി. തുടക്കത്തിൽതന്നെ അയൽക്കാരുടെ പ്രതിഷേധമുയർന്നു. ദുർഗന്ധം ദുസ്സഹമാകയാൽ തോട്ടണ്ടി വറപ്പു പാടില്ലെന്ന് അവർ ശഠിച്ചു. അധഃകൃതരുമായുണ്ടായ സഹവാസവും കൂടിയായപ്പോൾ ഉറ്റബന്ധുക്കളും അയൽക്കാരോടൊപ്പം ചേർന്നു. മറ്റൊരു ഉപജീവനമാർഗ്ഗം തേടിക്കൊണ്ടിരിക്കുകയാണെന്നും അതു തുറന്നു കിട്ടിയാലുടൻ ഈ തൊഴിൽ ഉപേക്ഷിക്കാതിരിക്കില്ലെന്നും അദ്ദേഹം അവരെ അനുനയിപ്പിച്ചു. തോട്ടണ്ടിയുടെ സംഭരണവും വിപണനവും മാത്രമല്ല, അണ്ടിപ്പരിപ്പിന്റെ തരം തിരിയ്ക്കലും അദ്ദേഹം നിർവ്വഹിച്ചിരുന്നു. പരിപ്പിന്റെ തരം തിരിക്കൽ ജോലി രാത്രിയിലായിരുന്നു അദ്ദേഹം ചെയ്തിരുന്നത്.

ഗുണമേന്മയുള്ള പരിപ്പു മാത്രമായിരുന്നു സ്വാമിനാഥന്റെ കമ്പനിയിൽ മുസലിയാർ എത്തിച്ചുകൊണ്ടിരുന്നത്. അദ്ദേഹം കമ്പനിയിലെത്തിച്ച അണ്ടിപ്പരിപ്പ് ഒരിക്കൽപ്പോലും തിരിച്ചയയ്ക്കാനിടയായിട്ടില്ല. ക്രമേണ അദ്ദേഹം സ്വാമിനാഥന്റെ വിശ്വസ്ത സുഹൃത്തായിത്തീർന്നു. ഇറക്കുമതി ചെയ്തിരുന്ന തോട്ടണ്ടിയിൽ വലിയൊരു പങ്കും അദ്ദേഹത്തിനു കിട്ടാൻ ഈ സൗഹൃദം സഹായിച്ചു. സ്വാമിനാഥൻ സാമ്പത്തിക സഹായവും നൽകികൊണ്ടിരു

ന്നു. മുസലിയാരുടെ ചട്ടിവറപ്പു വേഗം വിപുലമാക്കുകയായിരുന്നു. ഓലഷെഡ്ഡ് ടിൻഷെഡ്ഡായി. സ്ത്രീത്തൊഴിലാളികൾക്കു താമസ സൗകര്യം ഏർപ്പെടുത്തി. തോട്ടണ്ടി സംഭരണത്തിനു സഹായികളെ നിയമിച്ചു. ഇന്ത്യാനട്ട് കമ്പനിയിൽ വിൽക്കാനാവാത്ത അണ്ടിപ്പരിപ്പിന്റെ വില്പനക്കു തിരുവിതാംകൂറിലെ പ്രധാന നഗരങ്ങളിൽ സഞ്ചരിച്ചിരുന്നിരുന്നതു മുസലിയാർതന്നെയായിരുന്നു. ആ ചുമതല ഏജന്റന്മാരെ ഏല്പിച്ചു. അയൽക്കാരുടെയും ബന്ധുക്കളുടെയും എതിർപ്പിന് ആക്കം കൂടി. അദ്ദേഹം അതിനെ അപ്പാടെ അവഗണിച്ചു. വീട്ടുപുരയിടത്തിൽത്തന്നെ കശുവണ്ടി ഫാക്ടറി സ്ഥാപിക്കാൻ വേണ്ടിയുള്ള ഏർപ്പാടുകൾ തുടങ്ങിയതോടെ എതിർപ്പിന്റെ എരിതീ സ്വയം കെട്ടടങ്ങി. ഷെഡ്ഡുകളുടെയും ചൂളയുടെയും നിർമ്മാണം ത്വരിതഗതിയിൽ പൂർത്തിയാക്കി. കഠിനാദ്ധ്വാനത്തിന്റെ കാലമായിരുന്നു അത്. അപ്പോഴും കശുവണ്ടിത്തൊഴിലിനോടുണ്ടായിരുന്ന അയിത്തത്തിന് അറുതി വന്നിരുന്നില്ല. കൂലി വേലയ്ക്ക് പോയിരുന്ന സ്ത്രീകൾ സമൂഹത്തിലെ താഴെത്തട്ടിലുള്ളവർ മാത്രമായിരുന്നു. കശുവണ്ടി ഫാക്ടറിയിലാകട്ടെ, ബഹുഭൂരിഭാഗവും സ്ത്രീത്തൊഴിലാളികളായിരുന്നു വേണ്ടത്. സ്ഥലത്തും പരിസര പ്രദേശങ്ങളിലുമുള്ള വീടുകളിൽ കയറിയിറങ്ങിയായിരുന്നു അദ്ദേഹം തൊഴിലാളികളെ കണ്ടെത്തിയിരുന്നത്. സ്വാമിനാഥന്റെ സഹായസഹകരണങ്ങൾ മാത്രമല്ല, ഉപദേശനിർദ്ദേശങ്ങളും ലഭിച്ചിരുന്നു. കശുവണ്ടി ഫാക്ടറിക്കു എ. തങ്ങൾകുഞ്ഞു മുസലിയാർ എന്നുതന്നെ നാമകരണം ചെയ്തു. അതിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചതു സ്വാമിനാഥനായിരുന്നു. മുസലിയാർ വീട്ടുകാരുടെയും നാട്ടുകാരുടെയും സാന്നിദ്ധ്യവും സഹകരണവും ഉറപ്പാക്കിയിരുന്നു. 1927–ൽ അദ്ദേഹം ഒരു ഫാക്ടറിയുടമയായി. നിശ്ചയദാർഢ്യത്തിന്റെയും തളരാത്ത കഠിനാദ്ധ്വാനത്തിന്റെയും വിജയം.

ഒരു വർഷത്തിനകം കിളികൊല്ലൂരിൽത്തന്നെ മറ്റൊരു കശുവണ്ടി ഫാക്ടറി സ്ഥാപിച്ച് അദ്ദേഹം എല്ലാവരെയും അമ്പരപ്പിച്ചുകളഞ്ഞു. പക്ഷേ, സ്വാമിനാഥന്റെ പതനം അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു. ഇതിനകം സ്വാമിനാഥൻ തന്റെ കാർ മുസലിയാർക്ക് കുറഞ്ഞ വിലയ്ക്കു നൽകിയിരുന്നു. ബാങ്കു വായ്പ ലഭിക്കാനുള്ള ഏർപ്പാടുകളും ഇന്ത്യാനട്ട് കമ്പനി വഴി ചെയ്തു കൊടുത്തിരുന്നു. കയറ്റുമതിയ്ക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങളും തന്ത്രങ്ങളും ഉപദേശിച്ചിരുന്നു. ആ വലിയ വഴികാട്ടിയുടെ വീഴ്ച മുസലിയാരെ തളർത്തിക്കളഞ്ഞു, പക്ഷേ, അദ്ദേഹം തകർന്നില്ല. അത് അദ്ദേ

ഹത്തിന് ജീവിതത്തിൽ എന്നെന്നും ഒരു പാഠമായിരുന്നു!

അടുത്ത അഞ്ചാറുവർഷത്തെ മുസലിയാരുടെ വളർച്ച വല്ലാത്തൊരു വിസ്മയമായിരുന്നു! വേറെ 24 വലിയ കശുവണ്ടി ഫാക്ടറികൾകൂടി സ്ഥാപിച്ചു. അതതു സ്ഥലത്തു മോഹവില വാങ്ങിവിസ്തൃതമായ സ്ഥലങ്ങളിലായിരുന്നു അവയെല്ലാം സ്ഥാപിച്ചത്. അദ്ദേഹം ഫാക്ടറി സ്ഥാപിച്ച സ്ഥങ്ങൾ –

| | | | | | |
|---|---|---|---|---|---|
| 1,2 | കിളികൊല്ലൂർ | 3. | ഏനാത്ത് | 4. | മൈലം |
| 5. | കൊട്ടിയം | 6. | ചെങ്ങമനാട് | 7. | കണ്ണനല്ലൂർ |
| 8 | മുള്ളുവിള | 9. | കുടിക്കോട് (കുണ്ടറ) | 10. | കരീപ്ര |
| 11. | നല്ലില | 12. | പടിഞ്ഞാറെകൊല്ലം | 13. | വാളയംകുന്ന് |
| 14. | പരവൂർ | 15. | കരിക്കോട്ട് | 16. | പേരൂർ |
| 17. | കുണ്ടറ | 18. | എഴുകോൺ | 19. | കല്ലട |
| 20. | ഭരണിക്കാവ് | 21. | കുന്നത്തൂർ | 22. | മാറനാട് |
| 23. | മടവൂർ | 24. | ഉളിയക്കോവിൽ | 25. | പുത്തൂർ |

ഈ വളർച്ച സുഗമമായിരുന്നില്ല. ദുർഘടഭരിതമായിരുന്നു. വളരെയേറെ വെല്ലുവിളികളും അദ്ദേഹം നേരിട്ടു. എം. എൻ. ഗോവിന്ദൻ നായരുടെ ആത്മകഥയിലെ ഒരു സംഭവ വിവരണവും അതിന്റെ വിലയിരുത്തലും ഇവിടെ പ്രസക്തമാകുന്നു.

"1944–ലെ തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു ദിവസം കുന്നത്തൂർ താലൂക്കിലെ നാലഞ്ചു പൗരമുഖ്യന്മാർ എന്നെ കാണാൻ വന്നു. തിരഞ്ഞെടുപ്പ് കാലത്ത് അവരുമായി ഞാൻ പരിചയപ്പെട്ടിരുന്നതാണ്. ഞാൻ കശുവണ്ടി യൂണിയന്റെ നേതാവാണെന്ന് അറിഞ്ഞുകൊണ്ട് ഒരു മുതലാളിയുമായുള്ള യുദ്ധത്തിന് (കുന്നത്തൂരിലെ കശുവണ്ടി ഫാക്ടറി മുസലിയാരുടേത്: ജീവചരിത്രകാരൻ) എന്നെ ക്ഷണിക്കാൻ വന്നതാണ്. അവരുടെ നാട്ടിലെ ഒരു കശുവണ്ടി ഫാക്ടറി അവിടെനിന്നു പൊളിച്ചു മാറ്റിക്കണം. അതിനുള്ള പ്രക്ഷോഭണത്തിനു ഞാൻ നേതൃത്വം കൊടുക്കണം. വേണ്ടിവന്നാൽ ബല പ്രയോഗത്തിനുവരെ അവർ സന്നദ്ധമാണ്."

കഥ അന്വേഷിച്ചപ്പോഴാണു കള്ളി പുറത്താവുന്നത്. തലമുറതലമുറകളായി ഭൂവുടമകളുടെ അടിയാരെന്ന നിലയിൽ ജീവിച്ചിരുന്ന കർഷകത്തൊഴിലാളികൾ ആ ബന്ധങ്ങളെല്ലാം ലംഘിച്ച് ഭൂവുടമകളുടെ അനുമതിക്കുപോലും കാത്തു നിൽക്കാതെ കശുവണ്ടി മുതലാളിയുടെ പ്രലോഭനങ്ങൾക്കു വശംവദരായി ഫാക്ട

റികളിൽ ജോലിക്കു പോകുന്നു. അതവസാനിപ്പിക്കാനുള്ള ഒറ്റ മാർഗ്ഗം ഫാക്ടറി അവിടെനിന്നും പൊളിച്ചു മാറ്റിക്കുക എന്നുള്ള താണ്. അടിമത്തം അവസാനിച്ചിരുന്നെങ്കിലും നാട്ടിൻപുറങ്ങളിൽ കർഷകത്തൊഴിലാളികൾ ഏതെങ്കിലും ഭൂവുടമയുടെ അടിയാ രായിട്ടാണ് കഴിഞ്ഞു കൂടിയിരുന്നത്. അതായത്, ആ ഭൂവുടമയ്ക്ക് ജോലി ഉള്ളപ്പോൾ അയാൾക്ക് ജോലിക്കു പൊയ്ക്കൊള്ളണമെ ന്നുള്ളതു നിർബന്ധമാണ്. അയാളുടെയനുമതികൂടാതെ അന്യർക്ക് ജോലിക്കു പോകുന്നതു നിഷിദ്ധവുമാണ്. വർഷങ്ങളായി നില നിൽക്കുന്ന ഈ വ്യവസ്ഥയെ തകിടം മറിച്ചുകൊണ്ട് ഫാക്ടറിക ളിൽ പോകുന്നതു തടയണം. അതാണവരുടെ ആവശ്യം. എന്നാൽ അവിടെത്തന്നെ ഫാക്ടറി കൊണ്ടു പ്രയോജനമുള്ള മറ്റു വിഭാഗ ങ്ങൾ ഈ പ്രക്രിയയെ പ്രോത്സാഹിപ്പിക്കുകയാണ്. അതുകൊ ണ്ടാണ് വെളിയിലുള്ളവരുടെ സഹായം തേടാൻ ഭൂവുടമകൾ നിർബന്ധിതരായിരിക്കുന്നത്. മുതലാളിയുടെ പണവും സ്വാധീന വും, അവ ഉപയോഗിച്ചു വേണ്ടി വന്നാൽ ബലപ്രയോഗം സംഘ ടിപ്പിക്കാനുള്ള അവരുടെ കഴിവ്, മേസ്തിരിമാർ, സൂപ്പർവൈസർമാർ തുടങ്ങി ഫാക്ടറികളിലെ മറ്റു ജീവനക്കാരുടെ സ്വാധീനം എല്ലാം ചേരുമ്പോൾ അതു നാട്ടു പ്രമാണിമാരുടെ കഴിവിനെ അതിലം ഘിക്കുമായിരുന്നു. ഇക്കാര്യത്തിനു ഞങ്ങളെ കിട്ടുകയില്ലെന്നു മാത്രമല്ല, വേണ്ടി വന്നാൽ ഞങ്ങളും മുതലാളിയുടെ പക്ഷത്തായി രിക്കുമെന്നും പറഞ്ഞപ്പോൾ അവർ നിരാശരായി മടങ്ങി. അവർ സമര പ്രഖ്യാപനമൊന്നും നടത്താതെ മാറ്റത്തിനു കീഴ്‌വഴങ്ങേണ്ട തായി വന്നു. ഇത് ഒരു കുന്നത്തൂരിന്റെ മാത്രം കഥയല്ല. വ്യവ സായം എത്തിച്ചേർന്നിട്ടുള്ള എല്ലാ നാട്ടിൻപുറത്തിന്റെയും കഥ യാണ്. തകർന്നു കൊണ്ടിരുന്ന സാമ്പത്തിക – സാമൂഹ്യ ബന്ധ ങ്ങളിൽനിന്നും നാട്ടിൻപുറങ്ങളിലെ കർഷകത്തൊഴിലാളികളെ മോചിപ്പിക്കുന്ന കാര്യത്തിൽ അറിഞ്ഞുകൊണ്ടല്ലെങ്കിൽതന്നെ വിപ്ല വകരമായ ഒരു പങ്കു മദ്ധ്യതിരുവിതാംകൂറിൽ ഈ ഫാക്ടറികൾ വഹിച്ചിട്ടുണ്ട്. കശുവണ്ടി ഫാക്ടറികളിൽ വറപ്പ്, തല്ലു എന്ന രണ്ടു പ്രധാന ജോലിക്ക് അന്നും കർഷകത്തൊഴിലാളികളെയാണു മുഖ്യ മായും പ്രയോജനപ്പെടുത്തിയിരുന്നത്. (പേജ് 147,148)

മുസലിയാർ ഉൾപ്പെടെയുള്ള കശുവണ്ടി ഫാക്ടറിയുടമ കൾക്കു നേരിടേണ്ടി വന്ന ചില വെല്ലുവിളികൾ അവരുടെ സ്വകാര്യ സേന, നാട്ടിൽ വരുത്തിയ വിപ്ലവം, അന്നത്തെ ട്രേഡു യൂണിയൻ പ്രവർത്തനതന്ത്രം തുടങ്ങിയവയൊക്ക ഇതിൽനിന്നു വ്യക്തമാകു ന്നുണ്ട്.

കൊല്ലത്തുതന്നെ വെണ്ടർ കൃഷ്ണപിള്ളയും, പൊയില ക്കട പരമേശ്വരൻപിള്ളയും, കിടങ്ങൻ കേശവൻ മുതലാളിയും, ഗംഗാ ധരൻ മുതലാളിയും ഗോവിന്ദനാശാനും, നാരായണസ്വാമി റഡ്യാ രും, ഈച്ചംവീടു മൈതീൻകുഞ്ഞും, വി. എൻ. വറുഗീസും, മുള്ളേ ത്താനും കൊലകൊമ്പന്മാരായ കശുവണ്ടി വ്യവസായികളായിരു ന്നു. ഇവരിലാർക്കുംതന്നെ മുസലിയാരോളം ഫാക്ടറിയുണ്ടായി രുന്നില്ല. നാലഞ്ചു ഫാക്ടറികൾപോലും ഉള്ളവർ തന്നെ ഏറെ കുറവായിരുന്നു. കിടമത്സരവും, കുതികാൽവെട്ടും ഇവരിൽ ചില രിൽനിന്നു നേരിടേണ്ടി വന്നിരുന്നുതാനും. അവയൊക്കെ അതി ജീവിക്കാൻ പോന്ന തന്ത്രബുദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു.

1930 കളിൽ 50 കെയ്സ് അണ്ടിപ്പരിപ്പ് ന്യൂയോർക്കിലേക്ക് കയറ്റി അയച്ച് ഇന്ത്യയ്ക്ക് വിദേശനാണ്യം നേടിയ ഏക ഇന്ത്യാ ക്കാരനെന്ന ബഹുമതി മുസലിയാർക്കു ലഭിച്ചു. അദ്ദേഹത്തിന്റെ കശുവണ്ടി ഫാക്ടറികളിൽ കാൽലക്ഷത്തോളം തൊഴിലാളികളും 1500 ൽപ്പരം സ്റ്റാഫംഗങ്ങളും ജോലി ചെയ്തിരുന്നു. ഒരൊറ്റ വ്യക്തി യുടെ സ്ഥാപനങ്ങളിലൂടെ ഇത്രയേറെപ്പേരുടെ തൊഴിൽ ദാതാ വെന്ന നിലയിൽ 'ഫോർച്യൂൺ' അമേരിക്കൻ മാസിക മുസലി യാരെ 'മാൻഓഫ് ദ ഈയർ' ആയി 1954ൽ തെരഞ്ഞെടുത്തിരു ന്നു. അമേരിക്കയിലെ ഇറക്കുമതി വൃത്തങ്ങളിൽ അദ്ദേഹം അറി യപ്പെട്ടിരുന്നത് കശുവണ്ടി രാജാവെന്നായിരുന്നു. കശുവണ്ടി വ്യവ സായത്തോടു ബന്ധപ്പെട്ട് ബന്ധപ്പെട്ടു കൊച്ചി, ആലുവാ, തൃശൂർ, ഇരിങ്ങാലക്കുട, കണ്ണൂർ, മഞ്ചേരി, മംഗലാപുരം എന്നീ സ്ഥലങ്ങ ളിൽ ഗോഡൗണുകളുണ്ടായിരുന്നു.

മുസലിയാർ അനുബന്ധ വ്യവസായങ്ങളും നടത്തിയിരു ന്നു. സ്വന്തം ഫാക്ടറികളുടെയും വീടുകളുടെയും നിർമ്മാണത്തി നാവശ്യമായ ഇഷ്ടികയ്ക്കും, ഓടിനും വേണ്ടിയായിരുന്നു എ. ടി. കെ. എം. ഓട്ടു കമ്പനി ആരംഭിച്ചത്. അണ്ടിപ്പരിപ്പു പായ്ക്കു ചെയ്യുന്നതിനാവശ്യമായിരുന്ന ടിൻപെട്ടികളുടെ നിർമ്മാണത്തിനു രണ്ടാംകുറ്റിയിലും കണ്ണനല്ലൂരും കൊട്ടിയത്തും എ. ടി. കെ. എം. ടിൻ ഫാക്ടറികളും സ്ഥാപിച്ചു. മരപ്പെട്ടികളുണ്ടാക്കാൻ കിളികൊ ല്ലൂരും ഉളിയക്കോവിലിലും സാമില്ലുകളും വർക്കുഷോപ്പുകളുമുണ്ടാ യിരുന്നു. തടിയുടെ ആവശ്യത്തിനു വനത്തിലെ കൂപ്പുകൾ ലേല ത്തിൽ പിടിച്ചിരുന്നു. 1950–ൽ പത്തുകൂപ്പ് ഒരുമിച്ചു ലേല ത്തിൽപ്പിടിച്ച് വാർത്ത സൃഷ്ടിച്ചു. എഫ്. എ. സി. ടി. ക്ക് വിറകെ ത്തിക്കാൻ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് (ആലുവ) നുവേ ണ്ടിയായിരുന്നു അത്. ആ സംരംഭം പരാജയപ്പെടുത്താൻ പലരും

കൂട്ടായി നടത്തിയ ശ്രമം പരാജയപ്പെടുത്തുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. കരാറിന്റെ കാലാവധി അവസാനിച്ചപ്പോൾ അതിന്റെ പ്രവർത്തനം അവസാനിപ്പിക്കാതിരിക്കാൻ കാലടിക്കടുത്തുള്ള കോടനാട്ടു ഫോറസ്റ്റു റേഞ്ചിന്റെ കീഴിൽ അഞ്ചു വർഷത്തേക്കു തേക്കു കൃഷിക്കു വനഭൂമി സർക്കാരിനോട് ആവശ്യപ്പെട്ടു. അന്നത്തെ തിരു-കൊച്ചി പ്രധാനമന്ത്രി അതിനനുകൂലമായിരുന്നു. മന്ത്രിസഭയുടെ പതനത്തെത്തുടർന്നു അതു നടക്കാതെപോയി. വനവിഭവ വ്യവസായക്കമ്പനിയുടെ പ്രവർത്തനം അതോടെ അവസാനിച്ചു.

1930 കളിൽ പാളിപ്പോയ ഒരുദ്യമത്തെപ്പറ്റി സി. പി. മാത്തന്റെ **I HAVE BORN MUCH** എന്ന ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുണ്ട്. ക്വയിലോൺ ബാങ്കിന്റെ സ്ഥാപകനായിരുന്നു അദ്ദേഹം. ഇതിന്റെയും ട്രാവൻകൂർ നാഷണൽ ബാങ്കിന്റെയും സംയോജനം നടന്നപ്പോൾ പതിമൂന്നംഗ ഡയറക്ടർ ബോർഡിൽ സർ. സി. പി. രാമസ്വാമി അയ്യർ, കെ. സി. മാമ്മൻ മാപ്പിള മുതലായ പ്രശസ്തരോടൊപ്പം തങ്ങൾകുഞ്ഞു മുസലിയാരുമുണ്ടായിരുന്നു. തുടർച്ചയായ ദുഷ്പ്രചരണങ്ങളിലൂടെയും കുത്സിതനീക്കങ്ങളിലൂടെയും സർ. സി. പി. നിക്ഷേപകരെ ഇളക്കിവിട്ടു. നിക്ഷേപങ്ങൾ പിൻ വലിപ്പിച്ചും സ്വയം നിക്ഷേപം പിൻവലിച്ചും 1938 ജൂൺ 21ന് ഈ ബാങ്കിനെ ശ്വാസം മുട്ടിച്ചുകൊന്നു. (മനോരമ ജന്മശതാബ്ദിപ്പതിപ്പ്) ഈ ദുരനുഭവമാണ് പ്രസ്തുത ഗ്രന്ഥത്തിലെ പ്രതിപാദ്യം. അതിൽ സാന്ദർഭികമായി അദ്ദേഹം പി. വി. സ്വാമിനാഥനും തങ്ങൾകുഞ്ഞ് മുസലിയാരും കൂടി കുണ്ടറയിൽ കളിമൺ ഫാക്ടറിക്ക് ഭൂമി വാങ്ങി. സർ. സി. പി. ഇടപെട്ട് അതു തടഞ്ഞു. ഗവ. ഉടമയിൽ സെറാമിക് വർക്സ് ആരംഭിച്ചു (പേജ് 38, 39). ഇങ്ങനെ ഏതു വ്യവസായ സംരംഭത്തിനും സദാ സന്നദ്ധനായിരുന്നു മുസലിയാർ. ഇതു വിജയിച്ചിരുന്നെങ്കിൽ അദ്ദേഹം എത്രയോപേരുടെ കൂടി തൊഴിൽ ദാതാവാകുമായിരുന്നു!

കശുവണ്ടി വ്യവസായത്തോടു ബന്ധപ്പെട്ടു തന്നെ വേറെയും തൊഴിൽ സൗകര്യങ്ങൾ സുലഭമായിരുന്നു. ആദ്യകാലത്തു ചരക്ക് നീക്കത്തിനു മുസലിയാർ കാളവണ്ടികളും സ്വന്തമായി വാങ്ങി. ഒരവസരത്തിൽ 41 കാളവണ്ടികളും 33 വള്ളങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. പിന്നീട് ഈ ആവശ്യത്തിന് 22 ലോറികളും 4 ബോട്ടുകളും (ഒരെണ്ണം യാത്രാബോട്ട്) അദ്ദേഹം വാങ്ങി. ഉമൈബാൻ എന്ന പേരിൽ ടഗ്ഗ് ആന്റ് ബാർജ് സർവ്വീസും അദ്ദേഹത്തിന്റെ വകയായിട്ടുണ്ടായിരുന്നു. 18 കാറുകളുടെ ഉടമയുമായി

അദ്ദേഹം. ഇവയ്ക്കെല്ലാം പുറമെ പെട്രോൾ പമ്പും. ഇവയിലെല്ലാം നേരിട്ടു മാത്രം തൊഴിൽ ചെയ്തിരുന്നവരുടെ എണ്ണവും പരിമിതമല്ലായിരുന്നു. ചുരുക്കത്തിൽ വ്യവസായ മേഖലയിൽ മാത്രം വളരെ വലിയൊരു തൊഴിൽ ദാതാവായിരുന്നു മുസലിയാർ!

ഒരൊറ്റയാൾപ്പട്ടാളം വെട്ടി കൂട്ടിയ നേട്ടങ്ങളുടെ പട്ടിക ഇത്രയുംകൊണ്ട് അവസാനിച്ചിരുന്നില്ല. അദ്ദേഹം കടന്നു കയറിയ കാർഷികമേഖലയിലുമുണ്ടായി വളരെയേറെ തൊഴിലുകൾ. കർഷക സുൽത്താൻ കൂടിയായിരുന്നു മുസലിയാർ.

1950 കളിൽത്തന്നെ അദ്ദേഹം ഇന്റഗ്രേറ്റഡ് ഫാമിംഗ് വിജയകരമായി നടപ്പാക്കി. ഇടമണ്ണിനടുത്ത് ഉറുകുന്നിൽ നൂറേക്കർ വനഭൂമി വാങ്ങി റബ്ബർ, തെങ്ങ്, കമുക്, കുരുമുളക് തുടങ്ങിയ നാണ്യവിളകളും നെല്ലും കൃഷി ചെയ്യുക മാത്രമല്ല, കാലിവളർത്തൽ വിപുലമായ തോതിൽ നടത്തുകയും ചെയ്തു. കോന്നിയ്ക്കടുത്ത് അതിരുങ്കലിലെ രത്നഗിരി എസ്റ്റേറ്റിൽ (300ൽപ്പരം ഏക്കർ) റബ്ബർ മാത്രമായിരുന്നു കൃഷി. കുളത്തൂപ്പുഴയ്ക്കു സമീപം കല്ലുവെട്ടാംകുഴിയിലെ മുസലിയാർ എസ്റ്റേറ്റിലെ (40ൽപരം ഏക്കർ) റബ്ബറും നെല്ലും കൃഷി ചെയ്തു. 120 ഏക്കറോളമുള്ള സ്പ്രിംഗ്‌വാലി എസ്റ്റേറ്റിലും (അരിപ്പ) ഇന്റഗ്രേറ്റഡ് ഫാമിംഗായിരുന്നു. എടമണ്ണിലെ കുത്തനാടി എസ്റ്റേറ്റും ചെറുനല്ലൂർ എസ്റ്റേറ്റും താരതമ്യേന ചെറുതായിരുന്നു. ഇവയിൽ ചിലതു ദീർഘകാലാടിസ്ഥാനത്തിൽ സർക്കാർ വനഭൂമി പാട്ടത്തിനെടുത്തതായിരുന്നു.

കായലോരം തൊട്ടു കാടുവരെ മുസലിയാരുടെ വ്യവസായവും കൃഷിയും വ്യാപിച്ചു. പട്ടിക്കാടുകളായിരുന്ന സ്ഥലങ്ങൾ കൊച്ചു കൊച്ചു കച്ചവട കേന്ദ്രങ്ങളായി. കാടുനാടായി. നാട്ടുകാരിൽ തൊഴിൽ സുലഭമായി. കാർഷിക സംസ്കൃതി തിരോഭവിച്ചുകൊണ്ടിരുന്നു. കുടുംബത്തിലെ വരുമാനം ഇടത്തരക്കാരിൽവരെ പുരുഷന്മാരിൽനിന്നു സ്ത്രീകളിലേയ്ക്ക് സംക്രമിച്ചു. ഫ്യൂഡൽ ഉല്പാദന ബന്ധങ്ങൾ തകർന്നു. വ്യവസായ വിപ്ലവത്തിന്റെ പ്രഭാതം പിറന്നു. സാമൂഹിക സാമ്പത്തിക വിപ്ലവത്തിന്റെ കിരണങ്ങൾ പ്രസരിച്ചു. ഇതിന്റെ വിധാതാക്കളുടെ നിരയിൽ ഏറ്റവും മുന്നിൽ തങ്ങൾ കുഞ്ഞു മുസലിയാർ തന്നെ. ചട്ടമ്പിസ്വാമികളും ശ്രീനാരായണ ഗുരുവും വക്കം മൗലവിയും അയ്യങ്കാളിയും നയിച്ച വിപ്ലവ പ്രസ്ഥാനങ്ങളുടെ പൂരകമെന്നോണമായിരുന്നു കശുവണ്ടി വ്യവസായികളുടെ ഈ ഉപോൽപ്പന്ന പ്രഭാവമെന്നു വിസ്മരിക്കരുതുതാനും

# സമരങ്ങൾ! സമരങ്ങൾ!!

കശുവണ്ടി ഫാക്ടറികളിൽ തൊഴിലാളി സംഘടനകൾ കരുത്താർജ്ജിച്ചു. അവകാശ സമരങ്ങൾ സജീവമായി. ലഘുലേഖകളും, പൊതുയോഗങ്ങളും പ്രകടനങ്ങളും ആയിരുന്നു ആദ്യകാലത്തെ സമര ശൈലികൾ. തൊഴിലാളികൾക്കു മുതലാളിമാരോടു കൂറു കുറഞ്ഞു. ഏറ്റവും കൂടുതൽ കശുവണ്ടി ഫാക്ടറികളുടെ ഉടമതങ്ങൾകുഞ്ഞു മുസലിയാരായിരുന്നു. അവയുടെ കേന്ദ്രാഫീസ് കിളികൊല്ലൂരും. അതുകൊണ്ടു തന്നെ സമരങ്ങളുടെ സിരാകേന്ദ്രം കിളികൊല്ലൂരായിത്തീർന്നു.

1939-ൽ മുസലിയാർ പല കുറ്റങ്ങൾ ആരോപിച്ച് ഏതാനും തൊഴിലാളികളെ പിരിച്ചുവിട്ടു. അവരെ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടു കശുവണ്ടി തൊഴിലാളികൾ സമരാങ്കണത്തിലിറങ്ങി. മുസലിയാരുടെ സ്വകാര്യ സേനയും സമരസജ്ജരായി. സംഘട്ടനങ്ങൾ നടന്നു. കശുവണ്ടി മേഖലയിലെ ആദ്യത്തെ സമരം പോലീസിന്റെ ലാത്തിച്ചാർജ്ജിനിടയാക്കി. പോലീസ് ഇൻസ്പെക്ടർ ജനറൽ ഇടപെട്ടു സമരം ഒത്തു തീർപ്പിലെത്തിച്ചു. പിരിച്ചുവിടപ്പെട്ടവരിൽ പകുതിപ്പെരെ മാത്രം തിരിച്ചെടുത്തു. തിരിച്ചെടുക്കപ്പെട്ടവർക്ക് കശുവണ്ടി ഫാക്ടറികളിലല്ല തൊഴിൽ നൽകിയത്.

മുസലിയാരെ കശുവണ്ടിത്തൊഴിലാളി യൂണിയൻ പ്രസിഡന്റു സ്ഥാനത്തുനിന്നും പുറന്തള്ളിയപ്പോൾ ഫാക്ടറികൾ അടച്ചിട്ടു. തൊഴിലാളികൾ സമരം നടത്തി. സമരത്തിനു സഹായം നൽകിയ സി. എം. മൈതീൻകുഞ്ഞിനെ (പിന്നീട് കമ്മ്യൂണിസ്റ്റു നേതാവ്) യും മറ്റു ചില തൊഴിലാളികളെയും പിരിച്ചുവിട്ടു. സത്യാഗ്രഹ സമരം നടത്തി. മൈതീൻ കുഞ്ഞിനെ മാത്രം തിരിച്ചെടുത്തില്ല. ഒരു വർഷത്തോളം അദ്ദേഹത്തെ തിരിച്ചെടുക്കാൻ വേണ്ടി സത്യാഗ്രഹസമരം തുടർന്നു. മുസലിയാർ വഴങ്ങിയില്ല.

കശുവണ്ടി വ്യവസായം ഫാക്ടറി ആക്റ്റിൽ ഉൾപ്പെടുത്താനുള്ള സമരം ഇതിനകം നിവേദനങ്ങളിലും പ്രകടനങ്ങളിലും ഒതുങ്ങിയിരുന്നു. ദിവാൻ സർ. സി. പി. രാമസ്വാമി അയ്യർ സമരം നയിച്ചിരുന്ന എം. എൻ. ഗോവിന്ദൻനായരുമായി നടത്തിയ ചർച്ചയിൽ ഈ ആവശ്യം അംഗീകരിച്ചു. അതോടെ തൊഴിലാളിക

ളുടെ ഇടയിൽ അവകാശ സമരാവേശം അലയടിച്ചു.

ഫാക്ടറിത്തൊഴിലാളികൾക്കുണ്ടായിരുന്ന ആനുകൂല്യങ്ങൾക്കുവേണ്ടി കശുവണ്ടിത്തൊഴിലാളികൾ അവകാശവാദം ഉന്നയിച്ചു. മുതലാളിമാർ അതു തിരസ്ക്കരിച്ചു. തൊഴിലാളികൾ അവകാശ സമരം സമാരംഭിച്ചു. ബോണസ്സ് പ്രശ്നമായിരുന്നു പ്രധാനമായി ഉന്നയിച്ച അവകാശം. 1945 ഡിസംബറിലായിരുന്നു സമരത്തിന്റെ തുടക്കം. സത്യാഗ്രഹസമരമായിരുന്നു നടത്തിയത്. മുസലിയാരുടെ ഹെഡ്ഓഫീസിലായിരുന്നു സത്യാഗ്രഹം. എം. എന്നും. മുസലിയാരും തമ്മിൽ നടന്ന കൂടിയാലോചന അലസിപ്പിരിഞ്ഞു. മുസലിയാരുടെ മുഴുവൻ ഫാക്ടറികളിലെയും തൊഴിലാളികൾ പണി മുടക്കി. സമരം 11 ദിവസം നീണ്ടു നിന്നു. പലവട്ടം കൂടിയാലോചനകൾ നടന്നു. അദ്ദേഹം വിട്ടുവീഴ്ചക്കു തയ്യാറായില്ല. സമരക്കാരും മുസലിയാരുടെ സ്വകാര്യ സേനയും തമ്മിൽ പലയിടത്തും പലപ്രാവശ്യം സംഘട്ടനങ്ങൾ നടന്നു. കൊല്ലം ജില്ലയാകെ അസ്വസ്ഥ ബാധിതമാകുകയായിരുന്നു. കൊല്ലം ഡിവിഷൻ പേഷ്ക്കാർ മുസലിയാരുടെ മേൽ സമ്മർദ്ദം ചെലുത്തി. കശുവണ്ടിത്തൊഴിലാളികൾക്ക് ബോണസ്സിന് അവകാശമുണ്ടോ എന്ന പ്രശ്നം രണ്ടു തൊഴിലാളിപ്രതിനിധികളും രണ്ടു മുതലാളി പ്രതിനിധികളും ഡിവിഷൻ പേഷ്ക്കാരും അടങ്ങുന്ന കമ്മറ്റിക്കു വിട്ടുകൊണ്ട് ഒത്തുതീർപ്പായി. എന്നാൽ പേഷ്ക്കാർക്കു പകരം ലേബർ വകുപ്പു മേധാവിയെ കമ്മറ്റിയിൽ ഉൾപ്പെടുത്തണമെന്ന് എം.എൻ. ആവശ്യപ്പെട്ടു. ഗവണ്മെന്റ് അതംഗീകരിച്ചു. മുസലിയാർ ഈ തീരുമാനം എതിർത്തു. സമരം തുടർന്നു. ദിവാൻതന്നെ മുസലിയാരെ ഉപദേശിച്ചതിനെത്തുടർന്ന് ബോണസ്സ് സമരം ഈ കമ്മറ്റിയെ അംഗീകരിച്ചുകൊണ്ട് ഒത്തുതീർപ്പായി.

കമ്മറ്റിയുടെ തീരുമാനം തൊഴിലാളികൾക്ക് അനുകൂലമായിരുന്നു. ബോണസ്സ് നീക്കിവയ്ക്കപ്പെട്ട കൂലി എന്നായിരുന്നു തീരുമാനം. ഇങ്ങനെ ഇന്ത്യായിലാദ്യമായി ഫാക്ടറിത്തൊഴിലാളികൾക്കു ബോണസ്സ് അംഗീകരിക്കപ്പെട്ട സമരമായിരുന്നു അത്.

തൊഴിലാളികൾ എല്ലാ ഫാക്ടറികളിലും അക്രമം അഴിച്ചുവിട്ടതിനാലുണ്ടായ കഷ്ടനഷ്ടങ്ങൾ മൂലം മുസലിയാർ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിച്ചില്ല. ഗവണ്മെന്റിൽ പ്രേരണ ചെലുത്തിയോ, ആർബിട്രേഷനുവിട്ടോ പ്രശ്നം പരിഹരിക്കാൻ വേണ്ടി തൊഴിലാളിയൂണിയൻ ലഘുലേഖകൾ വ്യാപകമായി വിത

രണം ചെയ്തു. പൊതുയോഗങ്ങൾ സംഘടിപ്പിച്ചു. വൻ പ്രകടനങ്ങൾ നടത്തി. ചില സംഘട്ടനങ്ങൾ വീണ്ടും അരങ്ങേറി. മുസലിയാർ ആർബിട്രേഷനു വഴങ്ങി. നീതിനിഷ്ഠനെന്നു വിഖ്യാതനായിരുന്ന ജഡ്ജി സത്യനേശനായിരുന്നു ആർബിട്രേറ്റർ.

ഒത്തുതീർപ്പു വ്യവസ്ഥകൾ മുസലിയാർ കൃത്യമായി നടപ്പിലാക്കുമായിരുന്നു. മറ്റു ഫാക്ടറിയുടമകൾ അതിന് അദ്ദേഹത്തെ പ്രതിക്കൂട്ടിൽ കയറ്റി. അദ്ദേഹം കുലുങ്ങിയില്ല. 1951 ഏപ്രിലിൽ വീണ്ടും ബോണസ്സിനുവേണ്ടി രണ്ടാഴ്ചയോളം നീണ്ട പണിമുടക്കു സമരം നടന്നു. അന്നത്തെ സംസ്ഥാന പ്രധാനമന്ത്രി സി. കേശവൻ ഇടപെട്ട് സമരം ഒത്തു തീർപ്പിലെത്തിച്ചു. 4 ദിവസത്തെ ശമ്പളം ബോണസ്സ് അംഗീകരിക്കപ്പെട്ടു. 2 ദിവസങ്ങൾ മുൻകൂറായിത്തന്നെ മുസലിയാർ വിതരണം ചെയ്തു. തെന്മലയിലെ തോട്ടത്തിന്റെ അതിർത്തിത്തർക്കത്തിൽ മുസലിയാർ സി. കേശവനുമായി കലഹിച്ചിരുന്നു. അതായിരുന്നു ഒത്തുതീർപ്പു സമ്മർദ്ദത്തിനു കാരണമെന്നു കരുതി മുസലിയാർ. ആവശ്യത്തിൽ കൂടുതലാണെന്നു പറഞ്ഞു കുറെ തൊഴിലാളികളെ ഫാക്ടറികളിൽനിന്നു പിരിച്ചുവിട്ടു. തൊഴിലാളികൾ സത്യാഗ്രഹ സമരം നടത്തി. ദീർഘനാളത്തെ സമരത്തിനുശേഷവും അവർ തിരിച്ചെടുക്കപ്പെട്ടില്ല. സമരം സ്വയം കെട്ടടങ്ങി. സമരം ഒരു തുടർക്കഥയായിത്തീർന്നു.

തോട്ടണ്ടി സംഭരണത്തിൽ കൃത്രിമം കാട്ടിയെന്നാരോപിച്ച് 1954–ൽ വി. കെ. ഹസ്സൻകുട്ടി മുസലിയാരെ (പിന്നീട് ഐ.എൻ.റ്റി.യു.സി നേതാവ്) മുസലിയാർ പിരിച്ചുവിട്ടു. അഡ്വ. സി. എം. സ്റ്റീഫൻ (പിൽക്കാലത്തു കേന്ദ്രമന്ത്രി) ഇടപെട്ടു. ഒത്തുതീർപ്പു ശ്രമം പരാജയപ്പെട്ടു. സ്റ്റീഫൻ മറ്റൊരു യൂണിയൻ സംഘടിപ്പിച്ചു സത്യഗ്രഹ സമരം നടത്തി. അതു വിഫലമായി. ഇൻഡസ്ട്രിയൽ ട്രി ബ്യൂണലിൽ പരാതി നൽകി. വിധി ഹസ്സൻ കുട്ടിക്ക് അനുകൂലമായിരുന്നു. ഈ കേസ്സ് സുപ്രീം കോടതിവരെ എത്തി. അവിടെയും വിധി മുസലിയാർക്ക് പ്രതികൂലമായി. ഹസ്സൻകുട്ടിയെ തിരിച്ചെടുത്ത് ജോലി ചെയ്യിക്കാതെ ശമ്പളം മണിയോർഡറായി കൊടുത്തുകൊണ്ടിരുന്നു. നിരപരാധിത്വം തെളിയിയ്ക്കപ്പെടുകയും ഒരു യൂണിയൻ സ്ഥാപനത്തിനു ഹേതുഭൂതനായിത്തീരുകയും ചെയ്ത സംതൃപ്തിയോടെ ഹസ്സൻ പിന്നീടു മുസലിയാരുടെ ഓഫീസിൽ ജോലിക്ക് പോയില്ല.

മുസലിയാരുടെ കശുവണ്ടി ഫാക്ടറികളിലെ സമരം ചെറു

തോ, വലുതോ ആകട്ടെ ഓരോ സമരവും അദ്ദേഹത്തിന് മാരകമായ മുറിവായിരുന്നു. അത് ഉണങ്ങാത്തതുമായിരുന്നു. അദ്ദേഹം വെറുമൊരു തൊഴിൽ ദാതാവായ കുത്തക മുതലാളിയല്ലെന്ന് അദ്ദേഹം അഭിമാനം കൊണ്ടിരുന്നു. വളർച്ചയുടെ വഴികളിലെ ഉറ്റബന്ധുക്കളായിരുന്നു. അദ്ദേഹത്തിനും ആ തൊഴിലാളികൾ. അതുകൊണ്ടു തന്നെ തനിക്കെതിരെ സമരം ചെയ്തവരോട് അദ്ദേഹം പ്രതികാരാഗ്നി കെടാതെ മനസ്സിൽ കാത്തു സൂക്ഷിച്ചു പ്രവർത്തിച്ചുപോന്നു.

1956–ൽ എല്ലാ ഫാക്ടറികളിലെയും തൊഴിലാളികൾക്കു 10, 15, 20, 25 രൂപ വീതം മുഖം നോക്കി വിതരണം ചെയ്തു. തൊഴിലാളികൾ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടു തള്ളിക്കേറി പ്രക്ഷുബ്ധാന്തരീക്ഷം സൃഷ്ടിച്ചു. മുസലിയാർ തൊഴിലാളി നേതാക്കളുമായി സന്ധി സംഭാഷണം നടത്തി. ദീർഘനേരത്തെ സംഭഷണത്തിനു ശേഷം ഓരോ തൊഴിലാളിക്കും 30 രൂപ വീതം ഉടനടി വിതരണം ചെയ്തു. ബോണസ് വിതരണം കഴിഞ്ഞപ്പോൾ അദ്ദേഹം 26 കശുവണ്ടി ഫാക്ടറികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടി.

കക്ഷിഭേദം മറന്ന് എല്ലാ തൊഴിലാളി സംഘടനകളും ഒറ്റക്കെട്ടായി സമരം ആരംഭിച്ചു. ഫാക്ടറികളിലെ ഉത്പന്നങ്ങൾ കടത്തികൊണ്ടു പോകാനുള്ള ശ്രമം തടഞ്ഞു. മുസലിയാർ ഗവണ്മെന്റിനോട് പോലീസ് സംരക്ഷണം ആവശ്യപ്പെട്ടു. പോലീസ് കാവലോടെ എല്ലാ ഫാക്ടറികളിലെയും ഉൽപ്പന്നങ്ങൾ കടത്തികൊണ്ടുപോയി. കേരളത്തിലെ ആദ്യത്തെ ഇ. എം. എസ്. മന്ത്രിസഭയുടെ കാലം. തൊഴിലാളിരോഷം ആളിപ്പടർന്നു. ഗവണ്മെന്റ് പലവട്ടം മുസലിയാരുമായി കൂടിയാലോചന നടത്തി. മുസലിയാർ കൂടിയാലോചനയ്ക്കു മുമ്പു തന്നെ ഉറച്ചതീരുമാനം പ്രഖ്യാപിച്ചിരുന്നു, വ്യവസ്ഥ ഏതായാലും ഫാക്ടറികൾ തുറക്കുകയില്ലെന്ന്. ഗവണ്മെന്റും ഐ. എൻ. ടി. യു. സി. നേതാക്കളും പ്രധാനമന്ത്രി നെഹ്റുവിനു നിവേദനം നൽകി. അദ്ദേഹം മുസലിയാർക്ക് കമ്പി സന്ദേശം നൽകി. മുസലിയാരുടെ മനം മാറിയില്ല. നെഹ്റു തിരുവനന്തപുരം സന്ദർശിച്ചപ്പോൾ അദ്ദേഹം മുസലിയാരുടെ മേൽ സമ്മർദ്ദം ചെലുത്തി. 22 ലക്ഷം രൂപ കേന്ദ്ര സഹായം അനുവദിച്ചു. സഹകരണാടിസ്ഥാനത്തിൽ 10 ഫാക്ടറികൾ മാത്രം തുറന്നു. ഫാക്ടറികളുടെ എ. ടി. കെ. എം. എന്ന പഴയ പേരുമാറ്റി മുസലിയാർ ഇൻഡസ്ട്രീസ് എന്ന പേരായിരുന്നു പിന്നീടു നൽകിയത്.

ഡയറക്ടർ ബോർഡിൽ നിന്നു മുസലിയാർ വിട്ടു നിന്നു. മുസലിയാർ മക്കൾക്കും മരുമക്കൾക്കും അന്ത്യശാസനം നൽകി, ഇന്നാട്ടിലിനി കശുവണ്ടി ഫാക്ടറികൾ നടത്താതെ കുടിവറപ്പു മാത്രം നടത്തുക എന്ന്. ഇത് അദ്ദേഹത്തിന്റെ അനന്തരഗാമികൾ മാത്രമല്ല, മറ്റു കശുവണ്ടി ഫാക്ടറി ഉടമകളും ശിരസാ വഹിച്ചു.

ഫാക്ടറി ഉടമകളുടെ ഏജന്റുമാർ കുടി വറപ്പു ആരംഭിച്ചു. അവകാശമൊന്നും നൽകിയില്ലെന്നു മാത്രമല്ല കൂലിയും. തൊഴിൽ സൗകര്യങ്ങൾ വളരെ കുറവായിരുന്നു.

കശുവണ്ടിത്തൊഴിലാളികൾ സമരം നടത്തിക്കൊണ്ടിരുന്നു. കമ്മ്യൂണിസ്റ്റു ഗവണ്മെന്റ് ഫാക്ടറികളുടെ പ്രവർത്തനത്തിനും വായ്പ നൽകി. തൊഴിലാളികൾക്ക് വേതന വർദ്ധനയ്ക്ക് സമ്മർദ്ദമേറി. തൊഴിലാളികളുടെ ഈ അവകാശവാദം ഇൻഡസ്ട്രിയൽ ട്രിബൂണൽ അംഗീകരിച്ചു. നികുതിയിനത്തിൽ ഗവണ്മെന്റു വൻതുക കുടിശ്ശിക ചുമത്തി. കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം അവസാനിപ്പിക്കണമെന്നും മുസലിയാർ ഡയറക്ടർ ബോർഡിനു നിർദ്ദേശം നൽകി. അതു പാലിക്കപ്പെട്ടു.

അധികം താമസിയാതെ തങ്ങൾകുഞ്ഞു മുസലിയാർ അന്തരിച്ചു. കേരളത്തിൽ സ്വകാര്യമേഖലയിലെ ഫാക്ടറികളുടെയെല്ലാം പ്രവർത്തനം ക്രമേണ നിലച്ചു. കശുവണ്ടി വ്യവസായികൾ അയൽ സംസ്ഥാനങ്ങളിൽ കുടിവറപ്പിലൂടെ വ്യവസായം തുടർന്നു. കേരളത്തിലെ ബഹുഭൂരിപക്ഷം കശുവണ്ടിത്തൊഴിലാളികളും തൊഴിൽ രഹിതരായി. വർഷം തോറും അണ്ടിപ്പരിപ്പിന്റെ കയറ്റുമതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു! കേരളത്തിലെ കശുവണ്ടി വ്യവസായികൾ തന്നെയാണ് കയറ്റുമതിക്കാർ!

19459

# പത്രപ്രവർത്തനം

തിരുവിതാംകൂർ മുസ്ലീം മജ്‌ലിസിന്റെ സെൻട്രൽ കൗൺസിൽ ഒരു പത്രം തുടങ്ങണമെന്നു തീരുമാനിച്ചു. അതിന്റെ പ്രസിഡന്റു തങ്ങൾകുഞ്ഞു മുസലിയാർ സ്വന്തനിലയിൽ ആ തീരുമാനം നടപ്പിലാക്കണമെന്നു മറ്റുള്ളവർ സമ്മർദ്ദം ചെലുത്തി. വ്യവസായ സ്ഥാപനങ്ങളിലെ അച്ചടിക്കു വേണ്ടി അദ്ദേഹം ലാഭവിലയ്ക്ക് ഒരു പ്രസ്സ് വാങ്ങിയപ്പോൾ ആ സമ്മർദ്ദം വർദ്ധിച്ചു. കച്ചവട നിലവാരം മനസ്സിലാക്കാൻ ഇംഗ്ലീഷ് മലയാളം പത്രങ്ങളിലും റേഡിയോയിലും നിന്നു വാർത്ത സംഭരിക്കുന്ന ശീലവും അദ്ദേഹത്തിനുണ്ടായിരുന്നു. കച്ചവടക്കണ്ണുള്ള ഈ മാധ്യമ മനസ്സും കൂടിച്ചേർന്നാവണം അദ്ദേഹത്തെ ഒരു പത്രപ്രവർത്തകന്റെ പദവിയും തേടിയെത്തിയത്.

പ്രസ്സിന്റെ ചുമതല എ. എ. റഹിമിനെ ഏല്പിച്ചു. അതിനു മുസലിയാർ വിജ്ഞാനപോഷിണി പ്രസ്സ് എന്നു നാമകരണം ചെയ്തു. ദിനപത്രത്തിനു മുന്നോടിയായി ഒരാഴ്ചപ്പതിപ്പു തുടങ്ങാനുള്ള റഹിമിന്റെ നിർദ്ദേശം അദ്ദേഹം അംഗീകരിച്ചു. പത്രാധിപരായി പി. കെ. ശിവശങ്കരപിള്ളയെ (പിന്നീടു കേരള സാഹിത്യ അക്കാദമി സെക്രട്ടറി) നിയമിച്ചു. ആഴ്ചപ്പതിപ്പിനു മുസലിയാർ പ്രഭാതം എന്നു പേരു നല്കി. മുഹമ്മദലിജിന്നയുടെ നേതൃത്വത്തിലുള്ള മുസ്ലീംലീഗിന്റെ മുഖപത്രത്തിന്റെ പേര് ഡോൺ എന്നായിരുന്നതിനാൽ ഈ പേര് പലർക്കും പഥ്യമായില്ല. ഇക്കാര്യം പി. കെ. അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. സുവിശേഷ പ്രസംഗശൈലിയിൽ, "രാത്രിയിൽ കരച്ചിൽ വന്നു രാപാർക്കുന്നു, പ്രഭാതത്തിലോ ആനന്ദഘോഷം വരുന്നു" എന്ന ബൈബിൾ വാക്യം ഉറക്കെപ്പറയുകയായിരുന്നു മുസലിയാർ ചെയ്തത്. അടുത്തുണ്ടായിരുന്നവർ പൊട്ടിച്ചിരിച്ചുപോയി. ഒരു സ്വതന്ത്രവാരികയായിരിക്കാൻ ശ്രദ്ധിച്ചാൽ മതിയെന്ന് അദ്ദേഹം പി. കെ. യെ ഉപദേശിച്ചു. 1944 ആഗസ്റ്റ് 15 നു കൊല്ലത്തുനിന്നു പ്രസിദ്ധീകരണം തുടങ്ങി. നല്ലൊരു സാഹിത്യ സാംസ്ക്കാരിക വാരികയെന്ന ഖ്യാതി ആദ്യലക്കം തന്നെ നേടിക്കൊടുത്തു. അഭിനന്ദനങ്ങൾ പ്രവഹിച്ചു. അന്നത്തെ തിരുവിതാംകൂർ മഹാരാജാവ് ശ്രീ ചിത്തിര

തിരുനാളിന്റെ ജന്മദിനത്തിനു പ്രഭാതം ഒരു വിശേഷാൽ പ്രതി ആദ്യമായി പ്രസിദ്ധീകരിച്ചു. അതു നല്ലൊരു സാഹിത്യ വിരുന്നായിരുന്നു. വാരികയുടെ പ്രവർത്തനം വിജയിച്ചപ്പോൾ ദിനപത്രത്തിന്റെ കാര്യം മുസലിയാരെ റഹിം ഓർമ്മിപ്പിച്ചു. അദ്ദേഹം ദിവാൻ സർ സി.പി. യെ കണ്ടു റഹിമിന്റെ പേരിൽ ലൈസൻസ് നൽകണമെന്ന് അപേക്ഷിച്ചു. ദിവാൻ അതു നിരസിച്ചു. ലൈസൻസ് മുസലിയാരുടെ പേരിൽ മതിയെന്നും പത്രത്തിന്റെ ചുമതല റഹിമിനായിക്കൊള്ളണമെന്നും ദിവാൻ നിർദ്ദേശിച്ചു. മുസലിയാർ ഈ നിർദ്ദേശം അംഗീകരിച്ചു. തിരുവനന്തപുരത്തു പഠിച്ചപ്പോൾ റഹീം യൂണിവേഴ്സിറ്റി യൂണിയന്റെ പ്രസിഡന്റായിരുന്നതിനാൽ സർ സി. പി.യ്ക്ക് അദ്ദേഹം സുപരിചിതനായിരുന്നു. പത്രാധിപരും പ്രസാധകനുമെന്ന നിലയിൽ മുസലിയാരുടെ പേരിലായിരുന്നു ലൈസൻസ് ലഭിച്ചത്. മുഴുവൻ പണച്ചെലവും അദ്ദേഹത്തിന്റേതു മാത്രമായിരുന്നു. റഹീമിനു മാനേജർ പദവിയായിരുന്നു ഉണ്ടായിരുന്നത്. യുവസഹജമായ ഉത്സാഹത്തിമിർപ്പോടെ അദ്ദേഹം രംഗത്തിറങ്ങി. തിരുവിതാംകൂറിൽ വ്യാപകമായും കൊച്ചി – മലബാർ പ്രദേശങ്ങളിൽ ഭാഗികമായും ഏജന്റുമാരെയും ലേഖകന്മാരെയും നിയമിച്ചു. 1944 ഒക്ടോബർ 1നായിരുന്നു ദിനപത്രത്തിന്റെ തുടക്കം.

എല്ലാ ലക്കങ്ങളിലും മുഖപ്രസംഗത്തിന്റെ മുകളിൽ ഒരനുഷ്ടുപ്പ് ശ്ലോകം അച്ചടിച്ചിരുന്നു.

പ്രഭാത സൂര്യനെത്തുമ്പോൾ
ആഹ്ലാദംപരമാർന്നുടൻ
ജീവജാലങ്ങളെല്ലാമേ
ഭാവുകാർത്ഥം ശ്രമിച്ചിടും

ഇതിലെ ആശയം മുസലിയാരുടേതാണ്. അനുഷ്ടുപ്പിലാക്കിയതു കടവൂർ സി. കെ യും. പത്രത്തിനു സാർവ്വത്രികമായ സ്വാഗതം ലഭിച്ചു. കെട്ടിലും, മട്ടിലും വാർത്തകളിലും മുഖ പ്രസംഗങ്ങളിലും കൊല്ലത്തുനിന്നുതന്നെ പ്രസിദ്ധീകരിച്ചിരുന്ന മലയാളരാജ്യത്തിന്റെ പാരമ്പര്യത്തെ മറികടന്നു. രാജഭരണത്തിന് അനുകൂലമായ നിലപാട് സ്വീകരിച്ചില്ല. അതിനെ എതിർക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്തു. ദേശീയവും സാർവ്വദേശിയവുമായ വാർത്തകൾക്കു പ്രാതിനിധ്യം നൽകി. രാജഭരണത്തിനെതിരായ സമരങ്ങൾ സജീവമായപ്പോൾ ആ വാർത്തകൾ വേണ്ടത്ര

പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചിരുന്നില്ല. ദിവാൻജിയുടെ നിരോധനാജ്ഞ ലംഘിച്ചു പനയന്നാർ കാവിൽ നടന്ന പൊതുയോഗത്തെക്കുറിച്ചു ഒരു ചെറിയ വാർത്ത പരിഗണനാർത്ഥം പ്രസിദ്ധീകരിച്ചു. അന്നുതന്നെ സർക്കാർ താക്കീതു നൽകി. ബ്രിട്ടീഷ് ഭരണത്തെ വിമർശിച്ചുകൊണ്ടുള്ള ഒരു മുഖ പ്രസംഗം തന്നെ പ്രസിദ്ധീകരിച്ചു. കൊല്ലം ഡി. സി. സി. പ്രസിഡന്റും മലയാളരാജ്യത്തിന്റെ പത്രാധിപരുമായിരുന്ന കെ. ഗോപാലപിള്ള ഇതിനകം പ്രഭാതം പത്രാധിപ സമിതിയിൽ ചേർന്നിരുന്നു. ഈ മുഖ പ്രസംഗം എഴുതിയത് അദ്ദേഹമായിരുന്നു. മുസലിയാർ റഹിമിനെ ശാസിച്ചു. ഇനി മുഖ പ്രസംഗം അദ്ദേഹത്തെയോ നിയമോപദേഷ്ടാവ് പപ്പു വക്കീലിനെയോ ഫോണിൽക്കൂടിയായാലും വായിച്ചു കേൾപ്പിച്ചിട്ടേ പ്രസിദ്ധീകരിക്കാവൂ എന്നു നിർദ്ദേശം നൽകുകയും ചെയ്തു. ഗോപാലപിള്ള രാജി വെച്ചു. പത്രാധിപ സമതിയംഗങ്ങൾക്കു പ്രതിഷേധമുണ്ടായിരുന്നെങ്കിലും റഹീം അവരെ അനുനയിപ്പിച്ചു. മുഖപ്രസംഗങ്ങളുടെ നിശിതത്വം നഷ്ടപ്പെട്ടു. മുസലിയാരുടെ നിർദ്ദേശം ദിവസവും പാലിച്ചു പോന്നു.

മുതുകുളം കെ. ഗോപാലപിള്ള, പി. എൻ. പങ്കജാക്ഷൻ നായർ കടവൂർ സി. കെ. ഗോവിന്ദപ്പിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, ടി. എ. മജീദ് (പിൽക്കാലത്തു സംസ്ഥാനമന്ത്രി) കോൺസ്റ്റിറന്റെ (ക്രിസ് ബി – പിന്നീട് എ. ഐ.ആർ–ൽ) വക്കം അബ്ദുൽ ഖാദർ, എൻ. ഗോപിനാഥൻനായർ (പിന്നീട് ജനയുഗത്തിൽ) എം. അബ്ദുൽ സലാം, പെരുന്ന കെ. എൻ. നായർ, എം. മുഹമ്മദുക്കണ്ണ്, സെബാസ്റ്റ്യൻ പുതുവീട് തുടങ്ങിയവരായിരുന്നു പത്രാധിപ സമിതിയംഗങ്ങൾ. വർക്കല അബ്ദുൽ ബാരിയും, തിരുമുല്ലവാരം ഭാനുദേവൻ പിള്ളയും കെ. എൻ. പി. ഉണ്ണിത്താനും മറ്റും ട്രെയിനികളായിരുന്നു.

പത്രം തുടങ്ങിയപ്പോൾത്തന്നെ മുസലിയാർ ശഠിച്ചു: "എന്റെ പത്രം ഇംഗ്ലീഷ് പത്രങ്ങൾ പോലെ വലിയ സൈസിലായിരിക്കണം. ഒരിഞ്ചു പരസ്യം പോലും പാടില്ല. പത്രം വാങ്ങുന്നവർക്കു വായിക്കുവാൻ കാര്യങ്ങൾ ഉണ്ടാവണം" എന്ന്. കോപ്പികളുടെ എണ്ണം വർദ്ധിപ്പിച്ചപ്പോഴും, വരിസംഖ്യയെ മാത്രം ആശ്രയിച്ചിരുന്നതിനാൽ സാമ്പത്തിക ബാദ്ധ്യത താങ്ങാനാവാത്തതായി. തന്മൂലം പരസ്യങ്ങൾ ചേർക്കാനും നഷ്ടം നികത്താനും മുസലിയാർ മനസ്സില്ലാ മനസ്സോടെ സമ്മതിച്ചു. പക്ഷെ, വേണ്ടത്ര പരസ്യം ലഭിച്ചില്ല.

19459

മുസലിയാർ സർ. സി. പി. യുടെ വലംകയ്യായിരുന്നു. മാനേജിംഗ് എഡിറ്റർ ഉൾപ്പെടെയുള്ള പത്രാധിപന്മാരെല്ലാം കോൺഗ്രസ്സോ കമ്മ്യൂണിസ്റ്റോ ചിന്താഗതിക്കാരായിരുന്നു. രണ്ടു കക്ഷികളുടെയും നേതാക്കന്മാർ 'പ്രഭാതം' ആഫീസിലെ സന്ദർശകരായിരുന്നു. പുരോഗമന സാഹിത്യ സംഘടനയുടെ കൊല്ലം സമ്മേളനത്തിന്റെ സ്വാഗതസംഘം രൂപീകരിച്ചത് 'പ്രഭാതം' ഓഫീസിൽ വെച്ചായിരുന്നു. സമ്മേളത്തിനെത്തിയപ്പോൾ അരുണ ആസഫലിയും കെ. എ. അബ്ബാസും 'പ്രഭാത'ത്തിലെത്തി. ഇന്ത്യ സ്വാതന്ത്ര്യയായപ്പോൾ സർ സി. പി. സ്വതന്ത്ര തിരുവിതാംകൂർവാദവുമായി വീറോടെ രംഗത്ത് വന്നു. മുസലിയാർ അദ്ദേഹത്തെ അനുകൂലിച്ചു. എന്നാൽ 'പ്രഭാത'ത്തിന്റെ നിലപാടു വ്യത്യസ്തമായിരുന്നു.

കേരളത്തിലെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രമുഖനേതാവ് എം. എൻ. ഗോവിന്ദൻ നായരുടെ ആത്മകഥയിലെ ചില പരാമർശങ്ങളും ഇതിനോടു ചേർത്തു വായിക്കേണ്ടതാണ് – "തങ്ങൾകുഞ്ഞു മുസലിയാരെ കോട്ടൺമിൽ ഉടമയായ ഗുജറാത്തിയെപ്പോലെ വെറുമൊരു വ്യവസായ പ്രമുഖനായി മാത്രം കണ്ടാൽ പോരാ. സ്ഥലത്തെ ഒരു പൗരമുഖ്യനായിരുന്നു അദ്ദേഹം. സാമ്പത്തിക രംഗത്തെന്ന പോലെ സാമൂഹ്യ രംഗത്തും നിലയുറപ്പിക്കുന്നതിനുള്ള നീക്കം ആരംഭിച്ചിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസങ്ങളടങ്ങുന്ന ഒരു തത്വശാസ്ത്ര ഗ്രന്ഥം അദ്ദേഹം അച്ചടിച്ചിറക്കിക്കഴിഞ്ഞിരുന്നു. ശ്രീ. കെ. ജി. പരമേശ്വരൻ പിള്ളയുടെ പ്രശസ്തിയുടെ അടിസ്ഥാനം 'മലയാളരാജ്യം' പത്രമാണെന്നു മനസ്സിലാക്കിയ ശ്രീ. മുസലിയാർ 'പ്രഭാതം' എന്നൊരു ദിനപ്പത്രം കൊല്ലത്തുനിന്നാരംഭിച്ചു.

ഗോപിനാഥൻ നായരും കോൺസ്റ്റന്റൈനും മധുര അമേരിക്കൻ കോളേജിൽ പഠിക്കുന്ന കാലം മുതൽ തികഞ്ഞ കോൺഗ്രസ്സുകാരാണ്. എന്റെ ഒളിവു ജീവിതത്തിനിടയിൽ മധുരയിൽ ഏതാനും ദിവസം അവരോടൊപ്പം ഞാൻ താമസിച്ചിട്ടുണ്ട്. പങ്കജാക്ഷൻ നായർ കൊല്ലം ടൗണിലെ അംഗീകൃത കോൺഗ്രസ്സുകാരനായിരുന്നു. അതുകൊണ്ട് ഉടമാവകാശം മുസലിയാർക്കായിരുന്നെങ്കിലും പത്രാധിപന്മാരുടെ ആത്മാവു കോൺഗ്രസ്സിനോടുകൂടിയായിരുന്നു. 'മലയാള രാജ്യ' ത്തിലെ യുവാക്കളായ ഇവരെല്ലാമായുള്ള സമ്പർക്കങ്ങൾ ഒരളവുവരെ രാഷ്ട്രീയ പ്രവർത്തനത്തിനു സഹായകരമായിട്ടുമുണ്ട്. എന്നാൽ മുസലിയാരുമായുള്ള സമരത്തിൽ 'പ്രഭാതം' പത്രാധിപന്മാരിൽനിന്നു സഹകരണം

ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ ഉണ്ടായത് അതാണ്. പത്രപംക്തികളിൽക്കൂടിയായിരുന്നില്ലെന്നു മാത്രം. മുസലിയാരുടെ നീക്കങ്ങൾ സത്യസന്ധമായി മറ്റാരേക്കാളും മനസ്സിലാക്കാൻ കഴിഞ്ഞിരുന്നത് അവർക്കായിരുന്നു."

ദേശീയ സ്വാതന്ത്ര്യ സമരത്തിനും തിരുവിതാംകൂറിലെ ഉത്തരവാദ പ്രക്ഷോഭണത്തിനും എതിരായ വാർത്തകൾ 'പ്രഭാത' ത്തിൽനിന്ന് ഒഴിവാക്കിയിരുന്നു. അവയ്ക്കനുകൂലമായി തുറന്ന നിലപാട് സ്വീകരിച്ചിരുന്നില്ലെന്നേയുള്ളു. മാനേജിംഗ് എഡിറ്റർ ശ്രീ. റഹിമിനു മുസലിയാരുടെ രാഷ്ട്രീയാദർശത്തോട് അശേഷവും ആനുകൂല്യമുണ്ടായിരുന്നില്ല. അദ്ദേഹം 'പ്രഭാത' ത്തിലൂടെ കോൺഗ്രസ്സു നേതാക്കന്മാരുമായും മറ്റു രാഷ്ട്രീയകക്ഷികളിലെ പ്രമുഖരുമായും നിരന്തരം സമ്പർക്കം പുലർത്തിപ്പോന്നു. മുസലിയാരുടെ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളി സമരങ്ങളുടെ നോട്ടീസും ലഘുലേഖകളും വിജ്ഞാനപോഷണി പ്രസ്സിലായിരുന്നു അടിച്ചിരുന്നത്. അച്ചടിക്കൂലിക്ക് സൗജന്യം അനുവദിച്ചിരുന്നു. 1948 ലെ പൊതുതെരഞ്ഞെടുപ്പിൽ സ്വതന്ത്ര സ്ഥാനാർത്ഥിയെന്ന നിലയിൽ റഹിം മത്സരിക്കാനിടയായി. മുസലിയാർക്ക് തീരെ രസിച്ചില്ല. റഹീം 'പ്രഭാത'ത്തിൽ നിന്നു രാജിവെച്ചു.

തുടർന്നു ഈ ചുമതല കെ. വി. തങ്കപ്പൻ നായർക്കായിരുന്നു. വേറെ ജോലി ലഭിച്ചപ്പോൾ അദ്ദേഹം സ്ഥാനമൊഴിഞ്ഞു. പകരം പുളിയത്തു എം. മുഹമ്മദുകുഞ്ഞ് നിയമിതനായി.

കെടുകാര്യസ്ഥതമൂലം വൻ നഷ്ടം ഉണ്ടായപ്പോൾ അദ്ദേഹം പത്രവും പ്രസ്സും ബുക്ക് ഡിപ്പോയും അടച്ചു പൂട്ടി.

ഒന്നര ദശാബ്ദത്തിലധികം വൈജ്ഞാനികവും സാംസ്ക്കാരികവും സാഹിത്യപരവുമായ വെളിച്ചം വിതറിയ 'പ്രഭാത' സൂര്യൻ അസ്തമിച്ചു. തോട്ടം രാജശേഖരൻ എഴുതി - "കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങളെ സഹായിക്കുകയും നവീനാശയങ്ങൾ പ്രകാശിപ്പിക്കാൻ വേദിയൊരുക്കുകയും ചെയ്ത 'പ്രഭാതം' വ്യവസായ പ്രമുഖനായ തങ്ങൾകുഞ്ഞു മുസലിയാരുടെ ഉടമസ്ഥതയിൽ വാരികയായിട്ടാണ് തുടങ്ങിയത്. ചുരുങ്ങിയ കാലത്തിനുള്ളിൽ ദിനപത്രമായി വളർന്നു. ഈ പത്രം മതം, ശാസ്ത്രം, യുക്തിവാദം, ദർശനം, രാഷ്ട്രമീമാംസ, സാഹിത്യം എന്നീ വിഷയങ്ങൾക്ക് ആവുന്നത്ര സ്ഥലം നീക്കിവച്ചിരുന്നു."

(മലയാള മനോരമ, ദിനപത്രം 1987)

T.K.M. ... ARTS & SCIENCE LIBRARY KOLLAM-5

# സാഹിത്യ സപര്യ

പ്രപഞ്ചം, ജീവിതം എന്നീ പ്രതിഭാസങ്ങളെക്കുറിച്ചുള്ള അന്വേഷണത്വര മുസലിയാരെ സാഹിത്യത്തിലും എത്തിച്ചു. ലക്ഷ്മിയോടൊപ്പം സരസ്വതിയും അദ്ദേഹത്തെ അനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ രണ്ടു ഗ്രന്ഥങ്ങളാണ് പ്രസിദ്ധമായിട്ടുള്ളത്. രണ്ടും ദാർശനികങ്ങളാണ്. അദ്ദേഹം ആസന്നമരണനായിരുന്ന അവസരത്തിൽ കടവൂർ ജി. ചന്ദ്രൻപിള്ളയും പട്ടം ജി. രാമചന്ദ്രൻ നായരും കൂടി നടത്തിയ അഭിമുഖ സംഭാഷണത്തിൽ പ്രായോഗികാദ്വൈതം, പ്രകൃതി നിയമം എന്ന തന്റെ പ്രഥമ ഗ്രന്ഥത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു. – "മതം, മനുഷ്യൻ, ജീവിതം എന്നീ മൂന്നു മൗലിക വിഷയങ്ങളെ പരാമർശിച്ചുകൊണ്ടുള്ള ചർച്ചകളാണ് 'അദ്വൈത' ത്തിൽ. അവയ്ക്ക് ആധാരങ്ങളായി നിൽക്കുന്നത് യുക്തിയും എന്റെ അനുഭവങ്ങളുമാണ്."

ദൈവവും ലോകവും, തത്വവും അനുഷ്ഠാനവും, പെരുമാറ്റവും ധാരണയും, സഹകരണവും രാഷ്ട്രവും, പ്രകൃതിയും ന്യായവും എന്നീ ശീർഷകങ്ങളിലെ 32 ഉപശീർഷകങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്. മുഖവുരയിൽ അദ്ദേഹം എഴുതി – "ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്ന വിഷയങ്ങൾ എല്ലാം പ്രകൃതിയുടെ നിയമമനുസരിച്ചുള്ള കണക്കുകളെ അടിസ്ഥാനമാക്കി പ്രതിപാദിക്കപ്പെട്ടിട്ടുള്ളതാകുന്നു. ലോകത്തുള്ള സംഗതികൾ കണ്ടും അറിഞ്ഞും ചിന്തിച്ചും പ്രകൃതിയാകുന്ന ഗ്രന്ഥത്തിൽ നിന്നു തന്നെ ഇവകൾ പകർത്തിയെടുത്തിട്ടുള്ളതാണ്. ഇതിലടങ്ങിയിരിക്കുന്ന വിഷയങ്ങളെല്ലാം തികച്ചും അവരവരുടെ മനസ്സിനു ബോദ്ധ്യംവരത്തക്ക വിധത്തിൽ തത്വപരമായും ശാസ്ത്രീയമായും പ്രതിപാദിച്ചിട്ടുള്ളതാണ്. വ്യാപകവും വിസ്തൃതവും ഉപയോഗപ്രദവുമായ അനേകം സംഗതികൾ ഇതിൽ അടങ്ങിയിട്ടുണ്ട്. ഭാഷാരീതിയിൽ ദ്വയാർത്ഥങ്ങളോ വ്യംഗ്യാർത്ഥങ്ങളോ വരാതെയും സംസ്കൃത പദങ്ങളും മറ്റും കഴിയുന്നത്ര കുറച്ചും കഴിയുന്നത്ര ആർക്കും വായിച്ചു മനസ്സിലാക്കാവുന്ന വിധത്തിൽ ലളിതമാക്കിയും ശ്രദ്ധാപൂർവ്വം എഴുതിയിട്ടുള്ളതാണ്. ഇതു വായിച്ചു മനസ്സിലാക്കിയാലുണ്ടാകുന്ന ഗുണങ്ങളെ സംബന്ധിച്ചും മറ്റും ഈ പുസ്തകത്തിന്റെ ആദ്യ ഭാഗ

ങ്ങളിൽ വിവരിച്ചിട്ടുണ്ട്." ഗ്രന്ഥത്തിലെ ആദ്യ ഖണ്ഡികമാത്രം വായിച്ചാൽ അദ്ദേഹത്തിന്റെ അവകാശവാദം ശരിയാണെന്നു മനസ്സിലാകും.

"ഗുണം ചെയ്താൽ ഗുണം കിട്ടും. ദോഷം ചെയ്താൽ ദോഷം കിട്ടും. നല്ലതു പ്രവർത്തിച്ചാൽ സ്വർഗ്ഗം അനുഭവിക്കും. ചീത്ത പ്രവർത്തിച്ചാൽ നരകം അനുഭവിക്കും. കൂടാതെ ദൈവത്തെ ഭയന്ന്, ദോഷം ഒന്നും ചെയ്യരുതെന്നും ദൈവ സ്നേഹത്തിനു വേണ്ടി നല്ലതേ ചെയ്യാവൂ എന്നും പറഞ്ഞു വരുന്നുണ്ട്. എന്നാൽ ദൈവമെന്നു പറയപ്പെടുന്നത് എന്താണെന്നും എങ്ങനെയാണെന്നും സാധാരണക്കാർക്കു വ്യക്തമായി അറിയാൻ പാടില്ലാത്ത സംഗതിയാണ്. അതു പറഞ്ഞു ഭയപ്പെടുത്തിയാകുന്നു ദോഷം ചെയ്യരുതെന്നും ഗുണമേ ചെയ്യാവൂ എന്നും പ്രേരിപ്പിക്കുന്നത്."

ഡോ. ചേലനാട്ട് അച്ച്യുതമേനോൻ അവതാരികയിൽ പറയുന്നു – "ലക്ഷ്മി സരസ്വതിമാർ കൈകോർത്തു കാണുക എന്നതു ഒരപൂർവ്വ സംഭവമാണെന്ന് അനുഭവം തെളിയിച്ചിട്ടുണ്ട്. ഇനി മുസലിയാരവർകൾ കൈവച്ചിട്ടുള്ള വിഷയമോ കട്ടികൂടിയതും. പണക്കാർക്കു തത്വചിന്ത വെറുപ്പാണ്, തത്വചിന്തകന്മാർക്ക് അതുപോലെ പണവും. ഇതു രണ്ടും യോജിക്കുമ്പോഴുണ്ടാകുന്ന കാഴ്ച കണ്ണിനു കുളുർമ്മയുണ്ടാക്കുന്നതാണെന്നതിലേക്ക് സംശയമില്ല. വേദാന്തികൾക്കും സന്യാസികൾക്കും ഒരു കാലത്തും ക്ഷാമമുണ്ടായിട്ടില്ല. അവർക്കു പണത്തിൽ ആഗ്രഹമുണ്ടാകുന്നതിനെപ്പറ്റി ചിലപ്പോൾ സംശയത്തിനിടയായിട്ടില്ലെന്നും പറഞ്ഞു കൂടാ. എന്നാൽ ഒരു വ്യവസായ പ്രമുഖനു വേദാന്തത്തിൽ അല്ലെങ്കിൽ തത്വചിന്തയിൽ അഭിലാഷം ജനിക്കുന്നത് അപൂർവ്വം തന്നെയാണ്. ആ പരമ്പരയിൽ അത്യന്തം ദുർല്ലഭമായ ഒരു സ്ഥാനമാണു മുസലിയാരവർകൾ അലങ്കരിക്കുന്നത്."

മൗലികങ്ങളായ ചില സദാചാരതത്വങ്ങളെ അനക്ഷരജ്ഞന്മാരായ ബാലന്മാർക്കു പോലും മനസ്സിലാക്കാവുന്ന രീതിയിൽ പ്രതിപാദിച്ചു, ദൈവ വിശ്വാസം, പരസ്പര സ്നേഹം, ഭൂതദയ മുതലായ സൽഗുണങ്ങൾ അവരിൽ അങ്കുരിപ്പിക്കുന്നതിനു പ്രസ്തുത ഗ്രന്ഥത്തിൽ മുസലിയാർ ഉദ്യമിക്കുന്നു എന്നാണ് ഉള്ളൂർ ഊന്നിപ്പറഞ്ഞിട്ടുള്ളത്.

കൊല്ലം ബിഷപ്പു റൈറ്റ് റവ. ജറോം ഫെർണാണ്ടസ് പ്രകാ

ശനം നിർവ്വഹിച്ചു. കുമ്പളത്തു ശങ്കുപ്പിള്ളയായിരുന്നു പുസ്തകം ഏറ്റുവാങ്ങിയത്.

"മാൻ ആന്റ് ദി വേൾഡ്" എന്ന പേരിൽ ഈ ഗ്രന്ഥത്തിന്റെ വിവർത്തനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് പ്രൊഫസർ എസ്. സത്യവാഗീശ്വര അയ്യരാണ് വിവർത്തകൻ.

അദ്ദേഹത്തിന്റെ രണ്ടാമത്തെ കൃതി "സോഷ്യലിസം, കമ്മ്യൂണിസം, ക്യാപ്പിറ്റലിസം" ആണ്. ഇത് അദ്ദേഹത്തിലെ രാഷ്ട്രമീമാംസകനെയും സാമ്പത്തിക ശാസ്ത്രജ്ഞനെയും ആയ ഒരു മുതലാളിയെ കണ്ടെത്താം. അദ്ദേഹത്തിന്റെ വിദേശയാത്രയിലെ അനുഭവങ്ങളെ ആധാരമാക്കിയുള്ള നിരീക്ഷണങ്ങളിൽ സഹകാരിയും പ്രത്യക്ഷപ്പെടുന്നു.

മുസലിയാരുടെ രണ്ടു ഗ്രന്ഥങ്ങളിലും ആത്മാംശത്തിന്റെ സ്പർശമുണ്ട്. ആഖ്യാനത്തിന്റെ സുതാര്യതയും മാധുര്യവും ആകസ്മികതയുമല്ല. നമ്മുടെ ഉപന്യാസ സാഹിത്യത്തിൽ ഇവ സവിശേഷ സ്ഥാനമർഹിക്കുന്നു.

അദ്ദേഹം ആത്മകഥ എഴുതാനാരംഭിച്ചിരുന്നു. അതു പൂർത്തിയാകുന്നതിനുമുമ്പ് അദ്ദേഹം രോഗാതുരനായിപ്പോയി. എന്റെ അമേരിക്കൻ യാത്ര എന്നൊരു പരമ്പര പ്രഭാതം പത്രത്തിൽ പ്രസിദ്ധീകരിച്ചെന്ന് അറിയാനിടയായി. പ്രഭാതം പത്രശേഖരത്തിൽ അവയൊന്നും കണ്ടെത്താൻ കഴിഞ്ഞില്ല.

നൈതിക ബോധത്തിന്റെ നിദിദ്ധ്യാസമായിരുന്നു തങ്ങൾകുഞ്ഞു മുസലിയാരുടെ സാഹിത്യ സേവനം. അതു പ്രതിജ്ഞാഫുല്ലമായിരുന്നു. യശോദാഹമായിരുന്നു ഇന്ധനം.

പ്രസാധകനെന്ന പ്രശസ്തിയും അദ്ദേഹത്തിനു കൈവന്നു. ഒരു മുസ്ലീം പത്രത്തിനുവേണ്ടിയുള്ള സമ്മർദ്ദം പല കോണുകളിലും നിന്നുണ്ടായി. സ്വന്തം സ്ഥാപനങ്ങളിലെ അച്ചടി ജോലികളുടെ വർദ്ധനവും ലാഭകരമാക്കാനുള്ള കച്ചവടമനസ്സും ഉണർന്നു. തിരുവനന്തപുരത്തുനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'മലയാളം' എന്ന പത്രം പ്രസിദ്ധീകരണം നിലച്ചു. അതച്ചടിച്ചിരുന്ന പ്രസ്സു വിൽക്കുന്ന വിവരം ലഭിച്ചപ്പോൾ അദ്ദേഹം അവസരം പ്രയോജനപ്പെടുത്തി. പത്രത്തിന്റെ അച്ചടിക്കാവശ്യമായ യന്ത്രങ്ങളും ടൈപ്പുകളൊക്കെ ഉണ്ടായിരുന്നു. പ്രസ്സിന്റേയും ബുക്കുഡിപ്പോ

യുടേയും മാനേജർ മുസലിയാരുടെ സഹോദരീ ഭർത്താവ് എം. അലികുഞ്ഞ് സാഹിബ് (മുൻഷി സാർ) ആയിരുന്നു. കൊല്ലം ചിന്നക്കടയിലെ മുസലിയാർ ബിൽഡിംഗിന്റെ കിഴക്കെ അറ്റത്തെ സ്ഥലത്തായിരുന്നു ബുക്കു ഡിപ്പോ.

പല വിശ്വ സാഹിത്യ കൃതികളും മലയാളത്തിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു. വൈക്കം മുഹമ്മദു ബഷീറിന്റെ നീലവെളിച്ചം, കേശവദേവിന്റെ ഓടയിൽനിന്ന്, മന്ത്രിയാക്കല്ലേ, നാഗവള്ളി ആർ. എസ്. കുറുപ്പിന്റെ മിണ്ടാപ്രാണികൾ, സ്വാമി ബ്രഹ്മവ്രതന്റെ പൊൻപുലരി, വക്കം അബ്ദുൽ ഖാദറിന്റെ തൂലികാ ചിത്ര കൃതികളും നിരൂപണഗ്രന്ഥങ്ങളും, ചെന്നിത്തല കൃഷ്ണയ്യരുടെ കവിരത്നമാല, സി. കെ. കടവൂരിന്റെ രൂപങ്ങൾ, പി. എസ്. പുരുഷോത്തമൻ നമ്പൂതിരിയുടെ വാസന്തലക്ഷണം തുടങ്ങിയവ വിജ്ഞാന പോഷിണി ബുക്കു ഡിപ്പോ പ്രസിദ്ധീകരിച്ചു. വിശുദ്ധ ഖുർ – ആനിലെ പല അദ്ധ്യായങ്ങളുടെയും വ്യാഖ്യാന സഹിതമുള്ള പരിഭാഷകളും അദ്ധ്യാത്മരാമായണവും പുറത്തിറക്കി. ചട്ടമ്പിസ്വാമികളുടെ സർവ്വമത സാരരഹസ്യത്തിന്റെ പ്രസിദ്ധീകരണവും ഏറ്റെടുത്തിരുന്നു. കേരളത്തിലെ മറ്റു പ്രസാധകരോടു കിട പിടിക്കത്തക്കവണ്ണം ഇതു വളർന്നു. പ്രശസ്തരായ മലയാള സാഹിത്യകാരന്മാരുടെ സംഗമസ്ഥാനവുമായി ഗ്രന്ഥ പ്രസാധനവും അദ്ദേഹത്തിന്റെ പ്രശസ്തിയുടെ ഒരു പൊൻ തൂവലായിത്തീർന്നു.

# സംഘടനകളുടെ സാരഥി

തങ്ങൾകുഞ്ഞു മുസലിയാരുടെ സംഘാടക മനസ്സു സജീവവും സമർത്ഥവുമായിരുന്നു. വ്യവസായ മേഖലയിലെ തന്റെ ആധിപത്യത്തിന്റെ സുരക്ഷിതത്വത്തിനും പ്രശസ്തിക്കും അവസരത്തിനൊത്ത് അദ്ദേഹം സംഘ സഹായത്തിനുവേണ്ടി ഉണർന്നു പ്രവർത്തിച്ചിരുന്നു. പലപ്പോഴും അദ്ദേഹത്തിന് കടുത്ത എതിർപ്പുകളുടെ എരിതീയിൽ അകപ്പെടേണ്ടി വന്നിട്ടുമുണ്ട്. വിഷമഘട്ടങ്ങളുടെ വേലിയേറ്റങ്ങൾക്കിടയിൽപ്പോലും അക്ഷോഭ്യനായിത്തന്നെ തലയെടുത്തു നിൽക്കാൻ ശ്രമിച്ചു പോന്നപ്പോഴും കാലുവാരിയവരിൽനിന്നുള്ള കദനം പേറേണ്ടി വന്നിരുന്നുതാനും. എങ്കിലും അദ്ദേഹം വാരിക്കൂട്ടിയ നേട്ടങ്ങൾ അത്ഭുതകരങ്ങളായിരുന്നു. പതിനായിരക്കണക്കിനു തൊഴിലാളികൾ പണിയെടുത്തു കൊണ്ടിരുന്ന കശുവണ്ടി ഫാക്ടറികളുടെ വിജയകരമായ നടത്തിപ്പിലെ പ്രാഗത്ഭ്യത്തിന്റെ രഹസ്യം അദ്ദേഹത്തിന്റെ സംഘാടകമനസ്സുതന്നെ. ലോകമെമ്പാടും വ്യാപിച്ച സംഭരണ വിപണനങ്ങളും ഫാക്ടറികളിലെ ഉല്പാദനവും കുറ്റമറ്റ രീതിയിൽ കൂട്ടിയിണക്കിക്കൊണ്ടു സാമ്പത്തിക നേട്ടങ്ങൾ കൊയ്തു കൂട്ടുകയായിരുന്നു അദ്ദേഹം ചെയ്തത്. അദ്ദേഹത്തിന്റെ പ്രവർത്തനം, പൊതുസേവനം തുടങ്ങി മറ്റു മേഖലകളിലേയ്ക്കും പടർന്നു കയറുകയും ചെയ്തു. എല്ലായിടത്തും മനസ്സും കണ്ണും കൈയുമെത്തിയിരുന്നു. വലകെട്ടി ഇര കാത്തിരിക്കുന്ന എട്ടുകാലിയെപ്പോലെയായിരുന്നു അദ്ദേഹമെന്നു പറയാം. പക്ഷേ, ആ വലിയ വല കൊടുങ്കാറ്റിൽപ്പോലും ഇളകുകയല്ലാതെ തകർന്നില്ല. രോഗബാധിതനായി ശയ്യാവലംബിയായിരുന്നപ്പോഴും ഇതിന് ഇളക്കം തട്ടിയില്ല. സകല സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾക്കു സ്വയം വിരാമമിട്ടപ്പോഴും തലമുറകളോളം ഇരുപതു മക്കൾക്കും മുഴുവൻ ബന്ധുക്കൾക്കും പല സുഹൃത്തുക്കൾക്കും ജീവിക്കാനുള്ള സൗകര്യങ്ങൾ നിലനിന്നു!

സ്വന്തം കശുവണ്ടി ഫാക്ടറികൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള സ്വകാര്യ സേന മുസലിയാർ സംഘടിപ്പിച്ചിരുന്നു. ഓരോ ഫാക്ടറിയിലും ഓരോരുത്തർക്കായിരുന്നു ചുമതല. തൊഴിലാളികളുടെ പ്രതികൂല പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും വിവരങ്ങൾ നൽകു

കയും അടിച്ചമർത്തുകയും ചെയ്യാനാവശ്യമായ സർവ്വവിധ സഹായവും കേന്ദ്രഓഫീസിൽ നിന്നും ചെയ്തു കൊടുത്തിരുന്നു. അവശ്യ സന്ദർഭങ്ങളിൽ സന്നദ്ധ സേവനം നടത്താനുള്ള ആൾക്കൂട്ടത്തെയും സംഘടിപ്പിച്ചിരുന്നു. അടിയന്തിരഘട്ടങ്ങളിലെ പ്രവർത്തനങ്ങൾക്കു നല്ല പ്രതിഫലവും ചെലവും സംരക്ഷണവും നൽകിപ്പോന്നു. പ്രാദേശികമോ, രാഷ്ട്രീയമോ, വർഗ്ഗീയമോ ആയ വികാരങ്ങൾ ചൂഷണം ചെയ്തു പോന്നു. കരുനീക്കങ്ങൾ നടത്തിക്കൊണ്ടിരുന്നതു മുസലിയാരുടെ തന്ത്രബുദ്ധിയായിരുന്നു. തൊഴിലാളി സമരങ്ങൾ നടന്നപ്പോഴൊക്കെ സ്വകാര്യസേനയെയും സജ്ജീവമായിത്തന്നെ രംഗത്തിറക്കിയിരുന്നു. മറ്റു കശുവണ്ടി മുതലാളിമാർക്കും സ്വകാര്യസേനയുണ്ടായിരുന്നു. എന്നാൽ മുസലിയാരുടെ വ്യവസായ മേഖല വിപുലമായിരുന്നതിനാൽ സേനാവ്യൂഹവും വലുതായിരുന്നു. അതിന്റെ വിന്യസനവും വിഷമകരമായിരുന്നെങ്കിലും അതൊക്കെ അദ്ദേഹം വിദഗ്ദ്ധമായി നിർവ്വഹിച്ചു പോന്നു. അതിനു തികച്ചും യോഗ്യരായവരെ കണ്ടെത്താനുള്ള ബുദ്ധി വൈഭവം അദ്ദേഹത്തിനുണ്ടായിരുന്നു.

കശുവണ്ടി മേഖലയിലെ ആദ്യത്തെ ട്രേഡു യൂണിയൻ സംഘാടകൻ തങ്ങൾകുഞ്ഞു മുസലിയാരായിരുന്നു! മറ്റു കശുവണ്ടി മുതലാളിമാരും അസൂയാലുക്കളും അദ്ദേഹത്തിന്റെ അസൂയാർഹമായ വളർച്ചയിൽ ഇടങ്കോലിട്ടു കൊണ്ടിരുന്നു. തൊഴിലാളികളിൽ അവകാശബോധം ഉണർന്നു തുടങ്ങിയതിന്റെ സുശക്തമായ സൂചനകളുമുണ്ടായി. തൊഴിലാളികളെ അനുനയിപ്പിക്കാൻ വേണ്ടി അവരുടെ ഒരു സംഘടന രൂപീകരിക്കാൻ അദ്ദേഹം ആലോചിച്ചു കൊണ്ടിരുന്നപ്പോൾ അനുകൂല സാഹചര്യവും സംജാതമായി. മുതലാളിയെ പ്രീണിപ്പിച്ച് തൊഴിൽ ദുരിതങ്ങൾ ദൂരികരിക്കാനും മുസലിയാരുടെ കണ്ണിലുണ്ണികളാകാനും തീരുമാനിച്ച ചിലർ അദ്ദേഹത്തെ സമീപിച്ചു. കോൺഗ്രസ്സുകാരും കമ്മ്യൂണിസ്റ്റുകാരും കശുവണ്ടിത്തൊഴിലാളികളെ സംഘടിപ്പിക്കാൻ നടത്തിയ പ്രാരംഭ ശ്രമങ്ങളെല്ലാം തൊഴിലാളികൾക്കു മുതലാളിമാരെ ഭയമായിരുന്നതിനാൽ പരാജയപ്പെട്ടിരുന്നു. മുതലാളിയുടെ നേതൃത്വത്തിൽത്തന്നെയുള്ള ഒരു സംഘടനയായാൽ തൊഴിലാളികളെ വശീകരിക്കാമെന്നു രാഷ്ട്രീയ നേതാക്കന്മാർ ആലോചിച്ചു കൊണ്ടിരുന്ന സമയവുമായിരുന്നു. ഈ സാഹചര്യങ്ങളുടെ സംഘടിത സംഭാവനയായിരുന്നു 1937–ൽ സ്ഥാപിതമായ തിരുവിതാംകൂർ കശുവണ്ടിത്തൊഴിലാളി യൂണിയൻ. അതിന്റെ പ്രസിഡന്റു പദം മുസ

ലിയാർ സഹർഷം സ്വീകരിച്ചു. ആസ്ഥാനം കിളികൊല്ലൂർ ആയിരുന്നു.

മുസലിയാരുടെ ഫാക്ടറികളിൽ മാത്രമല്ല, മറ്റു മുതലാളിമാരുടെ ഫാക്ടറികളിലും ഘടകങ്ങൾ സ്ഥാപിച്ചു. തൊഴിലാളികളുടെ കൂലിയിൽനിന്നു വെള്ളക്കാശ്, വട്ടിക്കാശ്, കുട്ടക്കാശ് തുടങ്ങിയവ മുതലാളിമാർ ഈടാക്കിയിരുന്നു. ഇവയിലെല്ലാം മുസലിയാർ നാമമാത്രമായ ഇളവുകൾ പ്രഖ്യാപിച്ചു. അതൊക്കെ മറ്റു ഫാക്ടറിയുടമകൾക്കും അംഗീകരിക്കേണ്ടി വന്നു. മുസലിയാർ തൊഴിലാളികളുടെ വീടുകളിലെ മരണം, വിവാഹം, തുടങ്ങിയ ചടങ്ങുകളിൽ സംബന്ധിച്ചു. അദ്ദേഹം ചികിത്സാ സഹായവും നൽകി. രാഷ്ട്രീയ പ്രവർത്തകർ ഫാക്ടറിതോറും യൂണിയന്റെ യൂണിറ്റ് സ്ഥാപിച്ചു. തൊഴിലാളികൾ അറച്ചും വിറച്ചുംതന്നെ അംഗത്വം സ്വീകരിച്ചു തുടങ്ങി. അവരിൽ സംഘടനാ ബോധവും അവകാശബോധവും ഉണർത്താൻ പ്രവർത്തകർക്ക് കഴിഞ്ഞു. ഒന്നാം വാർഷികം ആഘോഷിക്കാൻ മുസലിയാർ സാമ്പത്തിക സഹായം ചെയ്തു.

തൊഴിലാളികളെന്നപോലെ മുതലാളിമാരിലും വർഗ്ഗീയ ബോധം വളർന്നു. ആൾ ട്രാവൻകൂർ കാഷ്യൂ മാൻഫാക്ചേഴ്സ് അസോസ്യേഷൻ രൂപീകൃതമായി. ആദ്യം മുസലിയാർ ഭരണസമിതിയംഗം മാത്രമായിരുന്നു. പിന്നീട് അദ്ദേഹം ദീർഘകാലം അദ്ധ്യക്ഷ പദവി അലങ്കരിച്ചിട്ടുണ്ട്. സഫലമായി പ്രവർത്തിക്കാൻ ഈ സംഘടനയ്ക്കു സാധിച്ചിരുന്നില്ല. സംസ്ഥാന – കേന്ദ്രസർക്കാരുകളിൽ കശുവണ്ടി ഫാക്ടറിയുടമകളുടെ പ്രാതിനിധ്യം നേടിയെടുക്കാനും കശുവണ്ടി വ്യവസായ സമ്പർക്ക സമിതികളിൽ അംഗത്വം ഉറപ്പാക്കാനും കശുവണ്ടി ഫാക്ടറികളിൽ തുടരെത്തുടരെ നടന്നു കൊണ്ടിരുന്ന തൊഴിലാളി സമരങ്ങളിൽ കൂട്ടായനയം രൂപീകരിക്കാനും കഴിഞ്ഞിരുന്നു. എങ്കിലും അവരുടെ ഇടയിലെ കിടമത്സരം അനാരോഗ്യകരമാം വിധം വളർന്നു. സംഘടനാ തീരുമാനങ്ങൾ നടപ്പിലാക്കാതെയായി. തോട്ടണ്ടിയുടെ ഇറക്കുമതിയിലും അണ്ടിപ്പരിപ്പിന്റെ കയറ്റുമതിയിലും കമ്പോളനിലവാരം അസ്ഥിരമായി. കശുവണ്ടി വ്യവസായം തന്നെ തകർച്ചയിലേക്കു നീങ്ങി. ഈ പ്രതിസന്ധിയിൽ കശുവണ്ടി വ്യവസായികളുടെ ഒരു സിന്റിക്കേറ്റ് രൂപീകരിച്ചു. ഇന്നാട്ടിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഫാക്ടറി ഉടമയായിത്തീർന്ന തങ്ങൾകുഞ്ഞു മുസലിയാർക്കു തന്നെയായിരുന്നു നേതൃത്വം.

സിന്റിക്കേറ്റു തീരുമാനങ്ങൾ അദ്ദേഹം വിശ്വസ്തതയോടെ പ്രാവർത്തികമാക്കിപ്പോന്നു. അദ്ദേഹത്തിന്റെ കുതിച്ചു കയറ്റത്തിനു കടിഞ്ഞാണിടാനൊരു തന്ത്രമായി മറ്റു മുതലാളിമാർ അതിനെ കരുവാക്കി. ഇതൊരു ഗൂഢാലോചനയാണെന്ന് അദ്ദേഹത്തിന് മനസ്സിലാക്കാൻ നാലുവർഷം വേണ്ടി വന്നു. അതിനിടയ്ക്ക് വ്യവസായത്തിൽ പ്രതിസന്ധികൾ രൂക്ഷമായിക്കൊണ്ടിരുന്നു. സിന്റിക്കേറ്റിന്റെ പ്രവർത്തനം നിലച്ചു.

മുൻ അസോസിയേഷൻതന്നെ സജീവമാക്കേണ്ട സാഹചര്യം സംജാതമായി. അതിൽ മുസലിയാർ കരുതലോടെ പ്രവർത്തിച്ചു. മറ്റു ഫാക്ടറിയുടമകൾക്കും ഇതൊരു കാലഘട്ടത്തിന്റെയും വ്യവസായികളുടെ നിലനിൽപ്പിന്റെയും ആവശ്യമാണെന്നു മനസ്സിലായി. കശുവണ്ടി വ്യവസായത്തിലെ സമാധാനാന്തരീക്ഷം നഷ്ടപ്പെട്ടു. തൊഴിലാളി യൂണിയനുകളുടെ ബാഹുല്യവും അവയുടെ നിലനിൽപ്പിനുവേണ്ടിയുള്ള അനാവശ്യ സമരങ്ങളും മാറിമാറിവന്ന സർക്കാരുകൾ കശുവണ്ടിത്തൊഴിലാളി മേഖലയായി മാറിയ കൊല്ലം ജില്ലയിലെ വോട്ടുബാങ്കുകൾ വെട്ടിപ്പിടിക്കാൻ വേണ്ടി വിവേക രഹിതമായി നടത്തിയ നിയമ നിർമ്മാണങ്ങളും മറ്റുമായിരുന്നു കാരണങ്ങൾ. വ്യവസായികളുടെ സംഘടനയുടെ രഹസ്യത്തീരുമാനങ്ങളിലൂടെ ഘട്ടംഘട്ടമായി ഫാക്ടറികൾ അടച്ചിടുകയും കുടിവറപ്പ് ആരംഭിക്കുകയും ഫാക്ടറികൾ അയൽ സംസ്ഥാനങ്ങളിലേയ്ക്ക് മാറ്റുകയും ചെയ്തു. ഈ നയത്തിന്റെ അവതാരകനും പ്രയോക്താവും തങ്ങൾകുഞ്ഞു മുസലിയാരായിരുന്നു. അക്കാലത്ത് അദ്ദേഹം രോഗഗ്രസ്തനായിത്തീർന്നു. കേരളത്തിൽ സ്വകാര്യമേഖലയിലുള്ള കശുവണ്ടി വ്യവസായത്തിന്റെ തകർച്ച അദ്ദേഹം ദീർഘദർശനം ചെയ്യുകയും തന്ത്രങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്തു. കശുവണ്ടി വ്യവസായികളുടെ സംഘടനയുടെ അവസ്മരണീയമായ നേതൃത്വം അദ്ദേഹത്തിനു കൈവന്നു. ഈ വ്യവസായത്തിന്റെ ഇന്നാട്ടിലെ വളർച്ചയുടെയും തകർച്ചയുടെയും ശില്പി തങ്ങൾകുഞ്ഞു മുസലിയാരായിരുന്നു. അദ്ദേഹം കേരളത്തിലെ കശുവണ്ടി വ്യവസായികളുടെ മോചനമാർഗ്ഗം വെട്ടിത്തുറന്നു. ഇങ്ങനെ അദ്ദേഹം സംഘടനാ നേതൃത്വത്തിലൂടെ ഒരു ബുദ്ധിരാക്ഷസനായി മാറുകയായിരുന്നു.

തിരുവിതാംകൂറിലെയും തിരുക്കൊച്ചിയിലെയും കേരളത്തിലെയും കേന്ദ്രത്തിലെയും പല കശുവണ്ടി വ്യവസായ ബന്ധ സമിതികളിലും അദ്ദേഹത്തിന് അംഗത്വമുണ്ടായിരുന്നു. അതൊക്കെ

ഒരലങ്കാരം മാത്രമായേ അദ്ദേഹം കരുതിയിരുന്നുള്ളു. സജീവ മായി പ്രവർത്തിച്ചിരുന്നില്ല. അവയിലെ തീരുമാനങ്ങളോട് അദ്ദേഹം പരസ്യമായി വിയോജിച്ച അവസരങ്ങളുമുണ്ടായിട്ടുണ്ട്. എ. പി. ഉദയഭാനു ചെയർമാനായിരുന്ന കശുവണ്ടിത്തൊഴിലാളി കളുടെ വേതനം നിർണ്ണയിക്കാനുള്ള സമിതിയിൽ അദ്ദേഹം പങ്കെ ടുക്കാറുണ്ടായിരുന്നെങ്കിലും മൗനമവലംബിച്ചിരുന്നു. തിരു വിതാംകൂർ നിയമനിർമ്മാണ സഭയിൽ ഒരവസരത്തിൽ അദ്ദേഹം നോമിനേറ്റഡ് അംഗമായിരുന്നു.

തിരുവിതാംകൂറിലെ മുസ്ലീംങ്ങളുടെ സാമ്പത്തികവും വിദ്യാ ഭ്യാസപരവും സാമൂഹികവും രാഷ്ട്രീയവുമായ പിന്നോക്കാവസ്ഥ യിൽ ദു:ഖിതരായ കൊല്ലം നിവാസികളായ ഇ. വി. അബ്ദുൽ റസാക്ക്, കെ. എം. മുസ്തഫ, എം. കെ. ഉമ്മർ സാഹിബ് , കെ. എ. മുഹമ്മദ്, കായിക്കര ഹുസൈൻ എന്നീ യുവാക്കൾ സംസ്ഥാനാടി സ്ഥാനത്തിലുള്ള ഒരു മുസ്ലീം സംഘടന രൂപീകരിക്കാൻ ക്ഷണിച്ചു കൊണ്ട് ഒരഭ്യർത്ഥന പുറപ്പെടുവിച്ചു. കൊല്ലം ആശ്രാമം മൈതാ നത്തു ചേർന്ന ആലോചനായോഗത്തിൽ ശ്രീ. കെ. എം. മുസ്തഫ കൺവീനറായി 101 പേരുള്ള സംസ്ഥാനതലത്തിൽ ഒരു അഡ ഹോക്ക് കമ്മറ്റിക്ക് രൂപം നൽകി. ഒരു കൊല്ലത്തിനു ശേഷം വക്കത്തു നടന്ന സമ്മേളനത്തിൽ വച്ചു തിരുവിതാംകൂർ മുസ്ലീം മജ്ലിസ് എന്ന സംഘടന 1938 –ൽ നിലവിൽ വന്നു. തങ്ങൾകുഞ്ഞു മുസലിയാർ ഐകകണ്ഠേന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെ ട്ടു. പ്രമേയം പാസ്സാക്കുകയും സർക്കാരിൽ നിവേദനം നടത്തു കയും മാത്രമായിരുന്നു പ്രവർത്തനങ്ങൾ.

തിരുവിതാംകൂറിൽ ശ്രീ. പി. കെ. കുഞ്ഞിന്റെയും (പിൽക്കാ ലത്തു സംസ്ഥാനമന്ത്രി) ശ്രീ. പി. എസ്. മുഹമ്മദിന്റെയും നേതൃ ത്വത്തിൽ രണ്ടു മുസ്ലീം ലീഗുകൾ പ്രവർത്തിച്ചിരുന്നു. അവ രണ്ടും മജ്ലിസ് നേതാക്കന്മാരുടെ സമ്മർദ്ദ തന്ത്രത്തെത്തുടർന്നു ലയി ച്ചു. മുസ്ലീം മജ്ലിസ് ലയനത്തിൽ പങ്കു ചേർന്നു. മുസലിയാർ അദ്ധ്യക്ഷപദം ഉപേക്ഷിച്ചു. രാഷ്ട്രീയ നേതൃത്വം സ്വന്തം വ്യവ സായ താത്പര്യങ്ങൾക്കു ഗുണകരമാവില്ലെന്ന് അദ്ദേഹം മനസ്സി ലാക്കിയതായിരുന്നു കാരണം. മജ്ലിസിലെ പല സഹപ്രവർത്ത കരും പ്രസിഡന്റു സ്ഥാനം തുടരാൻ സമ്മർദ്ദം ചെലുത്തിയെങ്കിലും മുസലിയാർ വഴങ്ങിയില്ല. മുസ്ലീം മജ്ലിസിന്റെ സ്ഥാപന ലക്ഷ്യ ങ്ങൾ നേടാനാവാതെ പോയതിൽ അദ്ദേഹം വ്യാകുല ചിത്തനാ യിരുന്നു. എസ്സ്. എൻ. ഡി. പി. യോഗത്തിന്റെയും എൻ. എസ്.

എസ്. ന്റെയും കത്തോലിക്കാ കോൺഗ്രസ്സിന്റെയും സേവനമാതൃകകൾ അദ്ദേഹത്തിന്റെ മനസ്സിൽ തങ്ങി നിന്നു.

മുസ്ലീംകളുടെ രാഷ്ട്രീയേതര പുരോഗതിക്കു വേണ്ടിത്തന്നെ മുസലിയാരുടെ ഹൃദയം തുടിച്ചു. അദ്ദേഹം മുൻകൈയെടുത്തു മുസ്ലീം മിഷൻ രൂപീകരിച്ചു. കൊല്ലം ജില്ലയിൽ മാത്രം ആദ്യം പ്രവർത്തിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ജില്ലയിലെ എല്ലാ താലൂക്കുകൾക്കും പ്രാതിനിദ്ധ്യമുള്ള ഒരു പ്രവർത്തക സമിതിയായിരുന്നു അദ്ദേഹം സംഘടിപ്പിച്ചത്. മജ്ലിസിന്റെ സഹപ്രവർത്തകരെ ഒഴിവാക്കി കായിക്കര മുഹമ്മദു കുഞ്ഞിനെ സെക്രട്ടറിയായി അദ്ദേഹം നിയോഗിച്ചു. ഈ പ്രവർത്തനങ്ങൾക്കെല്ലാം ശേഷമായിരുന്നു അദ്ദേഹം മിഷന്റെ പൊതുയോഗം സംഘടിപ്പിച്ചത്. പക്ഷേ, പൊതുയോഗം നടന്നില്ല. മാനസികാസ്വാസ്ഥ്യത്തെത്തുടർന്ന് അദ്ദേഹം മദിരാശിയിലെ വെല്ലൂർ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. സുഖം പ്രാപിച്ചു തിരിച്ചു വന്നതിനുശേഷം മിഷൻ പ്രവർത്തനം തുടർന്നില്ല.

സാധുജനസംരക്ഷണാർത്ഥം, ജനക്ഷേമസമാജം സഹകരണാടിസ്ഥാനത്തിൽ കൊല്ലത്തെ പൗര ജനങ്ങൾ രൂപീകരിച്ചു. പ്രസിഡന്റു തങ്ങൾ കുഞ്ഞു മുസലിയാരും സെക്രട്ടറി ഇ. വി. അബ്ദുൽ റസാക്കുമായിരുന്നു. തൊഴിൽ, വിദ്യാഭ്യാസം, വിവാഹം, ചികിത്സ എന്നിങ്ങനെയുള്ള സേവന രംഗങ്ങളിൽ ജാതിമതഭേദം കൂടാതെ സാധുക്കളെ സഹായിക്കുകയായിരുന്നു ലക്ഷ്യം. ദീർഘകാലം ഇതിന്റെ പ്രവർത്തനം വിജയകരമായി നടന്നു. അവശ്യമായ ബഹുജന സഹകരണം സമാർജ്ജിക്കാൻ സാധിക്കാതെ ഈ സംഘത്തിന്റെ പ്രവർത്തനം നിലച്ചു പോയി.

മുസലിയാർ വിപുലമായ മറ്റൊരു സഹകരണ സംഘത്തിനു രൂപം നൽകി. കശുവണ്ടി വ്യവസായം വൈകാതെ കുടിൽ വ്യവസായമായി മാറ്റുകയായിരുന്നു ലക്ഷ്യം. കെ. എം. പി. ഉണ്ണിത്താനായിരുന്നു ശമ്പളത്തോടുകൂടിയ സെക്രട്ടറി. വിപുലമായ തോതിൽത്തന്നെ കോഴി വളർത്തൽ ആരംഭിക്കുകയായിരുന്നു ആദ്യം ചെയ്തത്. പ്രസിഡന്റായ മുസലിയാർ തന്നെ അതിനു നേതൃത്വം നൽകി. അതു വൻവിജയമായിരുന്നു. അദ്ദേഹം രോഗബാധിതനായതിനാൽ അതിന്റെ പ്രവർത്തനം തുടർന്നില്ല. അദ്ദേഹത്തിനു വലിയ സാമ്പത്തിക നഷ്ടം വരുത്തിയ സംരംഭമായിരുന്നു ഇത്.

ജന്മഗ്രാമമായ കിളികൊല്ലൂരിലെ വലിയ പള്ളി പുതുക്കിപ്പണിയാൻ പള്ളി ഭരണസമിതി തീരുമാനിച്ചു. ഫണ്ടു ശേഖരിച്ചു കൊണ്ടിരുന്നപ്പോൾ തങ്ങൾകുഞ്ഞു മുസലിയാർ അതിന്റെ പണി സ്വന്തം ഉത്തരവാദിത്വത്തിൽ റിക്കോർഡ് വേഗത്തിൽ പൂർത്തിയാക്കി. മഹല്ലംഗങ്ങളുടെ സംഭാവന കഴിച്ചുള്ള മുഴുവൻ തുകയും അദ്ദേഹം തന്നെ ചെലവഴിച്ചു. ദിവാൻ സർ. സി. പി. രാമസ്വാമി അയ്യരെക്കൊണ്ടു വൻതോതിൽ പുതിയ പള്ളി ഉദ്ഘാടനം ചെയ്യിച്ചു. ഉദ്ഘാടനത്തിനു നൽകിയതു സ്വർണ്ണത്താക്കോലായിരുന്നു. അതിനുശേഷം ആ ജീവനാന്തം വലിയ പള്ളിയുടെ ഭരണസമിതിയുടെ അദ്ധ്യക്ഷനായിരുന്നു മുസലിയാർ.

കിളികൊല്ലൂരിലെ കോയിയ്ക്കൽ ഗവ. സ്ക്കുളിലെ അദ്ധ്യാപക രക്ഷകർത്തൃ സമിതിയുടെ പ്രസിഡന്റായും ദീർഘകാലം സേവനമനുഷ്ഠിച്ചു.

എ. കെ. മക്കാർപിള്ള മുൻകൈയെടുത്തു പ്രായോഗികാദ്വൈതം, പ്രകൃതി നിയമം എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു ചർച്ച ആലുവയിൽ സംഘടിപ്പിച്ചു. മുസലിയാരും സന്നിഹിതനായിരുന്നു. ചർച്ചനയിച്ചതു കുറ്റിപ്പുഴ കൃഷ്ണപിള്ളയായിരുന്നു. അന്നവിടെ വച്ചു മാസംതോറും വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ചർച്ചാവേദിക്കു രൂപം നൽകി. മുസലിയാർ പ്രസിഡന്റും മക്കാർപിള്ള സെക്രട്ടറിയുമായിരുന്നു. ഇതിനു ദീർഘായുസ്സുണ്ടായില്ല.

തിരുക്കൊച്ചി സംസ്ഥാനം പിറന്നതോടെ വിവിധ മുസ്ലീം സംഘടനകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൊടുങ്ങല്ലൂർ ആസ്ഥാനമായി 'മുസ്ലീം ഐക്യസംഘം' പല മുസ്ലീം നേതാക്കന്മാരും ചേർന്നു രൂപീകരിച്ചു. അതിന്റെ പ്രസിഡന്റായി തങ്ങൾ കുഞ്ഞു മുസലിയാരും സെക്രട്ടറിയായി കെ. എം. സീതിസാഹിബും (പിന്നീടു പ്രമുഖ മുസ്ലീം ലീഗു നേതാവും നിയമസഭാ സ്പീക്കറും) തെരഞ്ഞെടുക്കപ്പെട്ടു. സീതിസാഹിബ് മുസ്ലീം ലീഗിന്റെ പ്രവർത്തനങ്ങളിൽ ജാഗരുകനായതിനാൽ അതിന്റെ പ്രവർത്തനം നീണ്ടുനിന്നില്ല.

ഇടവേളയില്ലാതെ വ്യത്യസ്ത മേഖലകളിലെ പല സംഘടനകളുടെയും സാരഥ്യം വഹിച്ച ഒരതികായകനായിരുന്നു തങ്ങൾ കുഞ്ഞു മുസലിയാർ. വ്യവസായ താത്പര്യമായിരുന്നു മുഖ്യല

ക്ഷ്യം. സാമൂഹ്യ സേവനതാത്പര്യം ഇന്ധനം. സംഘടനാ പ്രവർത്തനത്തിന് ഏറെ പണം ചെലവഴിക്കുകയുണ്ടായി. പലതും സജീവവും സഫലവുമായി പ്രവർത്തിക്കുകയോ ലക്ഷ്യങ്ങൾ കൈവരിക്കുകയോ ചെയ്തില്ല. പക്ഷേ, അദ്ദേഹത്തിന്റെ സേവനങ്ങളുടെ ഉപോൽപ്പന്നങ്ങൾ പരിവർത്തനത്തിന്റെ പാഴായിപ്പോകാത്തപരാഗങ്ങളായിരുന്നു.

19459

# ശാസ്ത്ര സാങ്കേതിക സരണികളിൽ!

"ശ്രീ. തങ്ങൾകുഞ്ഞു മുസലിയാരുടെ ശാസ്ത്രീയമായ ചിന്താഗതിയും ഗവേഷണങ്ങളിലുള്ള സീമാതീതമായ താത്പര്യവും അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയാണ്. ആധുനിക എഞ്ചിനീയറന്മാരെ അതിശയിപ്പിക്കുന്ന പല യന്ത്രങ്ങളും സ്വയം വിഭാവന ചെയ്തു നിർമ്മിച്ച് ഉപയോഗത്തിൽ കൊണ്ടു വന്ന് തന്റെ വ്യവസായ പ്രവർത്തനങ്ങളെ അഭിവൃദ്ധിപ്പെടുത്താൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. തന്റെ കശുവണ്ടി ഫാക്ടറികളിൽ ഉപയോഗത്തിലിരുന്ന ഒട്ടനേകം യാന്ത്രികോപകരണങ്ങളുടെ വിധാതാവ് അദ്ദേഹം തന്നെയാണ്. കേരളത്തിൽ ഇദം പ്രഥമമായി തൊണ്ടുതല്ലി ചകിരിയാക്കാനുള്ള ഒരു മിഷ്യൻ വിജയ പ്രദമായി നിർമ്മിച്ചതു ശ്രീ. തങ്ങൾകുഞ്ഞു മുസലിയാരാണ്. ഈ പുതിയ മിഷ്യനു നിരവധി ആവശ്യക്കാർ ഉണ്ടായിരുന്നിട്ടും, തൊണ്ടുതല്ലുന്ന കുടിൽ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുമെന്നുള്ള കാരണത്തിന്മേൽ പ്രസ്തുതമിഷ്യൻ നിർമ്മിച്ചു വില്പന നടത്തുന്നതിൽ ശ്രീ. മുസലിയാർക്കു തന്നെ വിസമ്മതമുള്ളതിനാൽ മാത്രമാണ് അതിന്നു പ്രചാരത്തിലാകാതിരുന്നത്."

വൈദ്യുതോത്പാദന പരീക്ഷണവും മുസലിയാർ നടത്തി. വൈദ്യുതിക്ഷാമം പരിഹരിക്കാൻ ചെറുകിട പദ്ധതികളാണെന്ന് അദ്ദേഹം ദീർഘ വീക്ഷണം നടത്തി. അതിനുള്ള ആലോചനകൾക്കിടയിൽ അദ്ദേഹത്തിന് കുണ്ടറ അലിൻഡിലെ എഞ്ചിനീയർ ഇറ്റലിക്കാരൻ പെല്ലറനെ പരിചയപ്പെടാനിടയായി. യാന്ത്രികോർജ്ജത്തെ വൈദ്യുതോർജ്ജമാക്കുന്ന ആശയം അദ്ദേഹവുമായി ചർച്ച ചെയ്തു. ജലവൈദ്യുത പദ്ധതി തന്നെ അഭികാമ്യമെന്ന് അദ്ദേഹം ഉപദേശിച്ചു. അദ്ദേഹത്തിന്റെ മാർഗ്ഗ നിർദ്ദേശത്തിലും മുസലിയാരുടെ മേൽനോട്ടത്തിലും ഗോപാലപിള്ള, ബാലകൃഷ്ണൻ തുടങ്ങിയ മേസരിമാർ യന്ത്രങ്ങൾ നിർമ്മിച്ചു. മുസലിയാർ പള്ളിവാസൽ വൈദ്യുതിനിലയം സന്ദർശിച്ച് വിദഗ്ദ്ധരുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. ഉളിയം കോവിലിലെ ഫാക്ടറി വളപ്പിൽ വളരെ വലിയ കിണർ കുഴിച്ച് അതിൽ യന്ത്ര സാമഗ്രഹികൾ സ്ഥാപിച്ചു. പ്രവർത്തനം വിജയിച്ചില്ല. ഇനിയെന്ത്? എങ്ങനെ?

എന്ന ചിന്തയിലായിരുന്നു അദ്ദേഹം.

ചില സായാഹ്നങ്ങളിൽ സമുദ്രസ്നാനം നടത്താറുണ്ടായിരുന്നു മുസലിയാർ. ആയിടയ്ക്കു നടത്തിയ ഈ സ്നാന വിനോദത്തിനിടയിൽ തിരമാലകളിൽ തന്റെ വൈദ്യുതി യന്ത്രം പ്രവർത്തിപ്പിച്ചു കൂടെ എന്ന ആശയമുദിച്ചു. അന്നു രാത്രിയിൽത്തന്നെ ഉളിയൻ കോവിലിലെത്തി പഴയയന്ത്രങ്ങൾ പരിശോധിച്ച് തിരമാലകളിൽ അവയെങ്ങനെ പ്രവർത്തനക്ഷമമാക്കാമെന്നു ചിന്തിച്ചു. ആഴ്ചകളോളം മേസിരിമാരുമായി ചർച്ച ചെയ്തു ചില മാറ്റങ്ങൾ യന്ത്രത്തിൽ വരുത്തി. അതു ബാർജിൽ ഘടിപ്പിച്ച് തിരക്കൊഴിഞ്ഞ ചവറക്കടുത്ത കടൽത്തീരത്ത് ഒരു മാസത്തോളം നീണ്ട പരീക്ഷണനിരീക്ഷണങ്ങൾ നടത്തിയെങ്കിലും പരാജയപ്പെട്ടുപോയി. തിരമാലകളിൽ നിന്നു വൈദ്യുതി എന്ന ആശയം അക്കാലത്ത് ഒരു കേട്ടുകേൾവി പോലുമായിരുന്നില്ല.

കൊല്ലം നഗരത്തിനാവശ്യമുള്ള മുഴുവൻ വൈദ്യുതിയും ഉത്പാദിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. വൻതുകയും വളരെയേറെ സമയവും അദ്ദേഹം അതിനു വേണ്ടി ചെലവഴിച്ചു. വർഷങ്ങൾക്കുശേഷം യന്ത്രസാമഗ്രികൾ ഇരുമ്പു വിലയ്ക്ക് വിറ്റപ്പോൾ അദ്ദേഹം അതിനൊക്കെ ചെലവാക്കിയതിനേക്കാൾ കൂടുതൽ തുക കിട്ടി. വർഷം തോറും സാധനവിലകൂടികൊണ്ടിരിക്കുക സർവ്വസാധാരണമാണല്ലോ. തൊട്ടതൊക്കെ പൊന്നാകുന്ന അനുഗ്രഹം മായാദാസനു ശാപമായിത്തീർന്നെങ്കിൽ മുസലിയാരുടെ അനുഭവം മറിച്ചായിരുന്നു.

കശുവണ്ടിയുടെ തോടിൽ നിന്ന് എണ്ണ ആട്ടിയെടുക്കുന്നതിനു പിയേഴ്ലസ്ലി കമ്പനി ഒരു യന്ത്രം ഇറക്കുമതി ചെയ്തു. അതു കശുവണ്ടി ഫാക്ടറിയുടമകളെ പ്രലോഭിപ്പിച്ചു. തീയെരിക്കാൻ മാത്രം ഉപയോഗിച്ചു പോന്ന അണ്ടിത്തോടിൽ നിന്ന് എണ്ണയാട്ടാനുള്ള യന്ത്രം അവർക്കൊരു നേട്ടമായിരുന്നു. കൊല്ലത്തെ കശുവണ്ടി ഫാക്ടറിയുടമകളിൽ പലരും ആ യന്ത്രം ഇറക്കുമതി ചെയ്തു. മുസലിയാരാകട്ടെ, ആ യന്ത്രത്തിന്റെ ഘടനയും പ്രവർത്തനവും സസൂക്ഷ്മം പരിശോധിച്ചു. പഠിച്ചു. അദ്ദേഹം കൂടുതൽ ലളിതവും ചെലവുകുറഞ്ഞതുമായ യന്ത്രം മറ്റൊരു മാതൃകയിൽ നിർമ്മിപ്പിച്ചു.

ചൂളയിൽ ചുട്ടു പരിപ്പെടുത്തതിനുശേഷമുള്ള തോട്ടണ്ടിയുടെ തോട് വളമാക്കി മാറ്റുന്നതിനുള്ള പരീക്ഷണങ്ങളും മുസലി

യാർ നടത്തി നോക്കി. അതരച്ചു ചാണകം പോലെയാക്കി ചാരവും ചേർത്ത് വളമാക്കി സ്വന്തം തോട്ടവിളകൾക്കു പരീക്ഷണാർത്ഥം ഉപയോഗിച്ചു.

1950കളിൽ തിരുക്കൊച്ചിയിൽ അരിക്ഷാമം രൂക്ഷമായി. മുസലിയാർ അതിനൊരു പരിഹാരമെന്ന നിലയിൽ മരച്ചീനിയിൽ നിന്നു സ്റ്റാർച്ചു ഗുളികളുണ്ടാക്കാനുള്ള പരീക്ഷണങ്ങളിൽ മുഴുകി. മരച്ചീനി പുഴുങ്ങിയതിനു ശേഷം അരയ്ക്കാനും ഗുളികകളാക്കാനുമുള്ള യന്ത്രങ്ങൾ രൂപ കല്പനചെയ്ത് നിർമ്മിച്ചു. അത് വിജയപ്രദമായില്ല.

മരച്ചീനിയില ഉപയോഗിച്ച് ചായം ഉണ്ടാക്കാനുള്ള പരീക്ഷണങ്ങളിലും അദ്ദേഹം വ്യാപൃതനായി. അരച്ചു കുഴച്ചു മരച്ചീനിയുടെ സ്റ്റാർച്ചുമായി പ്രത്യേകമായ അനുപാതത്തിൽ കലർത്തുകയായിരുന്നു ചെയ്തത്.

അണ്ടിപ്പരിപ്പിന്റെ തൊലികൊണ്ടും ചായം ഉണ്ടാക്കുന്നതിനു പരീക്ഷണം നടത്തി വിജയിച്ചു. പക്ഷേ, ഇവയ്ക്കെല്ലാത്തിനും ഗുണനിലവാരം കുറവായിരുന്നതിനാൽ വൻതോതിലുള്ള ഉത്പാദനത്തിനോ, വ്യാപാരത്തിനോ തുനിഞ്ഞില്ല.

കശുമാങ്ങയിൽനിന്ന് അച്ചാറും പാനീയവും ജാമും ഉത്പാദിപ്പിക്കാനുള്ള പരീക്ഷണങ്ങൾ വിജയിച്ചു. തിരുവനന്തപുരത്തു കുറവൻ കോണം സ്വദേശിയായ സദാനന്ദനായിരുന്നു മുസലിയാരുടെ സഹായി. വൻതോതിലുള്ള ഉത്പാദനത്തിനുള്ള പദ്ധതിയും തയ്യാറാക്കിക്കൊണ്ടിരിക്കെ അയാൾ അന്തരിച്ചു. മുസലിയാർ രോഗിയാകുകയും ചെയ്തു.

പൊള്ളയായ കളിമൺ ഇഷ്ടികയുടെ നിർമ്മാണത്തിനു സ്വന്തമായരീതി മുസലിയാർ കണ്ടുപിടിച്ചു. അത് ഉത്പാദിപ്പിച്ചു വ്യാപകമായി വിപണനത്തിലെത്തിച്ചു. ഗുണമേന്മയെക്കുറിച്ചു ഉപഭോക്താക്കളുടെയിടയിൽ അവബോധം സൃഷ്ടിക്കാനാവാത്തതിനാൽ വില്പന വളരെ കുറഞ്ഞു. കെട്ടിക്കിടന്ന ഇഷ്ടിക മുഴുവൻ ഘട്ടംഘട്ടമായി സ്വന്തം ഫാക്ടറികളിലെയും വീടുകളിലെയും നിർമ്മാണാവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടിവന്നു.

മുസലിയാരുടെ ശാസ്ത്രാവബോധം പൈതൃകമാണെന്ന് അദ്ദേഹം അവകാശപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ബാപ്പ യുനാനി ഗൃഹവൈദ്യനായിരുന്നു. മുസലിയാരും അതു കുറെയൊക്കെ പഠി

ച്ചിരുന്നു. ആയുർവ്വേദ ഒറ്റമൂലിയും അദ്ദേഹം വശമാക്കിയിരുന്നു. സ്വന്തം ഫാക്ടറികളിലെ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും മുട്ടുശാന്തി ചികിത്സോപദേശം നൽകിയിരുന്നു!

കശുമാവിന്റെ പൂക്കാലത്ത് അദ്ദേഹം നാടിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ച് വിളവെടുപ്പിന്റെ തോതു മനസ്സിലാക്കിയിട്ടായിരുന്നു അതതു വർഷം തോട്ടണ്ടിയുടെ സംഭരണ വില നിശ്ചയിച്ചിരുന്നത്. ലോകകമ്പോള വാർത്തകൾ കേട്ടും വായിച്ചും വിവരങ്ങൾ നൽകാൻ അദ്ദേഹത്തിനു സവിശേഷ സംവിധാനമുണ്ടായിരുന്നു. വിവരങ്ങൾ സ്വയം വിശകലനം ചെയ്ത് അണ്ടിപ്പരിപ്പിന്റെ കയറ്റുമതി വിലപോലും നിർണ്ണയിച്ചിരുന്നു. തോട്ടണ്ടിയുടെ ഉണക്കലും വറുക്കലും തൊട്ടു അണ്ടിപ്പരിപ്പിന്റെ പാക്കിങ്ങുവരെയുള്ള എല്ലാഘട്ടങ്ങളിലും പ്രത്യേകശൈലി തന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. സംഭരണം, ഉല്പാദനം, വിപണനം തുടങ്ങിയ മേഖലകളിലെല്ലാം 'മുസലിയാരുടെ കശുവണ്ടി മുദ്ര' കൊണ്ടാടപ്പെട്ടു പോന്നു. കശുവണ്ടിയുടെ ഗുണമേന്മ ഉറപ്പു വരുത്താൻ കട്ടിംഗ് ടെസ്റ്റു രീതി ആദ്യമായി അദ്ദേഹം നടപ്പിലാക്കി.

മുസലിയാരുടെ ആദ്യത്തെ കശുവണ്ടി ഫാക്ടറി തൊട്ടുള്ള എല്ലാ ഫാക്ടറികളിലെയും ചൂളയുടെയും കെട്ടിടങ്ങളുടെയം സ്വന്തം വീടുകളുടെയുമെല്ലാം പ്ലാൻ സ്വയം തയ്യാറാക്കുകയായിരുന്നു ചെയ്തത്. സ്വന്തം ആശയങ്ങൾ അപൂർവ്വങ്ങളായിരിക്കണമെന്ന പിടിവാശിതന്നെയുണ്ടായിരുന്നു.

കിണറുകളുടെ സ്ഥാനനിർണ്ണയത്തിൽ ഒരിക്കൽപ്പോലും മുസലിയാർക്കു പിഴച്ചിട്ടില്ല. ഫാക്ടറികളിലെയും വീടുകളിലെയും ആവശ്യത്തിനുവേണ്ടി അദ്ദേഹം കുഴിപ്പിച്ച കിണറുകളിൽ വെള്ളം വറ്റിയിട്ടേയില്ല. സ്ഥലവും പരിസരവും അവലോകനം ചെയ്യുകയല്ലാതെ അതിന് അദ്ദേഹം മറ്റൊന്നും അവലംബിച്ചിരുന്നില്ല. കിഴക്കൻ മലകളിലെ പാറക്കെട്ടുള്ള പ്രദേശങ്ങളിൽപ്പോലും ഈ രീതിയിൽ സ്ഥാനം നിർണ്ണയിച്ചു കുഴിപ്പിച്ച കിണറുകളിൽപ്പോലും ജലക്ഷാമം നേരിട്ടില്ല. ഇടമണ്ണിലുള്ള ഉറുകുന്ന് എസ്റ്റേറ്റിൽ കുഴിപ്പിച്ച കിണർപാറമടക്കുകളിലായിരുന്നു. അത് ഒരു വാർത്തയാകുകയും ചെയ്തു.

ഒരു നഗര സംവിധാന പ്രതിഭ കൂടിയായിരുന്നു മുസലിയാർ. കൊല്ലം നഗരത്തിന്റെ ഹൃദയധമനിയായ ചിന്നക്കട – ലക്ഷ്മിനട റോഡിന്റെ ഒരു വശത്തു മൂന്നു മർമ്മ സ്ഥാനങ്ങളിൽ അദ്ദേഹം

പണിയിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ അനുബന്ധ സംവിധാനങ്ങളും ഇതു വിളിച്ചു പറയുന്നുണ്ട്. ചിന്നക്കടയിലെ മുസലിയാർ ബിൽഡിംഗിന്റെ മൂന്നുവശവും റോഡാണ്. ഇരുവശത്തും നടപ്പാതക്കുള്ള സ്ഥലം വിട്ടാണു കെട്ടിടം പണിതത്. ഒരു വശത്തു വാഹനങ്ങൾ പാർക്കു ചെയ്യാൻ വിസ്താരമുള്ള സ്ഥലം മാറ്റിയിട്ടിരിക്കുന്നു. നടുക്കാണ് സിനിമാ തീയേറ്ററുകൾ, വടയാറ്റു കോട്ടയിൽ ഗോഡൗണും കടകളും ഏതാണ്ടീ മാതൃകയിൽത്തന്നെയായിരുന്നു പണിയിച്ചത്. കല്ലുപാലത്തിനടുത്താകട്ടെ, സൂപ്പർ മാർക്കറ്റ് സംവിധാനം ഇരുപതാം നൂറ്റാണ്ടിന്റെ അമ്പതുകളിൽത്തന്നെ അദ്ദേഹം ഏർപ്പെടുത്തി.

സിങ്കപ്പൂർ ജീവിത കാലത്തു മുസലിയാർ വാച്ചുറിപ്പയറിംഗ് പഠിച്ചിരുന്നു. കശുവണ്ടി ഫാക്ടറികളിലെ ക്ലോക്കുകളുടെ വാർഷിക റിപ്പയറിംഗ് സ്വന്തം മേൽനോട്ടത്തിൽത്തന്നെ നടത്തിയിരുന്നു. അദ്ദേഹം ആദ്യം വാങ്ങിയ വാഹനം സൈക്കിളായിരുന്നു. അത് റിപ്പയർ ചെയ്യുന്നതിന് ഒരു ഗുരുവുണ്ടായിരുന്നില്ല.

മുസലിയാർ എഴുതിയ പ്രായോഗികാദ്വൈതം, പ്രകൃതി നിയമം എന്ന കൃതിയിൽ പല ശാസ്ത്രീയ നിരീക്ഷണങ്ങളുമുണ്ട്. ജീവജാലങ്ങളുടെ ഉത്പത്തിയും ഗോളങ്ങളുടെ സഞ്ചാരവും ദിഗ്ഭേദങ്ങളും ഭൂതവർത്തമാന ഭാവികളുമൊക്കെ അദ്ദേഹം വിശകലനം ചെയ്തിട്ടുണ്ട്. ശാസ്ത്രാവബോധത്തിന്റെ ശതാവധാനിയായിരുന്നു തങ്ങൾകുഞ്ഞു മുസലിയാർ. ഒരു പരീക്ഷണത്തിൽ പരാജയപ്പെട്ടാലും മറ്റൊന്നിനുവേണ്ടി ആ മനസ്സ് ആവേശം കൊണ്ടിരുന്നു. പരീക്ഷണ വ്യഗ്രനായിരുന്നു അദ്ദേഹം.

19459

T.K.M. COLLEGE OF ARTS & SCIENCE LIBRARY KOLLAM-5

# വിജ്ഞാനത്തിന്റെ വിളക്കുമാടങ്ങൾ

വിജ്ഞാന സമ്പാദന വ്യഗ്രത മുസലിയാരെ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്നു. കൈവിട്ടുപോയ ഔപചാരിക വിദ്യാഭ്യാസത്തെക്കുറിച്ചുള്ള വേവലാതിയും ജീവിത പ്രയാണത്തിനിടയിൽ വേണ്ടത്ര വിദ്യാഭ്യാസമില്ലാത്തതുകൊണ്ട് നേരിടേണ്ടി വന്ന വിഷമസന്ധികളുമാവണം അതിനുള്ള കാരണങ്ങൾ. അദ്ദേഹം ജ്ഞാനാർജ്ജനത്തിൽ സദാജാഗരൂകനായിരുന്നു. എന്നാൽ വിദ്യാഭ്യാസ സേവനത്തിൽ പ്രത്യേക പ്രതിപത്തിയൊന്നും പ്രകടിപ്പിച്ചിരുന്നില്ല. കേവലം ആകസ്മികതകളിലൂടെയായിരുന്നു ഈ രംഗത്തു അദ്ദേഹം കടന്നു വന്നത്.

കാഞ്ഞിരപ്പള്ളിയിൽ ഒരു അറബിക് കോളേജ് ഉദ്ഘാടനം ചെയ്യാനൊരവസരം മുസലിയാർക്കു കൈ വന്നു. പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞതു മുസ്ലീങ്ങൾ മതവിദ്യാഭ്യാസത്തിൽ മാത്രം ശ്രദ്ധിച്ചാൽ മതിയാകുകയില്ലെന്നും സാമാന്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ഉണർന്നു പ്രവർത്തിക്കണമെന്നുമായിരുന്നു. മടക്കയാത്രയിൽ ആ പ്രസംഗം അദ്ദേഹത്തെ ചിന്താകുലനാക്കി. പ്രസംഗിച്ചാൽ മതിയോ പ്രവർത്തിക്കേണ്ടതല്ലേ എന്ന ചിന്ത അദ്ദേഹത്തെ അലട്ടി. ആയിടയ്ക്കായിരുന്നു ശ്രീ നാരായണ കോളേജിനു വേണ്ടി ഒരു ദിവസം കൊണ്ട് ഒരു ലക്ഷം രൂപ സംഭാവന സംഭരിക്കുക എന്ന സാഹസ സംരംഭത്തിന്റെ ഭാഗമായി മുസലിയാരെ സമീപിച്ചത്. അദ്ദേഹം നല്ലൊരു തുക നൽകി. ഒരു കോളേജ് സ്ഥാപിക്കുവാൻ തന്നെ അദ്ദേഹം തീരുമാനിച്ചു.

ഭാര്യാ സഹോദരനായ എ. എ. റഹിം, ജാമാതാവായ എം. കെ. എ. ഹമീദ്, എന്നിവരുമായി മുസലിയാർ കൂടിയാലോചിച്ചു. കിളികൊല്ലൂർ റയിൽവേസ്റ്റേഷനു സമീപം ചവറ ശങ്കരമംഗലം കുടുംബക്കാരുടെ വക 9 ഏക്കർ ഭൂമി ഒരു കോട്ടൺമിൽ സ്ഥാപിക്കാൻ വേണ്ടി വിലയ്ക്കു വാങ്ങാൻ അദ്ദേഹം നടത്തിയ ശ്രമം പരാജയപ്പെട്ടിരുന്നു. കുടുംബത്തിന്റെ പൊതു സ്വത്താകയാൽ അത് ഒരു വ്യക്തിയ്ക്കു തീറെഴുതിയാൽ വ്യവഹാരമുണ്ടാകാനിടയുണ്ടെന്നു പറഞ്ഞു കുടുംബനാഥൻ പിൻമാറിയതായിരുന്നു അതിനു കാരണം. ഈ സ്ഥലം കോളേജിനു വേണ്ടി വാങ്ങണമെന്നു മുസലി

യാർ നിർദ്ദേശിക്കുകയും ആ ചുമതല അന്നു മന്ത്രിയായിരുന്ന റഹീമിനെ ഏല്പിക്കുകയും ചെയ്തു. മുസലിയാരുടെ ദൗത്യവുമായി റഹീം ശ്രീ. കുമ്പളത്തു ശങ്കുപ്പിള്ളയെ സമീപിച്ചു. കുമ്പളത്തിന്റെ ഉപദേശനിർദ്ദേശങ്ങളനുസരിച്ചു ശങ്കരമംഗലം കുടുംബാംഗങ്ങളുടെ സമ്മതത്തോടെ ആ സ്ഥലം സർക്കാരിനെക്കൊണ്ട് അക്വയർ ചെയ്യിക്കാൻ അദ്ദേഹത്തിനു സാധിച്ചു.

ഇതിനിടയ്ക്കു മറ്റു മുസ്ലീം ധനാഢ്യരുടെ സഹായത്തോടെ ഒരു എഡ്യൂക്കേഷണൽ ട്രസ്റ്റ് രൂപീകരിക്കാനുള്ള ശ്രമങ്ങൾ മുസലിയാർ നടത്തിപ്പരാജയപ്പെട്ടു. അതുകൊണ്ടു തങ്ങൾകുഞ്ഞു മുസലിയാർ സ്വന്തം പേരിൽത്തന്നെ ട്രസ്റ്റ് രൂപീകരിച്ചു. തന്റെ ആദ്യശ്രമത്തിൽ സഹായിച്ചവരെ അദ്ദേഹം കൈവിട്ടില്ല. ട്രസ്റ്റിന്റെ ആജീവനാന്ത പ്രസിഡന്റ് മുസലിയാരായിരുന്നു. സെക്രട്ടറി കുറേക്കാലം റഹീമുമായിരുന്നു.

1956 ഫെബ്രുവരി 3 നു രാഷ്ട്രപതി രാജേന്ദ്രപ്രസാദ്, മുസലിയാർ കോളേജിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു. പ്രസംഗത്തിൽ അദ്ദേഹം കൂട്ടിച്ചേർത്തു – "മി. തങ്ങൾകുഞ്ഞു മുസലിയാരെപ്പോലെ നമ്മുടെ ധനികന്മാരെല്ലാം മുന്നോട്ടു വന്നെങ്കിൽ നമ്മുടെ പല പ്രശ്നങ്ങളും സ്വയം പരിഹൃതമാകുമായിരുന്നു. ധാരാളം പണം സമ്പാദിക്കുന്നതിൽ തെറ്റില്ല. അതു നല്ല കാര്യങ്ങൾക്കായി വിനിയോഗിക്കണം. ധനികന്മാർ ട്രസ്റ്റുകളായിരിക്കണമെന്നാണു ഗാന്ധിജി പറഞ്ഞിട്ടുള്ളത്. അവർ സമ്പത്തു സ്വന്തം സുഖത്തിനുവേണ്ടിയല്ല, മറ്റുള്ളവരുടെ സുഖത്തിനുവേണ്ടിയാണു വിനിയോഗിക്കേണ്ടത്."

ഒരു ട്രസ്റ്റിയുടെ ദൗത്യമാണു താൻ നിർവ്വഹിച്ചുപോരുന്നതെന്നു മുസലിയാർ പറയുമായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തെക്കുറിച്ച് അറിഞ്ഞിട്ടെന്നു തോന്നത്തക്കവണ്ണമായിരുന്നു ഈ പ്രസംഗമെന്ന് കൊല്ലം ബിഷപ്പു റൈറ്റ് റവ. ഡോ. ജറോം ഫെർണാണ്ടസ് പറയുകയുണ്ടായി. അദ്ദേഹം മുസലിയാരെ അലിഗർ എം. എ. ഒ. കോളേജ് സ്ഥാപിച്ച സർ സയ്യിദ് അഹമ്മദ് ഖാനോടു സാദൃശ്യപ്പെടുത്തുകയും ചെയ്തു. അന്നത്തെ പ്രഭാതം പത്രത്തിന്റെ സപ്ളിമെന്റിൽ എം. എ. സമദ് എഴുതിയിരുന്നതു ശ്രദ്ധേയമാണിവിടെ – "ജനസംഖ്യയിലും സാമ്പത്തിക ശേഷിയിലും സാക്ഷരത്വത്തിലും ഇതര സമുദായങ്ങളിൽനിന്നും ബഹുദൂരം പിന്നിൽ നിൽക്കുന്ന മുസ്ലീങ്ങളുടെ ഭാവി ശ്രേയസ്സിനെ കുറിക്കു

ന്ന ഒരു മഹാ സംഭവമാണിതെന്ന് അല്പം പോലും അതിശയോക്തി കൂടാതെ പറയാവുന്നതാണ്. അധഃപതനോന്മുഖമായിരുന്ന ഇന്ത്യൻ മുസ്ലീം സമുദായത്തെ സമുദ്ധരിക്കുവാൻ സർ സയ്യിദ് അഹമ്മദ് ഖാൻ അലീഗറിൽ എം. എ. ഓ. കോളേജ് സ്ഥാപിച്ച ചരിത്രപ്രധാനമായ സംഭവത്തെയാണ് ഈ ദിനം അനുസ്മരിപ്പിക്കുന്നത്."

കോളേജു മന്ദിരം രൂപ കല്പന ചെയ്തതു കേരളായൂണിവേഴ്സിറ്റിയിൽ ആർട്ടിസ്റ്റായിരുന്ന ശ്രീ. നീലകണ്ഠൻ നായരായിരുന്നു. മുഗൾ ശില്പ കലാ മാതൃക റഹീം നിർദ്ദേശിച്ചതായിരുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിട നിർമ്മാണത്തിന്റെ മേൽനോട്ടം വഹിച്ചു. കെട്ടിടം പണി വളരെ വേഗം പുരോഗമിച്ചുകൊണ്ടിരുന്നു. മുഴുവൻ ചിലവുകളും മുസലിയാർതന്നെ വഹിച്ചുപോന്നു. നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും അദ്ദേഹം ഇടപെട്ടിരുന്നില്ല.

കേരള സംസ്ഥാനത്തിന്റെ പിറവിക്കുശേഷം നടന്ന പൊതുതിരഞ്ഞെടുപ്പിനെത്തുടർന്നു ഇ. എം. എസിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റു മന്ത്രിസഭ അധികാരത്തിൽ വന്നു. വിദ്യാഭ്യാസമന്ത്രി പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയായിരുന്നു. എങ്കിലും റഹീം ആർട്സ് കോളേജിനുള്ള ശ്രമം തുടർന്നു. അത് ഒരു എഞ്ചിനീയറിംഗ് കോളേജിലേക്കു വഴി മാറിയ വസ്തുത മുണ്ടശ്ശേരി തന്നെ വിവരിച്ചിട്ടുണ്ട്.

"കോൺഗ്രസ് എം. എൽ. എ ആയിരുന്ന ശ്രീ എ. എ. റഹീം ഒരു ദിവസം എന്റെ അടുത്തു വന്നു കൊല്ലത്തിനരികെ കിളികൊല്ലൂരിൽ ശ്രീ തങ്ങൾകുഞ്ഞു മുസലിയാരുടെ ആദ്യവസാനത്തിൽ ഒരു മുസ്ലീം ആർട്സ് കോളേജ് തുടങ്ങുന്നതിനെ സംബന്ധിച്ചു സംസാരിക്കുകയും എന്റെ സഹായം തേടുകയുമുണ്ടായി. കിളികൊല്ലൂരിൽ അപ്പോൾത്തന്നെ നാലഞ്ചു ലക്ഷം ഉറുപ്പിക ചെലവാക്കി കോളേജിനുവേണ്ടി കെട്ടിടം പണി നടത്തിക്കൊണ്ടിരിക്കയായിരുന്നു. കൊല്ലം മേഖലയിൽ ഈഴവർക്ക് ഒരു എസ്. എൻ കോളേജും കത്തോലിക്കർക്ക് ഒരു ഫാത്തിമാകോളേജും ഉണ്ടായിരുന്ന സ്ഥിതിക്കു മുസ്ലീം സമുദായത്തിനും ഒരു കോളേജ് വേണമെന്നായിരുന്നു ശ്രീ. മുസലിയാരുടെയും മറ്റും മനോരാജ്യം. അതിനുവേണ്ടി ഗവണ്മെന്റിന്റെ പേർക്കെന്റെ ശുപാർശ യൂണിവേഴ്സിറ്റിയിലേക്കു വേണമെന്നായിരുന്നു ശ്രീ. റഹീമിന്റെ നിർദ്ദേശം.

ഉടനെ ഞാൻ സംഭാഷണം തിരിച്ചു വിട്ടതിപ്രകാരമാണ്:

'മി. റഹീം, ആർട്സ് കോളേജിപ്പോൾതന്നെ വേണ്ടതില ധികമായി. കൊല്ലത്തിനി നിങ്ങളുടെ വകയായി മറ്റൊരു കോളേ ജേർപ്പെടുത്തിയാൽ വിശേഷിച്ചൊരു നേട്ടമാവില്ല. ഞാൻ മറ്റൊന്നു പറയാം: മുസലിയാരുടെ ട്രസ്റ്റിൽ എട്ടുപത്തു ലക്ഷം ഉറുപ്പിക ഉണ്ടാ കുമെന്നല്ലേ പറഞ്ഞത്? അതിനുപുറമേ, പണി തീർന്നടത്തോളം കെട്ടിടവുമുണ്ടല്ലോ. എന്തുകൊണ്ടവിടെ തനിക്ക് ഒരു പ്രൈവറ്റ് എഞ്ചിനീയറിങ്ങ് കോളേജിനു വേണ്ടി ശ്രമിച്ചു കൂടാ?'

എന്റെ ചോദ്യം അദ്ദേഹത്തെ പെട്ടെന്നസ്ഥാളിപ്പിച്ചു കള ഞ്ഞു. അദ്ദേഹം ഉടനെ ചോദിച്ചതിങ്ങനെയാണ്: 'അതു ഭാരി ച്ചൊരു കാര്യമല്ലേ? പെട്ടെന്നുണ്ടോ നിറവേറ്റാൻ പറ്റുന്നു?'

'ഏയ്, അത്രയൊന്നും അസ്ഥാളിക്കാനില്ല, പ്രൈവറ്റ് സെക്ട റിൽ ഒന്നുരണ്ടെഞ്ചിനീയറിംങ് കോളേജാരംഭിക്കാൻ പ്രൊവിഷനു ണ്ട്. ആകെ എസ്റ്റിമേറ്റ് 30 ലക്ഷമാണ്. അതിൽ പകുതി ഗവണ്മെ ന്റെടുക്കും. പകുതിക്കേ നിങ്ങളുത്തരവാദപ്പെടേണ്ടു.'

അത്രയും കേട്ടപ്പോൾ അദ്ദേഹത്തിന്റെ ആശയ്ക്കു നാമ്പു ണ്ടായി.

എന്നാലും അനുവാദമൊക്കെ കിട്ടി കോളേജാരംഭിക്കുമ്പോ ഴേയ്ക്കും കാലം കുറെ പിടിക്കില്ലേ? ശ്രീ. റഹിം ചോദിച്ചു.

ഈ ചോദ്യത്തിന്റെ പിന്നിൽ ശ്രീ. റഹിമിന്റെ ഒരു സംശയം കിടന്നു കളിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് മന്ത്രിസഭയ്ക്കെത്ര മാസത്തെ ആയുസ്സുണ്ടാവും? അതായിരിക്കണം അദ്ദേഹത്തിനാശങ്ക. അതിനെ കടത്തിവെട്ടിക്കൊണ്ടു ഞാനിങ്ങനെ പറഞ്ഞു:

അത്രയേറെ കാത്തിരിക്കാനൊന്നുമില്ല. ഇന്നു വൈകി ട്ടെന്റെ കാറിൽ താങ്കൾ കിളികൊല്ലൂരോളം വരുന്നോ? എനിക്ക് ആ പണി തീർന്നിടത്തോളം കെട്ടിടമൊന്നു കണ്ടാൽക്കൊള്ളാം. കോളേജാരംഭിക്കാൻ വേണ്ടത്ര സൗകര്യമുണ്ടെന്നിരിക്കട്ടെ, ഉടനെ നമുക്കുപ്ലൈചെയ്യാം. മുസലിയാരെക്കൊണ്ടൊരണ്ടർടേക്കിങ്ങ് തരീ ച്ചാൽ മതി.

എന്റെ കാറിൽ ഒന്നിച്ചു കൊല്ലം വഴി പോകാൻ അന്നത്തെ രാഷ്ട്രീയകാലാവസ്ഥയിൽ വളരെ സംശയിക്കേണ്ടിയിരുന്നു ശ്രീ. റഹീമിന്. എന്നാൽ എന്റെ വാക്കുകളിലടങ്ങിയ പ്രലോഭനം, നിര

സിക്കാൻ കഴിയാഞ്ഞതിനാൽ എന്റെ നിർദ്ദേശമനുസരിച്ചന്നുതന്നെ പോയ്ക്കളയാം എന്നേറ്റു അദ്ദേഹം. വൈകിട്ടു ഞങ്ങളൊന്നിച്ചു കിളികൊല്ലൂരോളം പോയി. കെട്ടിടം പണിയും സജ്ജീകരണങ്ങളുമെല്ലാം കണ്ടപ്പൊഴെനിക്കുത്സാഹമായി. മടക്കം വഴി ഞങ്ങൾ മുസലിയാരുടെ വീട്ടിൽ കയറി. എല്ലാ കാര്യങ്ങളും കലവറയില്ലാതെ സംസാരിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തിനുത്സാഹമായി. കിളികൊല്ലൂർ എഞ്ചിനീയറിംങ് കോളേജിനുള്ള അപേക്ഷ പിറ്റേന്നെന്റെ പക്കൽ എത്തിച്ചുകൊള്ളാമെന്നുള്ള വാഗ്ദാനം കിട്ടിയതിനുശേഷമേ ഞങ്ങൾ തിരുവനന്തപുരത്തേക്കു മടങ്ങിയുള്ളു. എന്റെ സെക്രട്ടറി ശ്രീ. പി.കെ. നമ്പ്യാരുടെ സഹായത്തോടുകൂടി രണ്ടുമൂന്നു ദിവസത്തിനകം കേന്ദ്രത്തിലേക്കയയ്ക്കേണ്ട ആപ്ലിക്കേഷൻ തയ്യാറായി. ഗവണ്മെന്റിനു വേണ്ടി എന്റെ ഡിപ്പാർട്ടുമെന്റിൽനിന്നതിനെ സമാദരിച്ചെഴുതുകയും ചെയ്തു. അന്നു കേന്ദ്ര സർക്കാരിൽ ടെക്കനിക്കൽ എജ്യൂക്കേഷൻ കൈകാര്യം ചെയ്തിരുന്നത് പ്രൊഫസർ ഹുമയൂൺ കബീറാണ്. നേരിട്ടു പരിചയമുള്ളതിനാൽ ഞാൻ, ആപ്ലിക്കേഷന്റെ പിന്നാലെ സ്വന്തം നിലയിൽ അദ്ദേഹത്തിനൊരു കത്തെഴുതുകയും ശ്രീ. റഹീമിനോടുടനെ ഡൽഹിയിൽ പോയി അദ്ദേഹത്തെ കാണാൻ നിർദ്ദേശിക്കുകയും ചെയ്തു. നെയ്യേറിയാലപ്പത്തിനു കേടില്ലല്ലോ എന്നു കരുതി ശ്രീ. പി. കെ. നമ്പ്യാരെയും ഡൽഹിക്കയച്ചു. അധികം വൈകാതെ തന്നെ, ചുരുക്കിപ്പറയട്ടെ ഞാനിച്ചെയ്തതെല്ലാം കുറിക്കു കൊള്ളുകയും ഉടനെ ഒന്നാം കൊല്ലത്തെ എഞ്ചിനീയറിംങ് കോഴ്സിന് ഒരു ബാച്ചു കുട്ടികളെ തിരഞ്ഞെടുത്ത് ആട്സ് കോളേജിലേയ്കയയ്ക്കാൻ കേന്ദ്ര സെക്രട്ടറിയേറ്റിൽനിന്നു വാക്കാലനുമതി ലഭിക്കുകയുമുണ്ടായി. രേഖാമൂലം പിന്നീടനുമതി കിട്ടിയതിനുശേഷം കിളികൊല്ലൂർ എഞ്ചിനീയറിംഗ് കോളേജിന്റെ ഔപചാരികമായ ഉദ്ഘാടനം ആർഭാടത്തോടുകൂടി നടന്നു. ഉദ്ഘാടകൻ പ്രൊഫസർ കബീർതന്നെയായിരുന്നു. മുസലിയാർ ട്രസ്റ്റിനൊരെഞ്ചിനീയറിങ് കോളേജ് അനുവദിക്കണമോ എന്നിടങ്കോലിടാൻ ചുരുക്കം ചില കമ്മ്യൂണിസ്റ്റുകൾ ഒരുമ്പെട്ടെങ്കിലും പെട്ടെന്നങ്ങനെയൊരു സ്ഥാപനമുണ്ടായിക്കിട്ടിയതിൽ ഇ. എം. എസ്സിനെപ്പോലുള്ള നേതാക്കന്മാർ സന്തോഷിച്ചതേയുള്ളു. അവരെല്ലാം തന്നെ ഉദ്ഘാടനത്തിൽ സന്നിഹിതരായിരുന്നു.

1958 ജൂലൈ 3നു കേന്ദ്ര മന്ത്രി ഡോ. ഹുമയൂൺ കബീർ തങ്ങൾ കുഞ്ഞു മുസലിയാർ എഞ്ചിനീയറിംഗ് കോളേജ് ഉദ്ഘാ

ടനം ചെയ്തു. അദ്ധ്യക്ഷൻ കേരളാ ഗവർണർ ഡോ. രാമകൃഷ്ണ റാവുവായിരുന്നു. കേരളമുഖ്യമന്ത്രി സ. ഇ. എം. എസ്. നിയമ മന്ത്രി വി. ആർ. കൃഷ്ണയ്യർ, പൊതുമരാമത്തു മന്ത്രി സ. ടി. എ. മജീദ് എന്നിവരും സമ്മേളനത്തിൽ സംബന്ധിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ കേന്ദ്രമന്ത്രി മുസലിയാരുടെ സേവനം വാഴ്ത്തുകയുണ്ടായി.

ഈ കോളേജ് കേരളത്തിൽ സ്വകാര്യ മേഖലയിലുള്ള ആദ്യത്തെ എഞ്ചിനീയറിംഗ് കോളേജ് ആണ്. പൂർണ്ണമായും വ്യക്തി മാനേജ്മെന്റാണ് ഭരണം നടത്തുന്നതും. ഒരു ട്രസ്റ്റിന്റെ മേൽവിലാസമുണ്ടെന്നേയുള്ളു.

പ്രഥമ പ്രിൻസിപ്പാൾ മദ്രാസ് ഗവ. ഗിണ്ടി എഞ്ചിനീയറിംഗ് കോളേജിൽ നിന്നു വിരമിച്ച മേജർ മോർളിയായിരുന്നു. ആദ്യ വർഷം 120 വിദ്യാർത്ഥികൾക്കു പ്രവേശനം നൽകി. വിദ്യാർത്ഥി പ്രവേശനത്തിനും അദ്ധ്യാപകനിയമനത്തിനും 'തലവരിപ്പണം' ഈടാക്കരുതെന്ന് മുസലിയാർ കർശന നിർദ്ദേശം നൽകിയിരുന്നു. അത് പാലിച്ചു പോന്നിരുന്നു. 1990 ആയപ്പോഴേക്കും കോഴ്സുകൾ 15 ആയും അദ്ധ്യാപകർ 188 ആയും വർദ്ധിച്ചു. വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും വിദേശവിദ്യാർത്ഥികൾക്കും വേണ്ടി പ്രത്യേകം പ്രത്യേകം ഹോസ്റ്റലുകൾ, സുസജ്ജമായ ലാബോറട്ടറികളും വർക്ക്ഷോപ്പുകളും ലൈബ്രറികളും വളരെ വേഗം സ്ഥാപിച്ചു. കോളേജിന് അന്താരാഷ്ട്ര പ്രസിദ്ധി കൈവന്നു.

ആർട്സ് കോളേജ് സ്ഥാപിക്കാനുള്ള തീരുമാനത്തിൽനിന്നു മുസലിയാർ വ്യതിചലിച്ചില്ല. അതിനുവേണ്ടി പ്രവർത്തനം തുടരാൻ അദ്ദേഹം റഹീമിനു നിർദ്ദേശം നൽകി. റഹീമിനെ ട്രസ്റ്റു സെക്രട്ടറി സ്ഥാനത്തുനിന്നും നീക്കിയതിനെ ത്തുടർന്ന് അദ്ദേഹം തന്നെ ശ്രമം തുടർന്നു. 1965–66 അദ്ധ്യയന വർഷം ആദ്യം തന്നെ ടി. കെ. എം. ആർട്സ് ആന്റ് സയൻസ് കോളേജിന്റെ (ജൂനിയർ കോളേജ്) പ്രവർത്തനം എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ചു. പേരൂർ വലിയവിളപുത്തൻ വീട്ടിൽ വി. പാച്ചൻപിള്ളയുടെ വീടും പുരയിടവും വിലയ്ക്കു വാങ്ങി. 1965 ജൂൺ 24 നു തന്നെ അവിടെ ശിലാസ്ഥാപനം നടത്തി. അന്നത്തെ കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. സാമുവൽ മത്തായി അതു നിർവ്വഹിച്ചു. ആദ്യത്തെ പ്രിൻസിപ്പാൾ പ്രൊഫ. സെയ്ദു മുഹിയിദ്ദീൻഷാ

ആയിരുന്നു. രണ്ടു പതിറ്റാണ്ടിനു ശേഷം മാത്രമായിരുന്നു അത് ഫസ്റ്റ് ഗ്രേഡ് കോളേജായിത്തീർന്നത്.

കോയിയ്ക്കൽ ഗവ. പ്രൈമറി സ്ക്കൂൾ അപ് ഗ്രേഡു ചെയ്യുന്നതിനു ക്ലാസ്സു മുറി സൗകര്യം ആവശ്യമായിത്തീർന്നു. അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ പ്രസിഡന്റായിരുന്ന മുസലിയാർ സ്വന്തം ചിലവിൽ ആറു ക്ലാസ്സുമുറികൾക്കുള്ള ഒരു ഹാൾ നിർമ്മിച്ചു സംഭാവന ചെയ്തു. ആറു ക്ലാസ്സിനാവശ്യമായ ബഞ്ചും, ബ്ലാക്കു ബോർഡും മേശയും കസേരയും കൂടി അദ്ദേഹം സൗജന്യമായി നൽകി. കെട്ടിടത്തിന്റെയും ഉപകരണങ്ങളുടെയും തടി തേക്കു മാത്രം. ഈ സ്ക്കൂളിലെ ഏറ്റവും ഉറപ്പും ഭംഗിയുമുള്ള ഹാൾ ഇതാണ്.

മുസലിയാർ വിദ്യാഭ്യാസ സേവനത്തിനു തുടക്കം കുറിച്ചത് ആശാൻ കളരിപണിതു കാവനാട്ടാശാനു നൽകികൊണ്ടായിരുന്നു. ആശാൻ അന്തരിച്ചതോടെ അതിന്റെ പ്രവർത്തനം നിലച്ചു പോയി.

മുസലിയാർ മരിച്ച് ഒരു പതിറ്റാണ്ട് കഴിഞ്ഞപ്പോഴേക്കും ആ ആദർശങ്ങൾക്കു പരിക്കു പറ്റി.

# സ്വഭാവത്തിന്റെ സൂചനകൾ

തങ്ങൾകുഞ്ഞു മുസലിയാർ ഒരു വിചിത്രാദ്വൈത വ്യക്തിത്വത്തിന്റെ ഉടമയാണ്. കശുവണ്ടി വ്യവസായി – ഭൂവുടമ എന്നീ യുഗ്മം പരസ്പരം സമഞ്ജസമായി സമന്വയിപ്പിച്ചു കുത്തക മുതലാളിയായിത്തീർന്നതാണ് ആ വ്യക്തിത്വം. ആത്മീയത – ഭൗതികത, മതാത്മകത – മതേതരത്വം, മുതലാളി ശാഠ്യം – ആർദ്രഭാവം എന്നിത്യാദി ദ്വന്ദങ്ങളുടെ സംഘർഷമാനവും അതിനുണ്ട്. കഠിനാദ്ധ്വാനത്തിന്റെ തീവ്രാനുഭവങ്ങളിലൂടെ കടന്നു പോന്ന അദ്ദേഹം തൊട്ടതൊക്കെ പൊന്നാക്കി.

തിരുവിതാംകൂർ ദിവാൻ സർ. സി. പി. യും മുസലിയാരുടെ ഉറ്റമിത്രമായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ശ്രീ. മുസലിയാർ ഒരു ഇസ്ലാമിക സോഷ്യലിസ്റ്റാണ്

"It gives me genuine pleasure to come here and visit this institution, and especially to address the students, who have proposed to enter the engineering profession. I have known Mr. Musaliar for several years. My contact with Travancore started in an administrative or quasi administrative capacity as early as 1931, and ever since that time I have found in Mr. Musaliar a true friend, one who was never slow in advancing and supporting a good cause, one, who was a great business man but at the same time realised the message of his own prophet, that a man is a trustee and essentially a trustee for the public. It may not be known to many of you, who study the present day journals, and hear so much about the socialistic pattern of society and of the tendency towards socialism, it may not be within your knowledge that, perhaps, the greatest socialist who ever lived was Prophet Mohamed. I do not know whether you are aware that according to the Koran, no man, no family can continue to be rich for more than two or three genertions. Very Specitie provisions were made, that during the life time of a person, a certain definite proportion of his earnings and savings should be devoted to what in Muslim Law is called, Zakaath, namely a kind of fund for charity for the relief of the distressed. Not only was that so, but the idea of Prophet Mohamed was that some property should go to his son, daughters, father, mother, grand father, grandmother, uncle, nephew, and so on and so forth, so that no rich man, however rich he may be, after three generations, would have any big funds at his disposal. Mr. Musaliar in his own life time earned a great deal and has spent a great deal wisely. It was really socialism put into very vigorous practice. This institution founded by him is a monument to his liberality as well as to his farsighted philanthropy and I have great pleasure to visit this institution.'

# ഈ വാദഗതി അതിവിദഗ്ദ്ധം തന്നെ

എന്തായിരുന്നു തങ്ങൾകുഞ്ഞ് മുസലിയാരുടെ സംഭാവനാനയം? സംഭാവനയ്ക്കു സമീപിച്ചവരെ വെറും കയ്യോടെ വിട്ടിരുന്നില്ല. പ്രാദേശിക പിരിവിന് മുൻഗണന നൽകിപ്പോന്നു. സൗഹൃദവും പരിഗണിക്കുമായിരുന്നു. ഇക്കാര്യത്തിൽ വേറേ വിവേചനമൊന്നും ഇല്ലായിരുന്നു. ജാതിമത കക്ഷിവ്യത്യാസമൊന്നും അദ്ദേഹം കണക്കിലെടുത്തില്ല. മുസ്ലീമായിരുന്നിട്ടും അമുസ്ലീങ്ങൾക്കു സംഭാവന നൽകിയിരുന്നില്ലേ. തനിക്കെതിരെ സമരം ചെയ്തിട്ടും എല്ലാരാഷ്ട്രീയ കക്ഷികളുടേയും തെരഞ്ഞെടുപ്പു ഫണ്ടിനോട് നിഷേധനയം അവലംബിച്ചില്ല. പുരോഗമന സാഹിത്യസംഘടനയുടെ കൊല്ലം സമ്മേളനത്തിന് മുസലിയാർ സംഭാവനചെയ്തത് 500 രൂപയായിരുന്നു.

മുസലിയാരുടെ പ്രായോഗികാദ്വൈതത്തിൽ മതേതരത്വത്തിന്റെ മാറ്റുരച്ചിട്ടുണ്ട്. അദ്ദേഹം എസ്.എൻ.ഡി.പി. യോഗത്തിലും ശ്രീനാരായണട്രസ്റ്റിലും അംഗത്വം സ്വീകരിച്ചു. എസ്.എൻ.ട്രസ്റ്റിന്റെ ഡയറക്ടർബോർഡിലെ അംഗമായിതെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ മുസ്ലീം അദ്ദേഹമായിരുന്നു. കൊല്ലം നഗരത്തിലെ കർബലാ മൈതാനത്തിന്റെ കൈവശാവകാശത്തെ കുറിച്ച് മുസ്ലീംകളും കത്തോലിക്കരും തമ്മിൽ വിവാദം ഒരവസരത്തിൽ സംഘട്ടനത്തിന്റെ വക്കോളമെത്തി. കൊല്ലം ബിഷപ്പു പ്രശ്നം മുസലിയാരുടെ മദ്ധ്യസ്ഥതയ്ക്കുവിടണമെന്ന് നിർദ്ദേശിക്കത്തക്കവിധം അദ്ദേഹം മറ്റു മതസ്ഥരുടെ അംഗീകാരവും ആദരവും നേടി.

ഇസ്ലാമിലെ അടിസ്ഥാന വിശ്വാസത്തിനു വിരുദ്ധമാണ് അദ്വൈതദർശനം. അതു തന്റെ ഒരു ഗ്രന്ഥത്തിന്റെ നാമധേയമാക്കിയ വിശ്വാസസഹിഷ്ണുതയുടെ വേര് എത്രത്തോളം ആഴത്തിലായിരിക്കണം? അദ്ദേഹം ആ കൃതിയിൽ ഏക ദൈവവിശ്വാസത്തിന് അടിവരയിട്ടിട്ടുമുണ്ട്. ലോകമാകമാനം നിറഞ്ഞിരിക്കുന്ന ഒരേ ശക്തിയുടെ വിശേഷത്തെ (മാഹാത്മ്യത്തെ) ദൈവമെന്നു കൽപ്പിക്കാവുന്നതാണ്. ദൈവം, കടവുൾ, ഗോഡ്, അല്ലാഹു ഇങ്ങനെയും മറ്റും പറയുന്നത് ഒറ്റവാക്കായിട്ടുപയോഗിക്കുന്നതിനും ഭക്തിയായി വിചാരിക്കുന്നതിനും ഏറ്റവും പറ്റിയതാകുന്നു.

ഖുർ ആനിലോ, ഹദീതിലോ, മറ്റുമത ഗ്രന്ഥങ്ങളിലോ എന്ന് ഒരു പ്രമാണവും അദ്ദേഹം ഈ കൃതിയിൽ ചൂണ്ടിക്കാട്ടിയിട്ടില്ല. മതമൗലിക വാദത്തിന്റെ ഒരു ചിഹ്നവും പതിഞ്ഞിട്ടില്ല. വിശ്വാസ സഹിഷ്ണുതയുടെ മാറ്റുരച്ചുകാണിച്ചിട്ടുണ്ടുതാനും. ഗ്രന്ഥനാമധേയത്തിൽ പ്രായോഗികാദ്വൈതത്തിന്റെ സാന്നിദ്ധ്യമുണ്ടല്ലോ എന്ന സംശയത്തിനു സാംഗത്യമുണ്ട്. എന്നാൽ പ്രായോഗികാദ്വൈതതാചാര്യന്മാരായ ചട്ടമ്പിസ്വാമികളുടേയും ശ്രീനാരയണ ഗുരുസാമികളുടേയും ആശയങ്ങളുടെ അനുരണനംപോലും ഈ കൃതിയിലില്ല. സ്വാനുഭവങ്ങളുടേയും അറിവിന്റെയും അടിസ്ഥാനത്തിലുള്ള അവലോകനത്തിന് മതേതരത്വമാണുള്ളത്.

അദ്ദേഹത്തിന്റെ ഫാക്ടറികളിലും കോളേജുകളിലും തോട്ടങ്ങളിലും മറ്റുസ്ഥാപനങ്ങളിലുമെല്ലാം മുസ്ലിം ഭൂരിപക്ഷപ്രദേശമായിരുന്നിട്ടും എൺപതോളം ശതമാനം ജോലിക്കാരും അമുസ്ലീങ്ങളായിരുന്നു. ഇതിനെക്കുറിച്ച് മുസ്ലീങ്ങൾ പലപ്പോഴും പരാതി പറഞ്ഞിട്ടുണ്ട്. അപ്പോഴൊക്കെ മുസലിയാർ പറഞ്ഞത് മതമല്ല കഴിവും വിശ്വസ്ഥതയുമാണ് തൊഴിൽ നൽകിയതിന്റെ മാനദണ്ഡങ്ങൾ എന്നായിരുന്നു.

വ്യവസായ കാർഷിക രംഗങ്ങളിൽ അദ്ദേഹം കൊയ്തുകൂട്ടിയ നേട്ടങ്ങൾ സാമൂഹിക വിപ്ലവത്തിനും ഇടയാക്കി. അദ്ദേഹത്തിന്റെ മതേതര ദർശനവും കാര്യക്ഷമതയും സത്യസന്ധതയും. സാഹസികതയും പ്രശംസാർഹമായിരുന്നു. അസംസ്കൃത വസ്തുക്കളുടെ സംഭരണത്തിലും സംസ്ക്കരണത്തിലും വിപണനത്തിലും ഉണ്ടായിരുന്ന കാര്യക്ഷമത അത്യപൂർവ്വമായിരുന്നു. അവയുടെ നടത്തിപ്പിലെ സൂക്ഷ്മചലനങ്ങൾപോലും അദ്ദേഹം നിരീക്ഷിച്ചിരുന്നു. ഓരോ സ്ഥാപനത്തിലേയും ജോലിക്കാരുടെ എണ്ണവും സ്റ്റോക്കും അദ്ദേഹത്തിന്റെ ഓർമ്മത്തുമ്പിൽ ഉണ്ടായിരുന്നു. അന്നന്നത്തെ വരവുചിലവു കണക്കുകളും എല്ലാ ബാങ്കുകളിലേയും ആസ്ഥി ബാദ്ധ്യതകളും കയറ്റുമതിയുടേയും ഇറക്കുമതിയുടേയും രാജ്യാന്തര ചരക്കുനീക്കത്തിന്റേയും ഒക്കെ എല്ലാ വിവരങ്ങളും കൃത്യമായിത്തന്നെ മനസ്സിൽ സൂക്ഷിക്കാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. രണ്ടാം ലോക മഹായുദ്ധകാലത്ത് കയറ്റുമതിയുടെ ഇൻഷുറൻസ് സംരക്ഷണം ഗവൺമെന്റ് പിൻവലിച്ചു. മറ്റുവ്യവസായികളെല്ലാം കയറ്റുമതിയിൽനിന്നും വിട്ടുനിന്നു. മുസലിയാർ വൻതോതിൽ കയറ്റുമതി നടത്തുകയും കോടിക്കണക്കിനു രൂപാ സമ്പാദിക്കുകയും ചെയ്തു. ഈ സാഹസികത എക്കാലത്തും അദ്ദേഹ

ത്തിനുണ്ടായിരുന്നു. ക്വയിലോൺ നാഷണൽബാങ്കിൽനിന്നെടുത്തിരുന്ന തുകയും തിരിച്ചടച്ചു. സത്യസന്ധനായിരുന്നു മുസലിയാർ.

മുസലിയാർ മുൻകോപി ആയിരുന്നെങ്കിലും വിഷമഘട്ടങ്ങളിൽ അക്ഷോഭ്യനായിരുന്നു. ഇടതുകാലും വലതുകാലും തളർന്ന് പരാശ്രയത്താൽ മാത്രം ജീവിതചര്യകൾ അനുഷ്ടിക്കേണ്ട ഘട്ടത്തിൽപോലും അദ്ദേഹം കർമ്മനിരതനായിരുന്നു. ആയുർവേദവും യുനാനിയും പ്രകൃതി ജീവനവും ചികിത്സകളെ കൂടാതെ അലോപ്പതിയും മാറിമാറി പരീക്ഷിച്ചതിനു ശേഷം കൂടുതൽ വിദഗ്ദ്ധമായ അലോപ്പതി ചികിത്സയ്ക്കു പോലും വഴങ്ങാത്ത ഉരുക്കുമനുഷ്യനായിരുന്നു അദ്ദേഹം. ശരീരവും മനസ്സും ഉരുക്കുപോലെ തന്നെ.


വ്യാവസായികാവശ്യങ്ങൾക്കുവേണ്ടി പലവട്ടം അദ്ദേഹം വിദേശയാത്ര നിർവ്വഹിച്ചു. ഏറ്റവും അധികം യാത്രചെയ്തത് അമേരിക്കയിലായിരുന്നു. വിദേശ രാജ്യങ്ങളിൽ അദ്ദേഹം വിശ്വസ്തനായിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും മൂത്തമകൻ ടി.കെ ഷഹാൽ ഹസ്സൻ മുസലിയാർ എഴുതിയ ഒരു കാര്യം ഈ വസ്തുത വെളിപ്പെടുത്തുന്നുണ്ട്. "ബാപ്പ മരിച്ചു കുറേനാൾ കഴിഞ്ഞപ്പോൾ കശുവണ്ടി ഇറക്കുമതിയുമായി ബന്ധപ്പെട്ടു വ്യവസായികളെ കാണുന്നതിനു റഷ്യയിൽനിന്നുള്ള സംഘം കൊല്ലത്തെത്തി. കാഷ്യൂ ക്ലബ്ബിൽ അവർക്കു നൽകിയ സ്വീകരണയോഗത്തിൽ റഷ്യയുടെ ബോംബയിലെ ട്രേഡ് റപ്രസെന്റിറ്റീവ് ആഫ്രോണിൽ മറ്റു വ്യവസായികളോടു പറഞ്ഞത് ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നു. "നിങ്ങൾ ബിസിനസ് ചെയ്യുന്നെങ്കിൽ മുസലിയാർ ചെയ്യുന്നതുപോലെ ചെയ്യു. അദ്ദേഹം ഒരിക്കലും ചരക്കയക്കുന്നതിന് കാലതാമസം വേണമെന്നോ റദ്ദാക്കണമെന്നോ ആവശ്യപ്പെട്ടിട്ടില്ല".

അസ്വസ്ഥതയിലും അദ്ദേഹം ഫലിത രസികനായിരുന്നു. ബലരാമൻ വെറും മുസലി, താനോ മുസലിയാർ; തലേക്കെട്ടുന്നത് തലയുള്ളതുകൊണ്ട്; മനുഷ്യരിൽ മുട്ടയിടുന്നവരാണദ്ധ്യാപകർ; പണം കായ്ക്കുന്നമരമുണ്ടാകാൻ വിത്തിനുള്ളിൽ പണംവെച്ചുകുഴിച്ചിട്ടാൽ മതി. ഇവ ചില അനുഭവങ്ങൾമാത്രം.

T.K.M. COLLEGE OF ARTS & SCIENCE
LIBRARY
19459

# എ. തങ്ങൾകുഞ്ഞുമുസലിയാർ

## പ്രൊഫ. പി. മീരാക്കുട്ടി



അപസർപ്പകകഥപോലെ ചുരുളഴിഞ്ഞുവരുന്ന ഒരു ജീവിതം. മായാദാസനെപ്പോലെ തൊട്ടതൊക്കെ പൊന്നാക്കുകമാത്രമല്ല അന്നമാക്കുകയും ചെയ്ത നിത്യഹരിതജീവിതം. അത്ഭുതാദരങ്ങൾ ഉണർത്തിയ ഒരപൂർവ്വ ജീനിയസ്സിന്റെ പശ്ചിമാബ്ധി മുതൽ പൂർവ്വാദ്രിവരെ പടർന്നുകയറി വിപ്ലവം വിതച്ച ബിസിനസ്സുകാരന്റെ ജീവിതം അതായിരുന്നു. തങ്ങൾകുഞ്ഞുമുസലിയാർ എന്നമഹൽവ്യക്തി. അദ്ദേഹത്തിന്റെ ജീവചരിത്രം സുലളിതമായ ഭാഷയിൽ അവക്രവും അനുക്രമവുമായി സംഗ്രഹിച്ചിരിക്കുന്നു. നിഷ്പക്ഷവും നിപുണവുമാണ് ഗ്രന്ഥകാരന്റെ സമീപനം.

എസ്.റ്റി. റെഡ്യാർ ഇ & സി ട്രസ്റ്റ് പ്രസിദ്ധീകരണം.